
ഡിസംബർ 2018
Price ₹ 25
ജീവനും വെളിച്ചവും
സംഘടിക്കാം ശക്തരാകാം...



വിശുദ്ധ നാട്
തീർത്ഥാടനം
8 രാവുകൾ 9 പകലുകൾ
മംഗളം ടൂർസ് & ട്രാവൽസ് മുഖേന നിങ്ങൾക്ക് വിശുദ്ധ നാട്ടിലേക്ക് ഒരു തീർത്ഥയാത്ര... ആത്മീയാനുഭൂതിയുടെ ഉന്നതശ്രേണി നിങ്ങൾക്കായി കാത്തിരിക്കുന്നു.
രാജ്യങ്ങൾ : ഈജിപ്ത് – ഇസ്രായേൽ
പാലസ്തീൻ – ജോർദാൻ
ആകർഷക ഘടകങ്ങൾ :
• എല്ലാ മാസവും യാത്രകൾ
• യാത്രകളിലെ എല്ലാ ദിവസവും കുർബാന
• എല്ലാ ചിലവുകളും ഉൾപ്പെട്ട പാക്കേജ്
• പുരോഹിതൻ നിങ്ങളെ അനുഗമിക്കുന്നു
യൂറോപ്പിലേക്ക്
ഒരു തീർത്ഥാടനം
15 രാവുകൾ 14 പകലുകൾ
പ്രധാന സ്ഥലങ്ങൾ:
വത്തിക്കാൻ, അസ്സീസി ലൂർദ്സ്,
ഫാത്തിമ, അവില, സാൻ ഗയോവനി
രാജ്യങ്ങൾ :
ഇറ്റലി – ഫ്രാൻസ് – സ്പെയിൻ
പോർച്ചുഗൽ – സ്വിറ്റ്സർലണ്ട്
യാത്ര : ഏപ്രിൽ, മേയ്, സെപ്തംബർ
ഒക്ടോബർ ... മാസങ്ങളിൽ
മറ്റു സേവനങ്ങൾ
ടിക്കറ്റുകൾ, വിസകൾ, ടൂർ പാക്കേജുകൾ
അറ്റസ്റ്റേഷനുകൾ, പാസ്പോർട്ട്
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക :
094471 50070, 080866 77966
089395 08477, 098460 50020
മംഗളം
ട്രാവൽ & ടൂർസ്
രജിസ്റ്റേർഡ് ഓഫീസ്: 5, 6, ഒന്നാം നില, ഔവർ ടവർ, വെള്ളയമ്പലം, ശാസ്തമംഗലം, തിരുവനന്തപുരം – 695010
ശാഖകൾ : നാഗർകോവിൽ, മാർത്താണ്ഡം, മധുര, ചെന്നൈ. ഉടൻ പ്രവർത്തനം ആരംഭിക്കുന്നു (കൊച്ചി & തൂത്തുക്കുടി


ലത്തീൻ കത്തോലിക്ക
സമുദായദിനാഘോഷം 2018
ഡിസം.9 ശംഖുമുഖത്ത്
സംഘടിക്കാം...
ശക്തരാവാം...
ആശംസകളോടെ...
ലത്തീൻ അതിരൂപത
തിരുവനന്തപുരം
MOST REV.DR.SOOSA PAKIAM M
ARCHBISHOP
RT. REV. DR. CHRISTUDAS R
AUXILIRAY BISHOP




ലത്തീൻ കത്തോലിക്ക

## സമുദായദിനാഘോഷം 2018

ഡിസം.9 ശംഖുമുഖത്ത്

*With the best wishes from:*

**TRIVANDRUM SOCIAL SERVICE SOCIETY (TSSS)**

**ARCHBISHOP'S HOUSE COMPOUND, P.B. 828, VELLAYABALAM,**

**THIRUVANANTHAPURAM, KERALA.**

**Ph: 0471 2723498**

# MARIAN
## ENGINEERING COLLEGE


**NURTURING A HABIT OF EXCELLENCE**

**Managed By Latin Archdiocese of Trivandrum**

Affiliated to APJ Abdul Kalam Technological University

An ISO 9001 : 2015 Certified College

Approved by AICTE




## Congratulations



Mohammed Akshay S

Jith

*for scoring 10 out of 10 SGPA in the KTU S2 Exams - May 2018*

## ADMISSIONS 2019

| B.Tech | Seats |
|---|---|
| Civil Engineering | 120 |
| Mechanical Engineering | 120 |
| Computer Science & Engg | 90 |
| Electronics & Communication | 60 |
| Electrical & Electronics | 60 |

| M.Tech | Seats |
|---|---|
| Geo Technical Engg. | 24 |


Kazhakuttom, Thiruvananthapuram – 695582 Tel : 0471 – 2707111, 2707222 | Mob : 8281377111
www.marian.ac.in, Email : mail@marian.ac.in

# m.CAP

Approved by COA & Recognised by CUSAT

## MARIAN COLLEGE OF ARCHITECTURE & PLANNING

Trivandrum Latin Archdiocesan Institution




**B.ARCH 80 seats**





*Eligibility for MPC 50% marks in Plus Two Qualification in NATA 2019*

**For admission contact:**
**8281388111, 9495707555**

www.mariancap.com | Email : marianarch.in@gmail.com



ഉണരാം, സംഘടിക്കാം, കൈകൾ കോർക്കാം...
ലത്തീൻ കത്തോലിക്ക
സമുദായദിനാഘോഷം 2018
ഡിസം.9 ശംഖുമുഖത്ത്
ആശംസകളോടെ...
ആലപ്പുഴ രൂപത
RT. REV. DR. STEPHEN ATHIPOZHIYIL
BISHOP OF ALLEPPEY
RT. REV. JAMES RAPHAEL ANAPARAMBIL
COADJUTOR BISHOP OF ALLEPPEY




അവകാശങ്ങൾ നേടാനായി സംഘടിക്കാം...
ലത്തീൻ കത്തോലിക്ക
സമുദായദിനാഘോഷം 2018
ഡിസം.9 ശംഖുമുഖത്ത്
ആശംസകളോടെ...
കൊല്ലം രൂപത
തങ്കശ്ശേരി, കൊല്ലം
ഫോൺ. 0474 2796140
Rt. Rev. Dr. Paul Antony Mullassery
Most Rev. Dr. Stanley Roman

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2018 ഡിസംബർ
പുസ്തകം - 42 ലക്കം - 12
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. ഡൈസൺ
ഫാ. ലെനിൻ രാജ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ടോണി ഹാംലെറ്റ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മുഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ
**കവർ & പരസ്യം രൂപകല്പന**
സതീഷ് ജോർജ്ജ്
**കവർ ചിത്രം**
അനിൽ ഭാസ്കർ


# ഉദ്ഗ്രഥനത്തിന്റെ വഴികൾ തേടുമ്പോൾ


ഒരു ജനതയുടെ ഉദ്ഗ്രഥനത്തിന്റെ വഴികൾ തേടുമ്പോൾ അനന്തമായ സാധ്യതകളുടെ മധ്യത്താണ് നാം നിൽക്കുന്നത്. ഇന്നലെകളുടെ അപചയങ്ങളും, സമുദായം നേരിട്ട വിവേചനങ്ങളും പൊതുനന്മയ്ക്കായി തുറന്നുനൽകിയ അവസരങ്ങളും നല്ല നാളേക്കുള്ള ചവിട്ടുപടികളാക്കി തീർത്ത് ആർജ്ജവത്തോടെ മുന്നേറാനാകണം. ഈ പശ്ചാത്തലത്തിൽ വേണം കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ 2019-2020 കാലഘട്ടത്തിലെ നമ്മുടെ പ്രവർത്തനങ്ങൾക്ക് നൽകുന്ന പുത്തൻ ദിശാബോധത്തെ കാണാൻ. "വിദ്യാഭ്യാസ മുന്നേറ്റത്തിലധിഷ്ഠിതമായ ആധിപത്യേതര നേതൃത്വവും രാഷ്ട്രീയ ശക്തീകരണവും" ഈ രംഗത്ത് പുത്തൻ ചുവടുവയ്പുകൾക്ക് സാധ്യതകൾ തുറക്കണം. കൂടാതെ 2018 ഡിസംബർ 9 ന് ശംഖുമുഖത്ത് ചേരുന്ന സമുദായ സംഗമം 'തീരദേശ വികസനവും നവകേരള നിർമ്മിതിയും' എന്ന വിഷയം ഉയർത്തുമ്പോൾ നാളിതുവരെ നിഷേധിക്കപ്പെട്ട ന്യായമായ അവകാശങ്ങൾ നവകേരള നിർമ്മിതിയുടെ കർമ്മരേഖയിലുണ്ടാകണം.

സമകാലീന സാഹചര്യത്തിൽ നമ്മുടെ യുവതയും നവ-തലമുറയും തുറന്നുവയ്ക്കുന്ന സാധ്യതകളുടെ ചെപ്പ് തുറക്കണം. കലാ-കായിക-സാങ്കേതിക, വൈജ്ഞാനിക രംഗത്തെ പുത്തൻ ചുവടുവയ്പുകളെ നിലവിലെ തടസങ്ങൾ ഭേദിച്ച് മുന്നേറാനുള്ള ചവിട്ടുപടികളാക്കാം. കൂടാതെ ജലപ്രളയസന്ദർഭത്തിലും, സമൂഹം നേരിടുന്ന മദ്യം, ലഹരി പോലുള്ള സാമൂഹ്യതിന്മകളോട് നടത്തിയ സന്ധിയില്ലാത്ത പോരാട്ടവും പരസ്പരം കൈകോർത്തുകൊണ്ട് ഈ മേഖലയുടെ സമഗ്രമാറ്റത്തിനുള്ള പുത്തൻ പരിപ്രേക്ഷ്യങ്ങൾ തുന്നിച്ചേർക്കാൻ ഇടവരുത്തട്ടെ.

പ്രതീക്ഷാ നിർഭരമായ ഈ ചുവടുവയ്പുകൾക്ക് ഓജസ്സും കരുത്തും കൃപയും സ്വീകരിക്കുന്ന അവസരമാക്കി പുത്തൻ പിറവി അനുഭവത്തെ മാറ്റാം.

ക്രിസ്തുമസ് പുതുവത്സരാശംസകളോടെ...

- പത്രാധിപർ




## സമത്വത്തിൽ എന്തിന് സംവരണം

നേർക്കാഴ്ച വായിച്ചു. ഭരണഘടന സ്ത്രീ-പുരുഷ വ്യക്തി സ്വാതന്ത്ര്യം തുല്യമെന്നുപറയുന്നതു ശരിതന്നെ. എങ്കിൽ പിന്നെ യാത്രാവാഹനങ്ങളിൽ ഉൾപ്പെടെ എന്തിനാണീ സ്ത്രീ സംവരണ സീറ്റുകൾ! സമീപകാലത്ത് രാജ്യത്തുണ്ടാകുന്ന നിയമങ്ങൾ ഒരു ശരാശരി ഇന്ത്യക്കാരന് ചിന്തിക്കുന്നതിലും അപ്പുറമാണ്. സഭയിൽ സ്ത്രീകളും പുരോഹിതരാകണമെന്നു ശഠിക്കുന്ന കാലം വിദൂരമല്ല. കുടുംബങ്ങളുടെ കെട്ടുറപ്പ് നഷ്ടപ്പെടാനും രാജ്യത്ത് അരാജകത്വം വളരാനും സാഹചര്യമൊരുക്കുന്ന നിയമ വ്യാഖ്യാനങ്ങൾ ആര് പുറപ്പെടുവിച്ചാലും അത് രാഷ്ട്ര പുരോഗതിക്കുപകരിക്കുമെന്നു തോന്നുന്നില്ല.

– ജാളി ചെമ്പകമംഗലം.

## ഓഖിയുടെ ഓർമ്മകളിലൂടെ

ഓഖി ദുരന്തത്തിന്റെ വേദനിപ്പിക്കുന്ന ഓർമ്മകൾക്ക് ഒരാണ്ട് തികയുമ്പോൾ അതേക്കുറിച്ചുള്ള അർത്ഥവത്തായ വിലയിരുത്തലുകളും പഠനങ്ങളും ദർശനങ്ങളുമായി പുറത്തിറങ്ങിയ ജീവനും വെളിച്ചവും മാസിക ഉന്നത നിലവാരം പുലർത്തി. ഓഖി ദുരന്തത്തിന്റെ തേങ്ങലുകളും വിലാപങ്ങളും അതുണ്ടാക്കിയ മുറിപ്പാടിന്റെ ആഴവും കടലിന്റെ മക്കളുടെ മേൽ ഇന്നും മറാതെ നിൽക്കുന്നു. അതിരൂപതയുടെയും സുമനസ്സുകളുടെയും ഫലപ്രദമായ ഇടപെടലും കൈത്താങ്ങും തീരത്ത് ആശ്വാസവും പ്രത്യാശയും സംജാതമാകുവാൻ സഹായിച്ചു. എന്നാൽ ഓഖി ദുരന്തബാധിതർക്കുള്ള സർക്കാർ സഹായത്തിലും പുനഃരധിവാസത്തിലും അവ്യക്തതയും നിയമക്കുരുക്കുകളുടെ നൂലാമാലകളുമുണ്ട്.

ഓഖിയും ആഗസ്റ്റിലെ മഹാപ്രളയവും മനുഷ്യനിർമ്മിത മഹാദുരന്തങ്ങളാണെന്ന് വിസ്മരിക്കരുത്. യഥാസമയം അധികൃതർ മുന്നറിയിപ്പുനൽകിയിരുന്നുവെങ്കിൽ ദുരന്ത വ്യാപ്തി കുറയ്ക്കാമായിരുന്നു. മാപ്പർഹിക്കാത്ത കുറ്റം ചെയ്ത അധികൃതർ പരസ്പരം പഴിചാരി രക്ഷപ്പെടുകയായിരുന്നു.

അതിന് പ്രായശ്ചിത്തമായാണ് ഇന്ന് പടിഞ്ഞാറൻ മാനത്ത് മഴക്കാർ കാണുമ്പോഴൊക്കെ അനാവശ്യ മുന്നറിയിപ്പ് നൽകി പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ സർക്കാർ ഭയവിഹ്വലരാക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ അന്നം മുട്ടിക്കുന്ന അപഹാസ്യമായ മുന്നറിയിപ്പുകൾ ഓഖിയേക്കാളും വലിയ ദുരന്തമല്ലേ?

ഓഖിഫണ്ട് വക മാറ്റി ചെലവഴിക്കാതിരിക്കാൻ സഭയുടെ നിതാന്തമായ ജാഗ്രത നല്ലതാണ്.

– ജെറാൾഡ് ബി.മിരാൻഡ

## നവംബറിലെ പൂക്കൾ

മരിച്ചവരെ ഓർത്ത് അവർക്കായി പ്രത്യേകം പ്രാർത്ഥിക്കുന്ന നവംബർ മാസത്തിൽ അതേക്കുറിച്ചുള്ള ജോണച്ചന്റെ ലേഖനം അർത്ഥവത്തായി. നമ്മെ കഷ്ടപ്പെട്ടു വളർത്തി നമ്മിൽ നിന്നും വേർപിരിഞ്ഞ പ്രിയ മാതാപിതാക്കളെയും സഹോദരങ്ങളെയും ആത്മീയ നന്മകളാൽ സമ്പന്നരാക്കി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട വൈദികരെയും സന്യസ്തരെയും അനുസ്മരിക്കുകയും അവരുടെ സേവനങ്ങൾക്ക് നന്ദി പറഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്യുന്നത് ന്യായവും യുക്തവുമാണ്.

നാം ഉറങ്ങുന്നതിനുവേണ്ടി ഉറങ്ങാതിരിക്കുകയും നാം ഭക്ഷിച്ച് തൃപ്തരാകുന്നതിനുവേണ്ടി പട്ടിണി കിടക്കുകയും ചെയ്തിട്ടുള്ള മാതാപിതാക്കളുടെ സ്നേഹവും ത്യാഗത്തിന്റെ ആഴവും പുതുതലമുറ മറന്നുപോകുന്നുവെന്ന് തോന്നുന്നു. കുഴിമാടത്തിൽ പോയി ഈ നവംബർ മാസത്തിൽ സ്നേഹത്തിന്റെ പൂക്കളർപ്പിക്കുവാൻ പ്രചോദനം നൽകിയ ജോണച്ചന് നന്ദി.

– വിജയമ്മ ജൂബിലി ആശുപത്രി



# താളുകളില്‍

## ലേഖനം

10 ക്രിസ്തുമസ് സന്ദേശത്തിന്റെ ആനുകാലിക പ്രസക്തി
ഡോ. വത്സന്‍ തമ്പു

16 ലത്തീന്‍ കത്തോലിക്കാ സമുദായത്തിന്റെ സാമൂഹ്യ പശ്ചാത്തലം
ഡോ. എസ്. റെയ്മണ്‍

22 ലത്തീന്‍ സമുദായത്തിന്റെ പുരോഗതി: ചിന്തയിലും സമീപനത്തിലും മാറ്റം അനിവാര്യം
ഡോ. മാര്‍ട്ടിന്‍ പാട്രിക്

28 കെആര്‍എല്‍സിസി: നവോത്ഥാനത്തിന്റെ ചാലകശക്തി
ഷാജി ജോര്‍ജ്ജ്

32 കഥ: പണം കായ്ക്കുന്ന പാഴ്മരങ്ങള്‍
ടെറിന്‍ ലോറന്‍സ്

39 എല്ലാവര്‍ക്കും എല്ലാ അവകാശങ്ങളും
ജാക്സണ്‍ നെപ്പോളിയന്‍

## സ്ഥിരം പംക്തികള്‍

34 തുടര്‍മഴ
ഫാ. ലെനിന്‍ ഫെര്‍ണാണ്ടസ്

40 വാര്‍ത്തകള്‍

45 അല്മായവേദി

46 അജപാലനം

47 കാനോന്‍ നിയമത്തില്‍

48 നീര്‍ച്ചാലുകള്‍

54 വചനജ്വാല

56 ഇളംതൂവല്‍

58 നേര്‍ക്കാഴ്ച
ജെ.സി.



ലേഖനം

ഡോ. വത്സൻ തമ്പു

# ക്രിസ്തുമസ് സന്ദേശത്തിന്റെ ആനുകാലിക പ്രസക്തി

നൂറ്റാണ്ടുകളായി ആചരിച്ചുപോരുന്ന ക്രിസ്തുമസിന്റെ അർത്ഥവും, ആഴവും, നൈസർഗിക സന്ദേശവുമെല്ലാം മങ്ങിമറഞ്ഞുകൊണ്ടിരിക്കുന്നു. ആദ്യത്തെ ക്രിസ്തുമസ് അനുഭവം ഒരു സമസ്യയായിരുന്നു എന്നു തന്നെ പറയാം. ഈ കാലഘട്ടത്തിൽ കേരളത്തിലെ ഏറ്റവും നൂതനമായ വിവാദവിഷയം യുവതികളായ സ്ത്രീകളുടെ ശബരിമലപ്രവേശനമാണ്. ദൈവദർശനം നടത്തുന്നതിന് വിലക്കുകളോ? സത്യത്തെ അതിന്റെ മുഖത്തുതന്നെ കാണുകയെന്നുള്ളതായിരിക്കണം ഇന്നത്തെ സാഹസികത. അതുതന്നെയാണല്ലോ ക്രിസ്തു വ്യക്തമാക്കിയത് - ഞാനാകുന്നു വഴിയും സത്യവും ജീവനും. സത്യത്തിനോട് പ്രതിപത്തിയില്ലാത്തവന് എങ്ങനെ ഭക്തനാവാൻ അഥവാ വിശ്വാസിയാവാൻ സാധിക്കും. അവരുടെ ഭക്താഭ്യാസങ്ങൾ പുറമെ നിന്ന് കാണിക്കാമെന്നല്ലാതെ, അവർ തീഷ്ണമതികളായ വിശ്വാസികൾ അല്ലായെന്ന് ആർക്കും മനസ്സിലാക്കാൻ കഴിയും.

ക്രിസ്തുമസ് സംഭവം എല്ലാവിധത്തിലും പ്രകോപിക്കുന്ന ഒരു വെല്ലുവിളിയായിരുന്നു. ചിന്തോദ്ദീപകമായ ഒരു വെല്ലുവിളി. ആദ്ധ്യാത്മികതയുടെ വഴിത്താരയിൽ ക്രിസ്തുമസ് ഇന്നും ഒരു സമ്മർദ്ദമായി നിലകൊള്ളുന്നു. അന്ധവിശ്വാസങ്ങളുടെയും, ആചാരാനുഷ്ഠാനങ്ങളുടെയും നടുവിൽ ഉഴലുന്ന ജനതയ്ക്ക് പൂജാരിമാരും പുരോഹിതന്മാരും രൂപം നൽകുകയും ക്രമീകരിക്കുകയും ചെയ്ത അനുഷ്ഠാനങ്ങളുടെ യഥാർത്ഥ സത്യം അന്വേഷിക്കുകയും കണ്ടുപിടിക്കുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യമായി മാറിയിരിക്കുന്നു. ദൈവം ആഗ്രഹിക്കുന്നതും അഭിലഷിക്കുന്നതും എന്താണെന്ന തിരിച്ചറിവും ഇന്നിന്റെ ആവശ്യമാണ്. യേശുവിനെക്കുറിച്ചുള്ള അല്പജ്ഞാനം പോലും അവിടുത്തെ ജീവിതവും, ജീവിതോപദേശങ്ങളും മനസ്സിലാക്കുവാൻ ഉതകുന്ന ഒന്നാണ്. ധാർമ്മിക ഉത്തരവാദിത്വം യേശുവിനെ വൈവിധ്യശൂന്യമായ മതാചാരങ്ങളെ നിഷ്കരണം ത്യജിക്കുവാനും, അന്ധവിശ്വാസങ്ങളെയും, അനാചാരങ്ങളെയും ചോദ്യം ചെയ്യുവാനും സഹായിച്ചു. "ദൈവത്തെക്കാളുപരി, നിങ്ങളെ അനുസരിക്കുന്നത് ദൈവസന്നിധിയിൽ ന്യായമല്ല" എന്നതാണ് ആത്മീയതയുടെ ജീവശ്വാസം. യേശുവിന്റെ ജീവിതം





ഇതിനൊരു ഉത്തമസാക്ഷ്യമാണ്.

യേശു യഹൂദന്മാരുടെ സാബത്തിനെക്കുറിച്ചുള്ള നിയമത്തെ വെല്ലുവിളിച്ചു. സദുക്കായരും നിയമജ്ഞരും കൂട്ടിച്ചേർത്ത അനാവശ്യമായ നിയമങ്ങൾ ചോദ്യം ചെയ്തു. സാധാരണക്കാരോട് അനുഭാവമില്ലാത്ത അവരുടെ കഠിന ഹൃദയത്തെയും, ആധിപത്യത്തെയും അംഗീകരിച്ചില്ല. അതിനുകാരണം യേശു മതത്തെ കണ്ടത് മറ്റൊരുവിധത്തിലായിരുന്നു. സ്വാതന്ത്ര്യത്തിന്റെയും, ശക്തിപ്പെടുത്തലിന്റെയും ആത്മീയ കേന്ദ്രമായി മാറേണ്ട മതങ്ങൾ സമകാലിക ജീവിതത്തിൽ അനുവർത്തനത്തിന്റെ ബലഹീനതയായി മാറിക്കൊണ്ടിരിക്കുന്നു. മനുഷ്യസ്വാതന്ത്ര്യത്തിന്റെ മുഖമുദ്രയെന്നാൽ ചിന്തിക്കുവാനുള്ള കഴിവാണ്. ചിന്തിക്കുകയെന്നാൽ, അറിവിന്റെ അതിർത്തികൾപ്പുറത്തേക്കുള്ള ഒരു എത്തിനോട്ടം തന്നെയാണ്. പ്രത്യേകിച്ച് ഇന്ന് പ്രബലമായിക്കൊണ്ടിരിക്കുന്ന സ്വാധീനശക്തി സിദ്ധാന്തങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും പരിധിക്കപ്പുറത്തേക്കുള്ള ഒരു ഉൾക്കാഴ്ച തന്നെയാണ് ഇന്നിന്റെ ആവശ്യം.

ഈ ആന്തരിക വീക്ഷണത്തിൽ, സ്വച്ഛതയിൽ ഇരുന്ന് സ്വയം ചോദ്യം ചെയ്യേണ്ട ആവശ്യകത നമുക്കുണ്ട്. പ്രത്യേകിച്ച് ഇന്ന് പ്രാബല്യത്തിലിരിക്കുന്ന എല്ലാ മിഥ്യാവകാശങ്ങളെയും ദൈവത്തിന്റെ ശരിയായ പദ്ധതികളും, ഇടപെടലുകളും യഥാർത്ഥത്തിലെന്തെന്ന് മനസ്സിലാക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. കാലിത്തൊഴുത്ത് ഒരിക്കലും യുക്തമായ ഒരു പ്രസവമുറി അല്ലെന്നതാണ് സത്യം. രാജകുമാരന്മാർ ജനിക്കുന്നത് രാജകൊട്ടാരങ്ങളിലാണ്, അല്ലാതെ തൊഴുത്തുകളിലല്ല. ക്രിസ്തുമസ് അനുഭവം ഒരു ദൈവിക പദ്ധതി ആണെങ്കിൽ തീർച്ചയായും യേശുവിന്റെ ജനനം, അതിന്റേതായ ആത്മീയ പരിതസ്ഥിതികളിൽ ആയിരുന്നിരിക്കണം. പക്ഷേ, യേശുവിന്റെ ജനനം തികച്ചും വ്യത്യസ്തമായ ഒരു അവസ്ഥയിലായിരുന്നു എന്നതാണ് സത്യം.

ക്രിസ്തുമസ് നമ്മുടെയുള്ളിൽ രണ്ട് അടിസ്ഥാന ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. ഒന്ന് നാം രൂപം നൽകുന്ന ആചാരനുഷ്ഠാനങ്ങളുടെ ചട്ടക്കൂട്ടിൽ നിന്നു മാത്രമാണോ



ദൈവം പ്രവർത്തിക്കുന്നത്? രണ്ട് എന്താണ് വിശ്വാസം? അല്ലെങ്കിൽ ആരാണ് ഒരു വിശ്വാസി?

യേശുവിന്റെ ജനനം ഒരു ദൈവിക ഇടപെടൽ ആയിരുന്നു. മനുഷ്യയുക്തിക്കതീതമായ ഒരു അനുഭവം. ഈ ദൈവിക ഇടപെടൽ മനുഷ്യരാശിയെ തന്നെ മാറ്റിമറിക്കുന്നതായിരുന്നു; ഒരു സമൂലമായ മാറ്റം തന്നെ. ദൈവത്തിന്റെ ഈ വിധത്തിലുള്ള ഇടപെടൽ ഒരിക്കലും മാറ്റമില്ലാത്തതെന്ന് കരുതുന്ന മനുഷ്യരീതികളിൽ ഇത് തികച്ചും അസംബന്ധം തന്നെ. അസാധാരണപാടവമുള്ള നമുക്ക് ഇതെങ്ങനെ അംഗീകരിക്കാനാവും. ആയതിനാൽ നമുക്കനുമാനിക്കാം ദൈവിക ഇടപെടലുകളുണ്ടാകുമ്പോൾ നമുക്ക് സുപരിചിതമല്ലാത്ത, അത്യപൂർവ്വമായ, മാമൂലുകൾക്ക് അതീതമായ, ആചാരങ്ങൾക്കപ്പുറമായ ഒരു അത്ഭുതം നാം കാണും എന്ന സത്യം.

ഇതിലെ വിരോധാഭാസം നാം മറന്നുകൂടാ. നമ്മുടെ ചിന്തകളിൽ ആത്മീയത എപ്പോഴും ആചാരാനുഷ്ഠാനങ്ങളുടെ സംരക്ഷണവും പരിപാലനവുമാണ്. നമ്മുടെ മാമൂലുകളെ സംരക്ഷിക്കുന്നതാണ് യഥാർത്ഥഭക്തിയെന്ന് നാം തെറ്റിദ്ധരിക്കുന്നു. യഥാർത്ഥ സത്യം നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ഏതൊരു ദൈവിക ഇടപെടലും അതിന്റെ ഉത്ഭവത്തിൽ

നൂതനവും നമ്മുടെ ചിന്താശക്തിയെ ഞെട്ടിപ്പിക്കുന്നതും, ഉടച്ചുതകർക്കുന്നതും, സാമാന്യബുദ്ധിയ്ക്കതീതവുമായിരിക്കും. ദൈവം എപ്പോഴും ഒരിക്കലും നിലയ്ക്കാത്ത ജലപ്രവാഹം പോലെയാണ്, ഒരു ജലധാരപോലെയോ, നീരുറവപോലെയോ ആണ്. പുതുമയുടെ അത്യപൂർവ്വമായ ഒരു പ്രതിഭാസമാണ്. മനുഷ്യർ ഈ ജലപ്രവാഹത്തിന്റെ വെറും സൂക്ഷിപ്പുകാർ മാത്രം. എന്നാൽ ഒരുവിധത്തിൽ പറഞ്ഞാൽ അദൈവിക മാമൂലുകൾ ഉൾക്കൊള്ളുന്ന ആചാരാനുഷ്ഠാനങ്ങളിലൂടെ ചില യഥാർത്ഥ ദൈവിക ഇടപെടലുകളെ ചിലപ്പോഴെങ്കിലും മനുഷ്യർ മറയ്ക്കുകയോ പൂർണമായി ഇല്ലാതാക്കുകയോ ചെയ്തുകൊണ്ടിരിക്കുന്നു.

ദൈവിക പദ്ധതികളെയും വഴികളെയും ഉൾക്കാഴ്ചയിലൂടെ ദർശിക്കുക എന്നത് ഇന്നിന്റെ ആവശ്യമാണ്. അതുപോലെ തന്നെ യുക്തിക്കനുസൃതമായ വിധത്തിൽ ആചാരാനുഷ്ഠാനങ്ങളെ തരപ്പെടുത്താനും, ശീലങ്ങളെയും, മാമൂലുകളെയും ക്രമീകരിക്കുവാനും സാധിക്കണം. മാനുഷിക സിദ്ധാന്തങ്ങൾക്കും, നിയമങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും എത്രയോ ഉപരിയാണ് ദൈവീക ഇടപെടലുകളും, പ്രവർത്തനങ്ങളും. ഈ സാമാന്യബുദ്ധി സത്യത്തെ ഗ്രഹിക്കാൻ നമ്മെ സഹായിക്കും എന്നതിൽ തർക്കമില്ല. അതുപോലെ തന്നെ നമ്മുടെ ആത്മീയ ഔത്സുക്യവും അഭിനിവേശവും ശരിയായ ദിശയിലേക്ക് വളർത്തുകയും ചെയ്യും. ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്ന എത്ര അനുഭവങ്ങളും സംഭവങ്ങളുമാണ് നമ്മുടെ മുന്നിലുള്ളത്. മതാന്ധതയും മൗലികവാദവും മതസ്പർദ്ദയുമെല്ലാം ഇതിനുദാഹരണങ്ങളല്ലേ? സ്വയം തെരഞ്ഞെടുക്കപ്പെട്ട മതാധ്യക്ഷന്മാരും അവരെ പിൻതാങ്ങുന്ന കുറേ അനുയായികളും ചിലപ്പോഴെങ്കിലും മതാനുഷ്ഠാനങ്ങളുടെ പേരിൽ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുകയും, അവരുടെ അണികളുടെ ചൊൽപ്പടിക്ക് നിന്നുകൊണ്ട് മനുഷ്യരെ കൊന്നൊടുക്കുകയും ചെയ്തിട്ടുണ്ട്, ഇപ്പോഴും ഇത് തുടരുന്നില്ലേ? മതങ്ങൾ ഒരിക്കലും സ്പർദ്ദ വളർത്താനോ, മറ്റുള്ളവരെ വേദനിപ്പിക്കാനോ ആവശ്യപ്പെടുന്നില്ല. യഥാർത്ഥ മതവിശ്വാസത്തിലേക്കും, ആചാരാനുഷ്ഠാനങ്ങളിലേക്കും രാഷ്ട്രീയ കൈകടത്തലുകൾ ഉണ്ടാകുമ്പോഴാണ് മതം തന്നെ ഒരു വിഷമായി മാറുന്നത്. രാഷ്ട്രീയ നേട്ടത്തിനുവേണ്ടി പ്രത്യേക അജണ്ടയുണ്ടാക്കി അണികളെ വികാരാധീനരാക്കി അവരുടെ കൈയിൽ ആയുധമേകുന്ന രാഷ്ട്രീയ കുതന്ത്രമാണ് ഇന്ന് നടക്കുന്നത്. ദൈവിക പദ്ധതികൾ അറിയുന്നതിനും അതിനനുസരിച്ച് പ്രവർത്തിക്കുന്നതിനും നമുക്ക് ആവശ്യം വേണ്ടത് ക്ഷമയും പ്രാർത്ഥനയുമാണ്. ദൃഷ്ടിഗോചരമായ അന്വേഷണവും ത്വരയുമാണ് നമുക്കാവശ്യം. ഒരുപക്ഷേ ബുദ്ധിക്കതീതമായ ദൈവിക ഇടപെടലുകളെ അന്തഃകരണത്തിലൂടെ മനസ്സിലാക്കാനും, ചിലപ്പോഴെങ്കിലും ആത്മീയത തൊട്ടുതീണ്ടാത്തിടത്ത് ദൈവത്തെ ദർശിക്കാനും നമുക്ക് കഴിഞ്ഞെന്നുവരും.

ഇനി രണ്ടാമത്തെ ചോദ്യം: വിശ്വാസമെന്താണ്, ആരാണ് ഒരു വിശ്വാസി. ഇന്ന് കേരളം ഇളകി മറിഞ്ഞ് പ്രക്ഷുബ്ദമായിരിക്കുന്നത് ഈ ഒരു കാരണത്താലാണ്. ആയതിനാൽ ഈ ആശയം നാം വിലയിരുത്തേണ്ടത് ആവശ്യമായി മാറിയിരിക്കുന്നു. ഒരു വിശ്വാസി, അല്ലെങ്കിൽ ഭക്തൻ എന്നത് ദൈവിക പ്ലാനുകൾക്ക് അഥവാ പദ്ധതികൾക്ക് യാതൊരുവിധ തടസങ്ങളും, അതിരുകളും വയ്ക്കാതെ ദൈവീക ഇടപെടലുകളെ അറിയുകയും, അനുഭവിക്കുകയും ചെയ്യുന്ന വ്യക്തിയാണ്. പ്രത്യേകിച്ച് രാഷ്ട്രീയ വാദമുഖങ്ങൾക്ക് ഒരിക്കലും ചെവികൊടുക്കാത്ത വ്യക്തിയായിരിക്കും. വിശ്വാസി ആണെന്ന് അവകാശവാദം ഉന്നയിക്കുന്നവരിൽ എത്രപേരാണ് യഥാർത്ഥ വിശ്വാസി എന്ന് അറിയേണ്ടിയിരിക്കുന്നു. ക്രിസ്തുമസ് അനുഭവം ഇതിന് ഒരു വെല്ലുവിളിയായി നമുക്ക് ദർശിക്കാൻ സാധിക്കും. സാർഥതമായി ചിന്തിക്കുമ്പോൾ അന്ന് ആത്മീയ പദവിയിൽ ഉണ്ടായിരുന്ന ആരും തന്നെ ക്രിസ്തുമസ് അനുഭവത്തിന്റെ ഭാഗമായിരുന്നില്ല. പുരോഹിത ഗണമോ, യഹൂദ പ്രമാണികളോ, ഫരിസേയരോ, നിയമജ്ഞരോ ആരും തന്നെ ഈ മഹാത്ഭുതത്തിന്റെ ഭാഗമായിരുന്നില്ല. അവരെല്ലാവരും ഗാഢനിദ്രയിലും, നോക്കെത്താ ദൂരത്തുമായിരുന്നു. രണ്ടുകൂട്ടർക്കുമാത്രമെ ഈ മഹാത്ഭുതം ദർശിക്കാനും അനുഭവിക്കാനും സാധിച്ചുള്ളു. ബത്‌ലഹേമിലെ ആട്ടിടയരും, പൗരസ്ത്യദേശത്തുനിന്നെത്തിയ ജ്ഞാനികളും മാത്രം; അവർ വിജാതീയരായിരുന്നുതാനും. മറ്റുള്ളവർക്ക് ഈ അത്ഭുതം ദർശിക്കാൻ സാധിക്കാതെ വന്നത് - അവരുടെ നിയമങ്ങൾക്കും, ആചാരാനുഷ്ഠാനങ്ങൾക്കും ഇടയിൽ കുരുങ്ങികിടന്നതിനാൽ അവരുടെ ബുദ്ധിക്കതീതമായത് സ്വീകരിക്കാൻ, കാണാൻ അവർക്ക് സാധിച്ചില്ല എന്നുള്ളതാണ്. അതിന്റെ അതിശയോക്തി, വിരോധാഭാസം എന്നുപറയുന്നത്, ഈ യൂഹദ


**ദൈവിക പദ്ധതികളെയും വഴികളെ ദർശിക്കുക എന്നത് ഇന്നിന്റെ ആവശ്യ യുക്തിക്കനുസൃതമായ വിധത്തിൽ തരപ്പെടുത്താനും, ശീലങ്ങളെയും, വാനും സാധിക്കണം. മാനുഷിക നിയമങ്ങൾക്കും അനുഷ്ഠാനങ്ങൾ ദൈവീക ഇടപെടലുകളും,**



പ്രമാണികളും, ആത്മീയ നേതാക്കളുമായിരുന്നു ക്രിസ്തുവിന്റെ ആഗമനത്തിനായി നിരന്തരം പ്രാർത്ഥിക്കുകയും കാത്തിരിക്കുകയും ചെയ്തിരുന്നത്. ആത്മീയമായ തയ്യാറെടുപ്പിൽ മാത്രം ഒതുങ്ങുന്നതല്ല, ദൈവിക ഇടപെടലുകളെ വരവേൽക്കുന്നതിനോ, മനസ്സിലാക്കുന്നതിനോ ഉള്ള വേദി. ചിലപ്പോൾ മനുഷ്യബുദ്ധിക്കതീതമായി ദൈവം പ്രവർത്തിക്കുമെന്നുള്ളതിന്റെ തെളിവാണ് യേശുവിന്റെ പുൽക്കൂട്ടിലെ ജനനം.

ഒരിക്കലും, ആർക്കും സങ്കല്പിക്കാൻ കഴിയാത്ത ഒരു അത്ഭുതമാണ് യഥാർത്ഥത്തിൽ ദൈവപുത്രൻ ഒരു കാലിത്തൊഴുത്തിൽ ഭൂജാതനാകുകയെന്നത്. ആയതിനാൽ വിശ്വാസ

**യും ഉൾക്കാഴ്ചയിലൂടെ**
**മാണ്. അതുപോലെ തന്നെ**
**ആചാരാനുഷ്ഠാനങ്ങളെ**
**മാമൂലുകളെയും ക്രമീകരിക്കു**
**സിദ്ധാന്തങ്ങൾക്കും,**
**ക്കും എത്രയോ ഉപരിയാണ്**
**പ്രവർത്തനങ്ങളും.**



ത്തിന്റെ അടിസ്ഥാനമെന്നത് സ്വതന്ത്രമായ ചിന്താശക്തിയാണ്, ആചാരാനുഷ്ഠാനങ്ങളുടെ, മാമൂലുകളുടെ ചട്ടക്കൂട്ടിൽ മാത്രം ദൈവാനുഭവം ഉണ്ടാകണമെന്നില്ല. ദൈവം ഒരിക്കലും നമ്മുടെ അനുമാനമനുസരിച്ച്, അല്ലെങ്കിൽ നാം രൂപപ്പെടുത്തിയ സിദ്ധാന്തങ്ങൾക്കനുസരിച്ച് സ്വയം വെളിപ്പെടുത്തണമെന്നില്ല. ഭൂരിഭാഗം വ്യക്തികൾക്കും വിശ്വാസമെന്നത് മതാചാരങ്ങളും, സങ്കല്പങ്ങളും, ആചാരാനുഷ്ഠാനങ്ങളും, അന്ധവിശ്വാസങ്ങളുമാണ്. ഇന്നത്തെ ശബരിമല രോഷവും, അമർഷവുമെല്ലാം യഥാർത്ഥവിശ്വാസിയുടെ പ്രശ്നമോ അതോ രാഷ്ട്രീയവൽക്കരിച്ച ഉന്നതാധികാരികളുടെ പ്രശ്നമോ? അയ്യപ്പസ്വാമിയോടുള്ള യഥാർത്ഥ ഭക്തി തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നില്ലേ? ഭക്തർക്ക് ആരാണ് യഥാർത്ഥ ദൈവം. സ്വാമി അയ്യപ്പൻ എന്നോ ധർമ്മ ശാസ്താവ് എന്നോ അറിയില്ലായിരിക്കും. എന്താണ് അനശ്വരമായ ബ്രഹ്മചര്യം. എങ്ങനെയാണ് ഒരു യുവതിയുടെ സാന്നിധ്യം അയ്യപ്പസ്വാമിയുടെ ബ്രഹ്മചര്യത്തെ ഹനിക്കുന്നത്? ചിന്താശക്തിയില്ലാത്ത, വിവേചനമില്ലാത്ത വെറും അനുഷ്ഠാനം മാത്രമാണോ വിശ്വാസം; സ്വധർമ്മത്തിൽ നിന്നുള്ള ഒരു വ്യതിചലനമാണോ വിശ്വാസം? ഇന്നത്തെ മതാചാരങ്ങളും, അനുഷ്ഠാനങ്ങളും ഒരു മാർഗഭ്രംശം തന്നെയല്ലേ; വിശ്വാസികൾ ആരാണ് എന്ന ചോദ്യം തുടരുന്നു.


ക്രിസ്തു സംഭവം നമ്മുടെ മുമ്പിൽ ഉയർത്തുന്ന മൂന്നാമത്തെ പ്രശ്നം രാഷ്ട്രീയവും മതങ്ങളും തമ്മിലുള്ള ഒരു കൂടിച്ചേരലാണ്. ലോകമാസകലമുള്ള ജനങ്ങളുടെ പേര് എഴുതിച്ചേർക്കപ്പെടണം എന്ന് ആഗസ്റ്റസ് സീസറിൽ നിന്ന് കല്പന പുറപ്പെട്ടപ്പോൾ ജോസഫ് പേരെഴുതിക്കാനായി ഗലീലിയായിലെ പട്ടണമായ നസറത്തിൽ നിന്നും യൂദായായിൽ ദാവിദിന്റെ പട്ടണമായ ബത്‌ലഹേമിലേക്ക് ഗർഭിണിയായ ഭാര്യ മറിയത്തേയും കൊണ്ടു പോയി. ആയതിനാൽ മറിയത്തിന് തന്റെ സ്വന്തം വീട്ടിൽ, കുറച്ചെങ്കിലും സൗകര്യമുള്ള ഒരു സ്ഥലത്ത് തന്റെ കുഞ്ഞിനെ പ്രസവിക്കാൻ സാധിച്ചില്ല. സ്ഥലപരിമിതി നിമിത്തം ഒരു കാലിത്തൊഴുത്തിൽ അവർ അഭയം പ്രാപിച്ചു, അവിടെവച്ച് കുഞ്ഞിന് ജന്മംനൽകി. നാമെല്ലാവരും ഇതിനോടകം ഓരോരോ രാഷ്ട്രീയ നേട്ടങ്ങൾക്കു വേണ്ടി സെൻസസ് എടുക്കുന്നതിനെക്കുറിച്ച് മനസ്സിലാക്കിയിട്ടുണ്ട്; നല്ലതുപോലെ നമുക്ക് അറിവുള്ളതാണ്. ഹേറോദ് രാജാവ് ഉണ്ണിയേശുവിനെ 'ആരാധിക്കണം' എന്ന് പറയുമ്പോഴും അതിന്റെ ആന്തരികാർത്ഥം ആ കുഞ്ഞിനെ അറുതിവരുത്തുക എന്ന ആഗ്രഹത്തോടുകൂടി ആവശ്യപ്പെടുന്നതാണെന്നത് എല്ലാവർക്കും സുപരിചിതമാണ്. അതിനാൽ രാഷ്ട്രീയമതം അതിക്രൂരമായ ഒരു ഇടപെടൽ തന്നെയാണ്. ഇതൊരു ചരിത്ര സത്യം തന്നെയാണ്. അധികാരമോഹികൾ അഥവാ രാഷ്ട്രീയ കൂട്ടുകെട്ടുകൾ ഒരിക്കലും ദൈവത്തെ അംഗീകരിക്കില്ല. കാരണം അവരുടെ കാര്യപ്രാപ്തിക്കുവേണ്ടി സാഹചര്യത്തിനൊത്ത് പ്രവർത്തിക്കുന്നതായാണ് നാം കാണുന്നത്. അവർക്ക് അസൗകര്യപ്രദമായ മുതൽ മുടക്കിന് ലാഭം കിട്ടുകയുമില്ലെങ്കിൽ അവരുടെ നിലപാട് നിഷ്ഠൂരവും, കാപട്യം നിറഞ്ഞതുമായിരിക്കും. എന്തിനേയും, തകർക്കാനും, നശിപ്പിക്കാനുമുള്ള ഒരു ത്വരയായിരിക്കും അവരുടെ പ്രവർത്തനത്തിലൂടെ നാം ദർശിക്കുന്നത്. എന്തുകൊണ്ടായിരിക്കും ഇത്?

ദൈവത്തിന്റെ ഹൃദയാഗ്രഹം എന്നത് ലോകത്തിൽ ന്യായം/നീതി നിഷ്ഠ നടത്തപ്പെടണമെന്നാണ്. പാവപ്പെട്ടവരും ദുരിതമനുഭവിക്കുന്നവരും എപ്പോഴും ആഗ്രഹിക്കുന്നത് നീതിയാണ്. എങ്കിലും അധികാരത്തിലിരിക്കുന്നവർ ഇതൊന്നും കാണുന്നില്ലായെന്ന് നടിക്കുകയും, അവരെ കൂടുതൽ അധമത്തത്തിലേക്ക് തള്ളുകയും ചെയ്യുന്നു. നീതി സത്യത്തോടും സമത്വത്തോടും ബന്ധിച്ചിരിക്കുന്നു. മനുഷ്യരുടെ മൂല്യം പരിപോഷിപ്പിക്കുന്നത് സത്യവും നീതിയും സമത്വവുമാണ്. പ്രമാണങ്ങളെയും, സിദ്ധാന്തങ്ങളെയും നിർമ്മിക്കുന്നതും, പരിപാലിക്കുന്നതും എപ്പോഴും പ്രമാണിമാരും ശ്രേഷ്ഠന്മാ

രുമാണല്ലോ, അവർക്ക് അടിമയായി കഴിയേണ്ടവരാണ് മറ്റെല്ലാ ജനങ്ങളും. അവരുടെ അവകാശങ്ങൾക്കും, കല്പിത താല്പര്യങ്ങൾക്കും കൈയ്യാളായി നിൽക്കാനും അവർക്ക് സ്തുതിപാടാനും ധാരാളം അണികളുണ്ടെങ്കിൽ അതിൽപ്പരം എന്തുനന്മയാണ് അഥവാ നേട്ടമാണ് അവർക്ക് വേണ്ടത്. സമൂഹം മുഴുവൻ അധികാരികൾക്ക് അവകാശങ്ങൾ നൽകുകയും, ആരവഘോഷം മുഴക്കുകയും ചെയ്യുമ്പോൾ നീതിയും, സമത്വത്തിനും, തെല്ലുവിലയില്ലെന്ന് നാം മനസ്സിലാക്കുന്നു. എവിടെ ദൈവവിചാരം അഥവാ അവബോധം ഉണ്ടോ അവിടെ നീതിയോടുള്ള അഭിനിവേശം ഉണ്ടായിരിക്കും. അതിനാൽ ദൈവവും, രാഷ്ട്രീയ പാതിദൈവങ്ങളും ഒരിക്കലും പൊരുത്തപ്പെടുകയില്ല, അവർ ദൈവനാമം അവരുടെ കാര്യലാഭത്തിനായി ഉപയോഗിച്ച് മറ്റുള്ളവരെ ഉപേക്ഷിക്കുന്നു. ആയതിനാൽ ഹേറോദുരാജാവ് ഉണ്ണിയെ വണങ്ങാൻ ആഗ്രഹിക്കുമ്പോൾ തന്നെ ആ കുഞ്ഞിന്റെ കൊലപാതകം കൂടി ആഗ്രഹിക്കുന്നു എന്ന നഗ്നസത്യം നാം തിരിച്ചറിയുന്നു.

ലൗകികതാല്പര്യത്തോടെ ദൈവത്തെ മഹത്വപ്പെടുത്തുന്ന അല്ലെങ്കിൽ ദൈവനാമം ഉപയോഗിക്കുന്ന വ്യക്തികളെ എങ്ങനെ വിശ്വാസിയായി കണക്കാക്കും. ഈ ഒരു കാരണത്താലാണ് ക്രിസ്മസ് അനുഭവം ഒരു ചരിത്രസംഭവമാകേണ്ടിവരുന്നത്. ദൈവിക ഇടപെടലിന്റെ ഒരു സാർവത്രീക പ്രഖ്യാപനമായി മാറുന്ന ഈ ആരംഭം, ഒരു പുതുപുത്തൻ നവീകരണത്തിന്റെയും ഇടപെടലുകളുടെയും അനുഭവം, ദൈവം തന്റെ ജനത്തെ രക്ഷിക്കാൻ കാലാകാലങ്ങളിൽ പ്രവാചകന്മാരെയും ദൂതന്മാരെയും അയച്ച് മനുഷ്യ ജീവന്റെ വില അഥവാ മൂല്യം മനസ്സിലാക്കി കൊടുക്കുന്നു. ലോകത്തിൽ ദുഃഖ ദുരിതങ്ങൾ അനുഭവിക്കുന്ന എല്ലാ മക്കളെയും രക്ഷിക്കാൻ ഒരു രക്ഷകന്റെ ആഗമനം അത്യന്താപേക്ഷിതമായിരുന്നു. ദൈവിക വിശ്വാസത്തിൽ അടിയുറച്ച വ്യക്തിക്ക് അനീതിയോടും, അടിമത്വത്തോടും കൂട്ടുചേരാനാകില്ല. ആലംബഹീനർക്ക് അത്താണിയായി, പീഡിതരെ ഉദ്ധരിക്കാൻ ബദ്ധശ്രദ്ധാലുവായിരിക്കണം യഥാർത്ഥവിശ്വാസി.

നാം ആചരിക്കുന്ന ക്രിസ്തുമസ് ഇതിൽ നിന്ന് എത്രയോ വ്യത്യസ്ഥം. ക്രിസ്തുമസ് എന്നാൽ കേക്കുകളും, അലങ്കാരങ്ങളും, വെടിക്കെട്ടുകളും, ഷോപ്പിംഗ്, മദ്യപാനം എന്നിവയാണെന്ന് നാം തെറ്റിദ്ധരിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ ദൈവം ഇതിനെല്ലാമെതിരായി പ്രവർത്തിക്കുവാനാണ് ഭൂജാതനായത്. നിഷ്ഠൂരവാഴ്ചകളെ തകിടംമറിക്കാൻ വന്ന ക്രിസ്തുവിന്റെ ജന്മദിനം ഇന്ന് ഒരു തമാശയായി, കച്ചവടമായിമാറിയിരിക്കുന്നു. ക്രിസ്താനുഭവത്തിന്റെ മാറ്റൊലി അലയടിക്കേണ്ടിടത്ത് പാടി സ്തുതിഗാനത്തിന്റെ ഈരടികൾ നാം മറന്നിരിക്കുന്നു. ക്രിസ്തുമസിന്റെ സന്ദേശം - "ഭയപ്പെടേണ്ടാ, ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു." - ഈ സദ്വാർത്ത ആർക്കെങ്കിലും കേൾക്കാൻ സാധിക്കുമോ?



കവിത

ജ്യോതിഷ ജെ. പരുത്തിയൂർ

# സാക്ഷി

സ്വച്ഛത ഭീകരമാക്കുവാൻ വന്നലച്ചു
സാഗരത്തീരത്തൊരു ഓഖി
ഓളമതാർത്തുപൊങ്ങി വാനോളം
ഒട്ടും തിരിയാതെ പകച്ചുവാനോളം
പെറ്റില്ലൊരെണ്ണം പോറ്റിപലതിനെ
പകലന്തിയും കാത്തവൾ കടലമ്മ
മുക്കില്ല, മുക്കുവർ ഞങ്ങളെയാഴിയിൽ
മന്ദം, മന്ത്രണം, മിഥ്യാപവാദമായി
താളം തെറ്റിയ തിരയോളങ്ങളിൽ
തഴക്കം ചെന്നോരും തളയ്ക്കപ്പെട്ടേവം,
നിലയ്ക്കും നിസ്വനത്തിൽ
നിനവതുണർത്തുവാനുറഞ്ഞുതുള്ളു ഓഖി
തകർന്നുതോണിയും താണ്ഡവമാടി
തനുതളർത്തി താഴ്ത്തിയാഴിയിൽ
കല്ലോലം കശക്കിക്കലക്കി കീഴ്മേൽ മറിച്ചു
കരളുരുക്കിയ കാഴ്ചയ്ക്ക് സാക്ഷി ഞാൻ.

# Promotion of Life through Healtch care with Love...






ലത്തീൻ കത്തോലിക്ക സമുദായ ദിനാഘോഷം 2018

ഡിസം. 9 ഞായർ ശംഖുമുഖം കടപ്പുറത്ത് 5 മണിക്ക്

*With the best wishes from...*

**JUBILEE MEMORIAL HOSPITAL**

Meads Lane, Palayam
Thiruvananthapuram 695034
Ph:0471-2334561- 4,6452020

ലേഖനം

ഡോ. എസ്. റെയ്മൺ



**ഒരു ജനതയുടെ യഥാർത്ഥ ചരിത്രം അവരുടെ സാമൂഹ്യ ചരിത്രമാണ്. തിരുവനന്തപുരം രൂപതയിലെ ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ സാമൂഹ്യ ചരിത്രം കേരള സംസ്ഥാനത്തിന്റെ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.**

# ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ സാമൂഹ്യ പശ്ചാത്തലം

തിരുവനന്തപുരത്തെ ലത്തീൻ ക്രിസ്ത്യാനികളുടെ സാമൂഹ്യ പശ്ചാത്തലം പരിശോധിക്കുന്നതിനു മുന്നോടിയായി കേരളത്തിലെ ലത്തീൻ കത്തോലിക്കർ ആരാണെന്ന് പരിശോധിക്കുന്നത് ഉചിതമായിരിക്കും. ലത്തീൻ കത്തോലിക്കർ ഒരേ സമയം കേരളത്തിലെ ഒരു വിശ്വാസി സമൂഹവും ഒരു വികസ്വര- പിന്നാക്ക സമുദായവുമാണ്. ആരാധനാകർമ്മങ്ങളിൽ ലത്തീൻ ഭാഷയും രീതികളും ഉപയോഗിക്കുന്നവരും വിവിധ സമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവരുമായ ഒരു ക്രിസ്തീയ സമൂഹമാണ് 'ലത്തീൻ കത്തോലിക്കർ' എന്ന പേരിൽ അറിയപ്പെടുന്നത്. കൊച്ചിൻ സ്റ്റേറ്റ് മാനുവലിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു. 'റോമാ കത്തോലിക്കക്കാർ പ്രധാന്യേന, മലയാളത്തിലുള്ള പല ജാതിക്കാരും തമ്മിൽ കലർന്നിട്ടുള്ള ഒരു സംഘമാകുന്നു. അവർ പറങ്കികൾക്ക് ആധിപത്യമുണ്ടായിരുന്ന കാലത്ത് ആ മാർഗത്തിലേക്ക് ചേർക്കപ്പെട്ടവരുമാകുന്നു. അവരെ ജ്ഞാനസ്നാനം കഴിപ്പിച്ചത് ലത്തീൻ പട്ടക്കാരായതിനാൽ ലത്തീൻ സമ്പ്രദായ പ്രകാര

മുള്ള കർമ്മങ്ങളും അനുഷ്ഠാനങ്ങളെയുമാണ് അവർ അനുസരിച്ചു വരുന്നത്. 'കേരളത്തിലെ ലത്തീൻ കത്തോലിക്കർ ഒരു വംശീയ സമൂഹമല്ല. അനേകം വംശങ്ങളുടേയും ഗോത്രങ്ങളുടേയും സാംസ്ക്കാരിക പൈതൃകം ലത്തീൻ സമുദായത്തിൽ ഉൾച്ചേർന്നിരിക്കുന്നു. സെമസ്റ്റിക് വർഗക്കാരായ നെസ്തോറിയന്മാർ, ജൂതന്മാർ, കച്ചവടക്കാരായ ചെട്ടികൾ, നായന്മാർ, അറബികളായ മുസ്ലീങ്ങൾ, നമ്പൂതിരിമാർ, ബുദ്ധമതക്കാർ, മുക്കുവർ, ചവളക്കാർ, സാമ്പവർ, പുലയർ, പറയർ, കണക്കന്മാർ, കമ്മാളർ, ചാന്നാന്മാർ, നായാടികൾ, വെളുത്തേടന്മാർ തുടങ്ങിയ വിവിധ ജാതികളിൽ നിന്നും അവയുടെ ഉപജാതികളിൽ നിന്നും മതപരിവർത്തനം ചെയ്തു കത്തോലിക്കാ വിശ്വാസവും ലത്തീൻ റീത്തും സ്വീകരിച്ച ആൾക്കാരും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു'. ലത്തീൻ കത്തോലിക്കരുടെ ഉല്പത്തിയെപ്പറ്റി വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉണ്ടെങ്കിലും കേരളത്തിൽ ലത്തീൻ രീതി സുസ്ഥിരമായി പ്രാബല്യത്തിലായത് പോർച്ചുഗീസുകാരുടെ കാലം മുതൽക്കായിരുന്നു.

## തിരുവനന്തപുരത്തെ ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ രൂപീകരണം

കേരളത്തിൽ എ.ഡി. 52-ാമാണ്ടോടുകൂടി ക്രിസ്തുമതം തുടക്കം കുറിച്ച പാരമ്പര്യമുണ്ടെങ്കിലും തിരുവനന്തപുരം രൂപത ഉൾക്കൊള്ളുന്ന പ്രദേശത്ത് കൃത്യമായി എന്നാണ് ഒരു കത്തോലിക്കാ സമൂഹം രൂപം പ്രാപിച്ചതെന്ന് പറയുക പ്രയാസമാണ്. ആദ്യ നൂറ്റാണ്ടുകളിൽ സെന്റ് തോമസ് ക്രിസ്ത്യാനികളുടെ വാസസ്ഥലമായിരുന്നില്ല തിരുവനന്തപുരം. തിരുവനന്തപുരം രൂപതയിലെ ക്രൈസ്തവ സമൂഹങ്ങൾ മിക്കതും വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ കാലത്ത് രൂപം കൊണ്ടതാണ്. ഇതുകൂടാതെ ഫ്രാൻസിസ്കൻ, ജെസ്യൂട്ട്, കർമ്മലീത്താ മിഷനറി സംഘങ്ങൾ, തിരുവനന്തപുരത്തെ കത്തോലിക്കാ സമൂഹത്തിന്റെ വളർച്ചയ്ക്ക് വളരെയധികം സഹായം നൽകിയിട്ടുണ്ട്. 'പദ്രുവാദോ', 'പ്രോപ്പഗാന്താ' സംവിധാനങ്ങളുടെ പ്രവർത്തനവും ഇവിടത്തെ കത്തോലിക്കാ സമൂഹത്തിന്റെ വളർച്ചയെ സഹായിച്ചിട്ടുണ്ട്.

തെക്കൻ തിരുവിതാംകൂറിന്റെ ഉൾനാടൻ പ്രദേശങ്ങളിൽ ഏറ്റവും അധികം പ്രവർത്തിച്ചത് ആർച്ച്ബിഷപ്പ് അലോഷ്യസ് മരിയ ബൻസിഗർ തിരുമേനിയുടെ നേതൃത്വത്തിലുള്ള മിഷനറിമാരായിരുന്നു. ഒരു പക്ഷേ മതപരിവർത്തനത്തിനും സഭാ വിശ്വാസ പരിപോഷണത്തിനുമായി സ്വന്തം കൈകൊണ്ട് പതിനായിരക്കണക്കിന് കത്തുകളും ഇടയ ലേഖനങ്ങളും അപേക്ഷകളും എഴുതിയ മറ്റൊരു തിരുമേനി മിഷൻ രംഗത്ത് ഉണ്ടോ എന്ന് സംശയമാണ്. തദ്ദേശീയരായ വൈദികരെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയുള്ള സെമിനാരിയും സ്ത്രീ വിദ്യാഭ്യാസത്തിനുള്ള നടപടികളും തിരുമേനി കൈക്കൊണ്ടിരുന്നു. പ്രശസ്തമായ ഹോളി ഏഞ്ചൽസ് സ്കൂളും (1880) സെന്റ് ജോസഫ്സ് സ്കൂളും (1903) ഇക്കാലത്ത് സ്ഥാപിതമായതാണ്. ഓരോ മിഷൻ ഇടവകയ്ക്കും ഓരോ പള്ളിയും, പള്ളിക്കൂടവും, മഠവും, പള്ളിമേടയും ഉണ്ടാക്കുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. 'ഭിക്ഷുവായ ബിഷപ്പ്' എന്ന അപര നാമധേയത്തിൽ അറിയപ്പെട്ടിരുന്ന ബെൻസിഗർ തിരുമേനി യൂറോപ്പിൽ പ്രചരണം നടത്തി ധനസഹായം സ്വീകരിക്കുകയും തിരുവനന്തപുരത്തെ മിഷൻ പ്രവർത്തനങ്ങൾക്ക് അടിത്തറ പാകുകയും ചെയ്തു. തിരുമേനിയുടെ അശ്രാന്ത പരിശ്രമങ്ങളുടെ പരിണിത ഫലമായിട്ടാണ് ചിറയിൻകീഴ്, തിരുവനന്തപുരം, നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളിലേയും തമിഴ്നാട്ടിലെ വിളവംകോട് താലൂക്കിലെ ചില പ്രദേശങ്ങളെയും ഉൾക്കൊള്ളുന്ന തിരുവനന്തപുരം ലത്തീൻ രൂപത 1937-ൽ സ്ഥാപിതമായത് (വിഭജനത്തിലൂടെ പിൽക്കാലത്ത് നെയ്യാറ്റിൻകര രൂപതയും നിലവിൽ വന്നു.)



*മത്സ്യത്തൊഴിലാളി സമൂഹം - ഒരു പൂർവ്വകാല ചിത്രം*

## വൈവിധ്യമുള്ള ക്രൈസ്തവസമൂഹം

വംശീയ സമൂഹമല്ലാത്ത കേരളത്തിലെ ലത്തീൻ കത്തോലിക്കാ വിശ്വാസികളുടെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന പ്രദേശമാണ് തിരുവനന്തപുരം. വൈവിധ്യമുള്ള ക്രിസ്തീയ സമൂഹമെങ്കിലും, വിശ്വാസത്തിൽ അടിയുറച്ച വീക്ഷണമുള്ള സമൂഹമാണ് ഇവിടെയുള്ളത്. നമ്മുടെ സംസ്കാരത്തിന്റെ മുഖമുദ്രയായ 'നാനാത്വത്തിൽ ഏകത്വം' എന്ന സവിശേഷ സ്വഭാവം രൂപതയുടെ കാര്യത്തിലും നമുക്ക് കാണാം. കടലിനോട് മല്ലിടുന്ന

തീരദേശവാസികളും, മണ്ണിനോട് മല്ലിട്ട് ജീവിതം നയിക്കുന്ന കർഷകരും, മറ്റ് നാനാവിധ തൊഴിലുകൾ ചെയ്ത് ജീവിക്കുന്ന വിവിധ ജാതികൾ ഉൾക്കൊള്ളുന്ന സഭാസമൂഹമാണ് തിരുവനന്തപുരത്തുള്ളത്. വിശ്വാസികളുടെ ജനസംഖ്യ നോക്കിയാലും ഇൻഡ്യയിലെ ഏറ്റവും വലിയ രൂപതകളിലൊന്നാണ് തിരുവനന്തപുരം. തിരുവനന്തപുരം അധികാരത്തിന്റെ സിരാകേന്ദ്രം ആയതുകൊണ്ട് ഒരേസമയം അതിരൂപതയ്ക്ക് അധികാരികളുടെ ചങ്ങാത്തവും പ്രഹരവും ലഭിച്ചിട്ടുണ്ട്.

നേരത്തേ സൂചിപ്പിച്ചതുപോലെ ലത്തീൻ കത്തോലിക്കരുടെ സാമൂഹ്യ പശ്ചാത്തലം കേരള സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്തി വിശകലനം ചെയ്യുക അസാദ്ധ്യമാണ്. കേരളത്തിലെ സാമൂഹ്യ ജീവിതത്തിൽ ജാതിയും ജാതി ചിന്തയും സ്വാധീനിക്കാത്ത യാതൊരു മേഖലയുമില്ലായിരുന്നു. കീഴ്ജാതിക്കാർ മേൽജാതിക്കാരനെ തൊട്ടുകൂടാ എങ്കിൽ പിന്നെ അയിത്തമായി. ജാതി നിയമങ്ങൾ ജീവിതത്തിന്റെ ഭാഗമായി മാറുകയും



*തിരുവനന്തപുരം - ഒരു പഴയകാലചിത്രം*

സമൂഹത്തിൽ ശക്തിയാർജിച്ചു വരികയും ചെയ്തു. വേഷം, തൊഴിൽ, ആഹാരം, പാർപ്പിടം, വിനോദം, ആരാധനരീതി എന്നീ കാര്യങ്ങളിൽ ജാതി വ്യവസ്ഥയുടെ സ്വാധീനം വ്യക്തമായിരുന്നു. സഹ ജീവിക്ക് മൃഗതുല്യമായ പരിഗണന പോലും നൽകാത്ത അടിമ സമ്പ്രദായമാണ് ഇവിടെ നിലനിന്നിരുന്നത്.

ഇത്തരമൊരു ജീർണ്ണിച്ച വ്യവസ്ഥ നിലനിന്നിരുന്ന സമൂഹത്തിലേക്കാണ് ക്രിസ്ത്യൻ മിഷണറിമാർ കാൽകുത്തിയത്. വിദേശീയരായ മിഷനറിമാർക്ക് തദ്ദേശീയരായ മേൽജാതിക്കാരിൽ നിന്നും സർക്കാരിൽ നിന്നും ഒരേ സമയം എതിർപ്പു നേരിടേണ്ടി വന്നു. പക്ഷേ, ക്രൈസ്തവ വീക്ഷണവും സ്നേഹവും ക്ഷമയും നിരന്തര പരിശ്രമവും നിമിത്തം അശരണരും ആലംബഹീനരുമായ ഒരു ജനതയ്ക്ക് അടിമത്വത്തിൽ നിന്നും മോചനം നേടുന്നതിനും കേരളത്തിൽ ഒരു നവോത്ഥാനത്തിന് നാന്ദികുറിക്കുന്നതിനും സാധിച്ചു. ഇത്തരുണത്തിൽ പി.കെ. ഗോപാലകൃഷ്ണൻ പറയുന്നത് ശ്രദ്ധേയമാണ്. 'സ്വന്തം പുരോഗതിക്കുള്ള മർദ്ദിത വിഭാഗങ്ങളുടെ യത്നങ്ങളെ ഒരതിരുവരെ സഹാനുഭൂതിയോടെ വീക്ഷിക്കുവാൻ കേരളത്തിലെ മിഷനറിമാർ തയ്യാറായതു മൂലമുണ്ടായ പരിവർത്തനങ്ങളാണ് ആധുനിക കേരളത്തിന്റെ നിർമ്മിതിയെ പ്രധാനമായും സഹായിച്ചത്'.

റോബിൻ ജെഫ്രിയുടെ അഭിപ്രായത്തിൽ ഈ കാലഘട്ടം (1850-1910) ആംഗലീകരണത്തിന്റെയും (anglicisation) ആധുനീകരണത്തിന്റെയും (modernisation) ലൗകീകരണത്തിന്റെയും (secularisation) കാലഘട്ടമാണ്. സമൂഹത്തിൽ പുതിയ വിഭവങ്ങൾ ലഭ്യമായതോടുകൂടി അവ പങ്കിട്ടെടുക്കാനുള്ള മത്സരത്തിൽ 'ക്രിസ്ത്യാനികൾ' പങ്കാളികളാകുകയും അത് അവർക്ക് പ്രയോജനകരമായി മാറുകയും ചെയ്തു. പക്ഷെ, ലത്തീൻ കത്തോലിക്കാ സമൂഹത്തിന്, ഭരണസാരഥികളുടെ സംരക്ഷണം ഉണ്ടായിരുന്ന പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യാനികളുമായോ സമ്പന്നരായ സുറിയൻ ക്രിസ്ത്യാനികളുമായോ മത്സരിക്കുന്നതിനും തങ്ങൾക്ക് അർഹമായി കിട്ടേണ്ടതൊക്കെ നേടുന്നതിനും സാധിച്ചില്ല എന്നത് ഒരു ദു:ഖ സത്യമാണ്. അതിന്റെ ഉത്തരവാദിത്വം ജനങ്ങൾക്കോ പള്ളിക്കോ എന്ന കാര്യം ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

## മതപരിവർത്തനവും ലത്തീൻ സമൂഹവും

തിരുവനന്തപുരം ലത്തീൻ കത്തോലിക്ക രൂപതയിലെ ഭൂരിഭാഗം വിശ്വാസികളും മതപരിവർത്തനത്തിലൂടെ ക്രിസ്ത്യാനികളായവരാണ്. പോർട്ടുഗീസ് ഭരണാധികാരികളും പ്രത്യേകിച്ച് വിശുദ്ധ ഫ്രാൻസിസ് സേവ്യറും പിൽക്കാലത്തുവന്ന മിഷനറി സംഘങ്ങളും മതപരിവർത്തനം നടത്തുന്നതിൽ ഗണ്യമായ പങ്ക് വഹിച്ചിരുന്നു. വാർഡിന്റെയും കോണറിന്റെയും അഭിപ്രായത്തിൽ 'തിരുവിതാംകൂറിൽ മതപരിവർത്തനം നടന്നത് പ്രധാനമായും ക്രിസ്തുമതത്തിലേക്കാണ്. 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തിരുവിതാംകൂറിന്റെ ജനസംഖ്യയിൽ എട്ടിലൊന്നു ക്രിസ്ത്യാനികളായിരുന്നു.' ഹിന്ദു സമൂഹത്തിലെ താണ ജാതിക്കാരിൽ നിന്നുമാണ് ഏറ്റവും അധികം ആളുകൾ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളതെന്ന് തിരുവിതാംകൂർ സെൻസസ് കണക്കുകൾ വ്യക്തമാക്കുന്നു. 1875-ൽ ജനസംഖ്യയുടെ 8.18% ഉണ്ടായിരുന്ന ഹിന്ദു പുലയർ 1931-ഓടുകൂടി ജനസംഖ്യയുടെ 4.07% ആയി കുറഞ്ഞതിൽ നിന്നും അനുമാനിക്കാവുന്നത്, ഏതാണ്ട് ജനസംഖ്യയുടെ 4% വരുന്ന ഹിന്ദു പുലയർ ഈ കാലഘട്ടത്തിൽ ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്തുവെന്നാണ്.

തിരുവിതാംകൂറിലെ രാജാക്കന്മാർ മതസൗഹാർദ്ദത്തിന്റെ കെടാവിളക്കുകളാണ് തങ്ങളെന്ന് അഭിമാനം കൊണ്ടിരുന്നുവെങ്കിലും ക്രിസ്തുമതത്തിലേക്കുള്ള മതപരിവർത്തനത്തെ മനസ്സാലെ എതിർത്തിരുന്നു. പക്ഷെ

പോർട്ടുഗീസ്-ബ്രിട്ടീഷ് ഭരണാധികാരികളുടെ അപ്രീതി ഭയന്ന് മനസ്സില്ലാ മനസ്സോടുകൂടി മതപരിവർത്തനം അനുവദിക്കുവാൻ നിർബന്ധിതരായി. മതപരിവർത്തനത്തിന്റെ ഗതിവേഗം തടയുന്നതിനുകൂടിയാണ്, 1936-ലെ ക്ഷേത്ര പ്രവേശന വിളംബരം പ്രഖ്യാപിക്കാൻ ശ്രീചിത്തിര തിരുനാൾ മഹാരാജാവ് നിർബന്ധിതനായത്.

## ലത്തീൻ കത്തോലിക്കരുടെ സാമൂഹ്യപദവിയും പ്രാധാന്യവും

ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിൽ ഏറ്റവും അധികം ക്രിസ്ത്യാനികൾ വസിച്ചിരുന്നത് തിരുവിതാംകൂറിലായിരുന്നു. പൊതുവേ ക്രിസ്ത്യാനികൾക്ക് സമൂഹത്തിലെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ചില പ്രത്യേക അവകാശങ്ങളും പദവികളും നൽകിയിരുന്നു. 1816-ൽ ജനസംഖ്യയുടെ 12.4% ഉണ്ടായിരുന്ന ക്രിസ്ത്യൻ ജനവിഭാഗം 1931-ൽ ജനസംഖ്യയുടെ 31.5% ആയി ഉയർന്നു.

സമൂഹത്തിൽ സവർണർക്ക് സമാനമുള്ള പദവി നൽകിയിരുന്നില്ലെങ്കിലും ക്രിസ്ത്യാനികളെ ഹിന്ദുമതത്തിലെ അവർണർക്ക് തുല്യരായും കരുതിയിരുന്നില്ല. ക്രിസ്ത്യാനികളുടെ സാമൂഹ്യപദവിയെപ്പറ്റി വാർഡും കോണറും ഇപ്രകാരം പ്രസ്താവിക്കുന്നു:

'അവരുടെ മുൻകാലങ്ങളിലെ സ്ഥിതി എന്തുതന്നെയായിരുന്നാലും, ഇപ്പോൾ സാമൂഹ്യപദവിയിലും സാമ്പത്തിക നിലയിലും അവർ നായന്മാരുടെ തൊട്ടു പിന്നിലാണ്. എന്നാൽ ഏഷ്യാറ്റിക് രാജ്യങ്ങളിൽ ക്രിസ്തുമതത്തിന് സങ്കല്പിച്ചു വരുന്ന പതിത്വം ഇവിടെ അവരുടെമേൽ കല്പിക്കുന്നില്ല'. ഈ നൂറ്റാണ്ടിന്റെ ആദ്യ കാലഘട്ടങ്ങളിൽ വിദ്യാസമ്പന്നരായ ഈഴവ സമുദായത്തിലെ അംഗങ്ങൾ തങ്ങൾക്ക് അവർണ സമുദായങ്ങളിൽ നിന്നും പരിവർത്തനം ചെയ്ത ക്രിസ്ത്യാനികൾ അനുഭവിക്കുന്ന അവകാശങ്ങളും സ്വാതന്ത്ര്യവുമെങ്കിലും അനുവദിക്കണമെന്ന് സർക്കാരിനോട് നിരന്തരം അപേക്ഷിച്ചിരുന്നതും ഒരു ഘട്ടത്തിൽ ഈഴവ സമുദായം കൂട്ടത്തോടെ ക്രിസ്തുമതം സ്വീകരിക്കണമെന്ന് ആഹ്വാനം നടത്തിയതും സമൂഹത്തിൽ മതപരിവർത്തനം ചെയ്ത ക്രിസ്ത്യാനികളുടെ സാമൂഹ്യപദവി സൂചിപ്പിക്കുന്ന വസ്തുതയാണ്.

മേൽപറഞ്ഞ സാമൂഹ്യപദവി പ്രായോഗിക തലത്തിൽ, തിരുവനന്തപുരം ലത്തീൻ കത്തോലിക്കർക്ക് എത്രത്തോളം അനുവദനീയമായിരുന്നുവെന്നത് പ്രത്യേകം അന്വേഷണ വിധേയമാക്കേണ്ട കാര്യമാണ്. ഈ രൂപതയിലെ പ്രധാന വിഭാഗങ്ങളായ മുക്കുവ-നാടാർ-ഈഴവ-ഹരിജൻ ക്രിസ്ത്യാനികൾക്ക് അവർ അർഹിക്കുന്ന സാമൂഹ്യ പദവിയോ ആനുകൂല്യങ്ങളോ ലഭിക്കുന്നുണ്ടോ എന്നും നാം വിചിന്തനം ചെയ്യണം. പലപ്പോഴും ഇവർക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരുവാൻ നിലവിലുള്ള ജാതി-രാഷ്ട്രീയ വ്യവസ്ഥയും സർക്കാരും തടസ്സമായി നിൽക്കുകയാണ്. എസ്.എൻ.ഡി.പി.യും എൻ.എസ്.എസും നടത്തിയതുപോലുള്ള ഒരു സാമൂഹ്യ രാഷ്ട്രീയ മുന്നേറ്റ പ്രസ്ഥാനം പള്ളിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. തടസ്സങ്ങൾ ഏറെയുണ്ടാകുമെങ്കിലും അത്തരമൊരു മുന്നേറ്റത്തിലൂടെ മാത്രമേ സാമൂഹ്യനീതി ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ. അല്ലെങ്കിൽ സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവുമായ മേഖലകളിൽ ലത്തീൻ കത്തോലിക്കരുടെ സഹായത്തോടുകൂടി മറ്റു ക്രിസ്ത്യൻ വിഭാഗങ്ങൾ അനുഭവിക്കുന്ന നേട്ടങ്ങൾ മാറ്റമില്ലാതെ തുടരുകതന്നെ ചെയ്യും. ലത്തീൻ ജനതയുടെ രാഷ്ട്രീയ സാമൂഹ്യ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് സമാനമായ സമുദായ-രാഷ്ട്രീയ സംഘടനകളുമായി കൈകോർത്ത് നീങ്ങേണ്ട സമയം സംജാതമായിരിക്കുകയാണ്.

## പള്ളിയും ജാതിചിന്തയും ലത്തീൻകത്തോലിക്കാ സമൂഹവും



*പാളയം സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലം (പഴയചിത്രം)*

ക്രൈസ്തവ മിഷനറിമാർക്ക് ഇന്ത്യയിൽ നേരിടേണ്ടി വന്നിട്ടുള്ളതിൽ ഏറ്റവും വൈഷമ്യമേറിയ പ്രശ്നം ജാതിവ്യവസ്ഥയും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമാണ്. കേരളത്തിലെ ക്രൈസ്തവസമൂഹം ജാതിചിന്തയ്ക്ക് അതീതമായിരുന്നില്ല. റോമും ചില അവസരങ്ങളിലെങ്കിലും ഇത് അംഗീകരിച്ചിരുന്നതായി രേഖകളിലൂടെ മനസ്സിലാക്കാൻ സാധിക്കും. ഉദാഹരണത്തിന് 1832-ലെ ഒരു സംഭവം ഇവിടെ രേഖപ്പെടുത്തുന്നത് ഉചിതമാണെന്ന് തോന്നുന്നു. കൊച്ചിയിലെ മുക്കുവ ക്രിസ്ത്യാനികളുടെ മക്കൾ വൈദിക പട്ടത്തിന് പഠിക്കുന്നതിനും വൈദികപട്ടം സ്വീകരിക്കുന്നതിനും മറ്റു ക്രിസ്ത്യൻ വിഭാഗങ്ങൾ എതിർത്തപ്പോൾ, 1832-ൽ റോമിൽ നിന്നും നിർദ്ദേശിച്ചതനുസരിച്ച്, ഈ വിഭാഗത്തിൽപ്പെട്ട വൈദിക വിദ്യാർത്ഥികളെ ബോംബെയിലെ

സെമിനാരിയിൽ അയച്ച് വൈദിക പരിശീലനം നൽകുകയും അതിനുശേഷം വൈദികരായി അവരെ അവരുടെ സ്വന്തം ഇടവകയിലോ അവരുടെ സമുദായക്കാർ ഭൂരിഭാഗം വസിക്കുന്ന ഇടവകയിലോ നിയമിക്കുകയും ചെയ്തിരുന്നു. ജാതി വ്യവസ്ഥയുടെ സ്വാധീനം സഭയ്ക്ക് ഗുണത്തേക്കാളേറെ ദോഷമേ ചെയ്തിട്ടുള്ളൂ.

ഏവരേയും തുല്യരായി കാണണമെന്ന സാമൂഹ്യവീക്ഷണം ക്രിസ്തു പഠിപ്പിച്ചുവെങ്കിലും ജാതിചിന്തയുടെ ദുഷ്പ്രവണതകൾ കേരളത്തിലെ ക്രൈസ്തവ സഭകളിൽ ധാരാളമായി കാണുന്നുണ്ട്. മതപരിവർത്തനത്തിനുശേഷവും തന്റെ വിശ്വാസം പുലർത്തുന്ന താഴ്ന്ന ജാതിക്കാരനെ, ക്രിസ്ത്യാനിയായി കാണാതെ താഴ്ന്ന ജാതിക്കാരനായിത്തന്നെ കാണുന്ന പ്രവണത ഇന്നും നിലനിൽക്കുന്നു. ഹൈന്ദവാചാരങ്ങൾക്ക് വിധേയരായതുകൊണ്ടാകാം ക്രിസ്തുമതത്തിന്റെ ഒരു 'കേരളീയവൽക്കരിക്കപ്പെട്ട' പതിപ്പായിട്ടാണ് കേരളത്തിലെ ക്രിസ്തു മതത്തെ വിശേഷിപ്പിക്കാവുന്നത്.

1931-ലെ തിരുവിതാംകൂർ സെൻസസ് കണക്കനുസരിച്ച് ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്തവരിൽ ഭൂരിഭാഗം വിശ്വസികളും ഹരിജൻ വിഭാഗത്തിൽപ്പെട്ടവരാണ്. അതുകൊണ്ടുതന്നെയാകാം ഈ നൂറ്റാണ്ടിന്റെ ആദ്യ കാലഘട്ടങ്ങളിൽ മലയോരങ്ങളിലും ഉൾനാടുകളിലും ഹരിജൻ-ദളിത് വിഭാഗങ്ങൾക്കുവേണ്ടി വലിയ പള്ളികൾ മിഷനറിമാർ പണികഴിപ്പിച്ചിരുന്നത്. എന്നിട്ടും തിരുവനന്തപുരം ലത്തീൻ കത്തോലിക്കാ രൂപതയിലെ വിശ്വാസികളിൽ ഹരിജൻ ക്രൈസ്തവർ ഇന്നൊരു ന്യൂനപക്ഷമായി ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. എന്തിനേറെ, അജപാലന ശുശ്രൂഷാ രംഗത്ത് എത്ര വൈദികർ ഈ വിഭാഗത്തിൽ നിന്നും നമുക്കുണ്ട്? അറിഞ്ഞോ, അറിയാതെയോ നമ്മുടെ ജാതിചിന്ത ദളിത് ക്രൈസ്തവ വിശ്വാസികളുടെ ദൈവവിളിക്കുപോലും വിഘാതമായി നിന്നിരുന്നില്ലേ എന്ന് നാം തുറന്നു ചിന്തിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു.

## ലത്തീൻ കത്തോലിക്കാ സമൂഹവും രാഷ്ട്രീയവും

തിരുവനന്തപുരം ജില്ലയിൽ ഏതാണ്ട് മൂന്നു ലക്ഷത്തിലധികം ലത്തീൻ കത്തോലിക്കാ വിശ്വാസികൾ ഉണ്ടെന്ന് അവകാശപ്പെടുന്നുവെങ്കിലും രാഷ്ട്രീയ രംഗത്ത് ലത്തീൻ സമൂഹത്തിന് കാര്യമായ സ്വാധീനം ചെലുത്തുന്നതിന് സാധിച്ചിട്ടുണ്ട് എന്ന് തോന്നുന്നില്ല. ലത്തീൻ കത്തോലിക്കാ സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ സമരരംഗത്തിറക്കി, കൈപൊള്ളിക്കുകയും അവസാനം കറിവേപ്പിലപോലെ എടുത്തുകളയുകയും ചെയ്തിട്ടുള്ള അനുഭവങ്ങൾ പലതുമുണ്ട്.

തിരുവിതാംകൂറിലെ ഉത്തരവാദിത്വഭരണപ്രക്ഷോഭണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടുള്ള മെമ്മോറിയൽ സമർപ്പണങ്ങളിലും തിരുവിതാംകൂർ ക്രിസ്ത്യൻ പൊളിറ്റിക്കൽ കോൺഫറൻസിന്റെ സ്ഥാപനത്തിലും ലത്തീൻ കത്തോലിക്ക സമൂഹത്തിന് കാര്യമായ പങ്കുണ്ടായിരുന്നു. തിരുവിതാംകൂർ ലാറ്റിൻ ക്രിസ്ത്യൻ മഹാജനസഭ 1932-ൽ സർക്കാർ പ്രഖ്യാപിച്ച ഭരണഘടനാ പരിഷ്കരണത്തിനെതിരായി മെമ്മോറിയൽ സമർപ്പിക്കുകയും പ്രക്ഷോഭണം സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ഒരുപക്ഷേ, അന്നത്തെ രാഷ്ട്രീയ കാലാവസ്ഥയിൽ അക്കാലത്തെ പള്ളിയുടെ നിസ്സംഗതാ മനോഭാവവും കത്തോലിക്കാ വിഭാഗങ്ങളുടെ ജാതിതിരിഞ്ഞുള്ള പ്രവർത്തനവും വിശ്വാസികൾക്ക് പൊതുവേ രാഷ്ട്രീയ കാര്യങ്ങളിലുള്ള താല്പര്യക്കുറവും ലത്തീൻ കത്തോലിക്കർക്ക് കേരള സംസ്ഥാനത്തിന്റെ ആവിർഭാവം കുറിക്കുന്ന ഘട്ടത്തിൽ, ഒരു നിർണായക ശക്തിയായി വളരുന്നതിന് തടസ്സമായി നിന്നു.

1959-ലെ വിമോചന സമരത്തിൽ പള്ളിയുടെ ആഹ്വാനമനുസരിച്ച് തിരുവനന്തപുരം ലത്തീൻ കത്തോലിക്കരിൽ ഭൂരിഭാഗവും പങ്കെടുക്കുകയുണ്ടായി. ഈ സമരത്തിൽ സഭയുടെ പങ്കാളിത്തവും അതുകൊണ്ടുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും ഗൗരവമായ പഠനവും ഗവേഷണവും അർഹിക്കുന്നതാണ്. വിശാലമായ പള്ളികൾ പണിത് കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിമോചന സമരത്തിൽ പങ്കെടുത്ത് ജീവൻ വെടിഞ്ഞ ഫ്ളോറിയും മറ്റു വിശ്വാസികൾക്കും വിശ്വാസ സംരക്ഷകരെന്ന രീതിയിലുള്ള ഒരു സ്മാരകം പോലും നമുക്ക് ചെയ്യുവാൻ സാധിച്ചില്ല എന്ന ദുഃഖസത്യം ഇപ്പോഴും നിലനിൽക്കുന്നു. ഏതായാലും നിലവിലുള്ള രാഷ്ട്രീയ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്ന് ഒരു ലത്തീൻ കത്തോലിക്കനെയെങ്കിലും ഇന്ത്യൻ പാർലമെന്റിലേയ്ക്ക് വിജയിപ്പിക്കാൻ കഴിയുന്ന വിധത്തിൽ സമുദായം രാഷ്ട്രീയാവബോധം നേടിയിട്ടുണ്ടോ എന്ന കാര്യം അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ, ചർച്ചാവിഷയമാക്കേണ്ടതാണ്. ഇവിടെ നാം ഓർക്കേണ്ട ഒരു ചരിത്ര സത്യമുണ്ട്. 1951-ലെ ഒന്നാമത്തെ ലോകസഭയിൽ തിരുവനന്തപുരത്തെ പ്രതിനിധാനം ചെയ്തത് ലത്തീൻ കത്തോലിക്കാ നേതാവായിരുന്ന ശ്രീമതി ആനിമസ്ക്രീൻ എന്ന ധീരവനിതയായിരുന്നു. 65 വർഷങ്ങൾക്ക് മുമ്പുള്ള സാമൂഹ്യ രാഷ്ട്രീയ ശക്തി നമുക്ക് നിലനിർത്താൻ സാധിക്കാത്തതിന്റെ കാര്യം നാം ഗൗരവമായി ചിന്തിക്കണം.

മേൽ സൂചിപ്പിച്ച സാമൂഹ്യപശ്ചാത്തലത്തിൽ ഒരു കാര്യം വ്യക്തമാവുന്നത്, നമ്മുടെ സമൂഹത്തിൽ മാറ്റം ഉണ്ടെങ്കിലും സമൂഹത്തിന്റെ മാറ്റം ശരിയായ വീഥികളിലൂടെയല്ല പോകുന്നത്. വിശ്വ ചരിത്രകാരനായ ടോയൻബിയുടെ വാക്കുകൾ കടമെടുത്തു പറഞ്ഞാൽ, തിരുവനന്തപുരത്തെ ലത്തീൻ കത്തോലിക്കാ സമൂഹം ഒരു 'പ്രതിബന്ധ പുരോഗതി' (Arrested growth)യുടെ അവസ്ഥയിലാണ്. ഇപ്പോൾ സംജാതമായിരിക്കുന്ന ഈ അവസ്ഥയ്ക്കുള്ള കാരണങ്ങൾ വിശകലനം ചെയ്യേണ്ടത് നമ്മുടെ ഓരോരുത്തരുടേയും കടമയാണ്. പള്ളിയുടെ ഭാഗത്തു നിന്ന് വ്യക്തമായ ഒരു കാഴ്ചപ്പാടും നേതൃത്വവും ഇക്കാര്യത്തിൽ അത്യന്താപേക്ഷിതമാണ്.



അതിജീവനത്തിനായി
അണിചേരാം...




ലത്തീൻ കത്തോലിക്ക
## സമുദായദിനാഘോഷം 2018
ഡിസം.9 ശംഖുമുഖത്ത്



HIS EXCELLENCY
DR. JOSEPH KALATHIPARAMBIL

*ആശംസകളോടെ...*

**ലത്തീൻ അതിരൂപത വരാപ്പുഴ**
മറൈൻ ഡ്രൈവ്
കൊച്ചി 682031
ഫോൺ. 0484 2372892




MOST REV. FRANSIC KALLARACKAL



സംഘടിക്കാം... ഒരുമിച്ച് മുന്നേറാം...

ലത്തീൻ കത്തോലിക്ക
## സമുദായദിനാഘോഷം 2018
ഡിസം.9 ശംഖുമുഖത്ത്



RT. REV. DR. JOSEPH KARIKKASSERY

*ആശംസകളോടെ...*

**കോട്ടപ്പുറം രൂപത**
കൊടുങ്ങല്ലൂർ, കേരള 680667
ഫോൺ. 0480 2802165

ലേഖനം

ഡോ. മാർട്ടിൻ പാട്രിക്

# ലത്തീൻ സമുദായത്തിന്റെ പുരോഗതി: ചിന്തയിലും സമീപനത്തിലും മാറ്റം അനിവാര്യം

ഹരിജൻ, ഗിരിജൻ, പിന്നോക്കവിഭാഗം എന്നീ പദങ്ങൾ പ്രസ്തുത സമുദായത്തിൽപ്പെട്ടവരിൽ ഒരു അധമബോധം വളർത്തുന്നു. പിന്നോക്കക്കാരാണെന്ന ചിന്ത അവരെ എപ്പോഴും വേട്ടയാടുന്നു. ഇതിൽനിന്ന് മുക്തി പ്രാപിക്കാമെന്നു വിചാരിച്ചാൽ സമൂഹവും സമ്മതിക്കില്ല. സമൂഹമാകട്ടെ, ചട്ടങ്ങളും തത്വങ്ങളും കാലെ കൂട്ടി ഓരോ സമുദായത്തിനും നിശ്ചയിച്ചിരിക്കുകയാണല്ലോ. ഇവിടെയാണ് നവോത്ഥാന ചിന്തകളുടെയും പ്രസ്ഥാനങ്ങളുടെയും പ്രസക്തി കൂടുന്നത്. നിർഭാഗ്യവശാൽ കേരളം പിന്നോട്ടു പോകുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത് . ശ്രീ നാരായണ ഗുരുവിനെയും, ചട്ടമ്പി സ്വാമികളെയും, സഹോദരൻ അയ്യപ്പനെയും നാഴികക്ക് നാലുനേരം ഉരുവിടുന്നുണ്ടെങ്കിലും അവരുടെ സംഭാവനകളെയും ആശയങ്ങളെയും വിസ്മരിക്കുന്നു. ഒഴുക്കിനെതിരെ നീന്തുകയല്ല ചെയ്യുന്നത്, മറിച്ച് താത്കാലിക നേട്ടങ്ങളുടെ പിറകെ സഞ്ചരിച്ചു സാമൂഹിക പുരോഗതിയെ അടിയറ വയ്ക്കുന്ന കാഴ്ച സാധാരണമായിരിക്കുന്നു. ലത്തീൻ സമുദായവും ഇതിനൊരു അപവാദമല്ല.

## സമുദായ പുരോഗതി

കേരളത്തിലെ ജനസംഖ്യയുടെ ആറു ശതമാനം (ഏകദേശം 20 ലക്ഷം) വരുന്ന ലത്തീൻ സമുദായത്തെ പിന്നോക്ക വിഭാഗമായി കണക്കാക്കുന്നു. നാടാർ, അഞ്ഞൂറ്റികൾ, ആംഗ്ലോ ഇന്ത്യൻ, പരവർ, മുക്കുവർ, ദളിതർ തുടങ്ങിയ പല ഉപവിഭാഗങ്ങളും ഈ സമുദായത്തിന്റെ ഭാഗമാണ്. വലുപ്പ ചെറുപ്പത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വർഗ്ഗീകരണമെന്നു വിശദീകരിക്കാനാണ് അതാതു സമുദായത്തിൽപെട്ടവർ ശ്രമിക്കുന്നത്. ചില പ്രദേശങ്ങളിൽ ചില ഉപ വിഭാഗങ്ങളിൽ 'തെക്കേ കൂട്ടർ', 'വടക്കേകൂട്ടർ' എന്ന ഉപവർഗീകരണം നടത്തി തങ്ങളാണ് 'കൂടിയവർ' എന്ന് സ്ഥാപിക്കാനുള്ള ശ്രമവും കാണാം. പണക്കൊഴുപ്പ് ഈ വർഗ്ഗീകരണത്തെ നിശബ്ദമാക്കുന്ന കാഴചയും ഒറ്റപെട്ടതല്ല എന്ന് പ്രതിപാദിക്കുന്നതിൽ മടിയില്ല.

സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ആളുകൾ എല്ലാ വിഭാഗത്തിലും ഉണ്ടെങ്കിലും പിന്നോക്കത്തിലെ മുന്നോക്കകാരുടെ ഭാഗം ആകാൻ ശ്രമിക്കുന്ന സങ്കീർണമായ അവസ്ഥ സാമൂഹിക പുരോഗതിക്കു കൂച്ചുവിലങ്ങിടുന്ന നടപടിയാണ്. അതേസമയം സാമ്പത്തിക ശ്രേണിയിൽ താഴേക്കിടയിലുള്ളവരാണ് സമുദായത്തിന്റെ ബഹുഭൂരിപക്ഷം. ചരിത്രപരമായി , ഇവർ അധമബോധം ഉള്ളിൽ വെച്ച് ജീവിക്കുന്നവരാണ്. സ്വാഭിമാന ബോധത്തിന്റെ (self esteem) അഭാവമാണ് ഇവർ നേരിടുന്ന മുഖ്യ പ്രശ്നം. ഏതു വിഭാഗത്തിലായാലും, ഏതു ജാതിയിലായാലും നമ്മൾ ഉൾപ്പെടുന്ന വിഭാഗം അതാണെന്ന് പറയാനുള്ള ആർജവം കൈവരിക്കാനുള്ള സാമൂഹിക അന്തരീക്ഷം സൃഷ്ടിക്ക





പെടാത്തതാണ് ഈ അധമബോധത്തിനു കാരണം. ചുരുക്കത്തിൽ ലത്തീൻ കത്തോലിക്കർ പൊതുവിലും, ഉപവിഭാഗങ്ങൾ പ്രത്യേകിച്ചും അവരുടെ ചിന്തയെയും സമീപനത്തെയും തച്ചുടക്കണം. ആരെയും പോലെ നാമും മനുഷ്യരാണെന്നും പണിയെടുത്തു ജീവിക്കുന്നവരെന്ന നിലയിൽ ആരുടെയും ഒത്താശ വേണ്ടന്നുമുള്ള അതിശക്തമായ സ്വാഭിമാനബോധം വളർത്തിയെടുത്തു തലയുയർത്തി നിൽക്കണം. പ്രളയകാലം വരെ ആർക്കും വേണ്ടാതിരുന്ന മൽത്സ്യ തൊഴിലാളികൾ സമൂഹത്തിന്റെ മുഖ്യധാരയിൽ അറിയാതെ എത്തിയില്ലേ! എന്നാൽ പ്രസ്തുത സാഹചര്യത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സമുദായ നേതൃത്വത്തിന് കഴിഞ്ഞിട്ടുണ്ടോ എന്നതും വിലയിരുത്തപ്പെടേണ്ടതാണ്. സമൂഹം കാലക്രമത്തിൽ എല്ലാം മറക്കും; പിന്നോക്കക്കാർ അങ്ങനെ തന്നെ തുടരും. വീണുകിട്ടുന്ന സാഹചര്യങ്ങളെ ഫലപ്രദമായി ഉപയോഗിച്ചില്ലെങ്കിൽ പിന്നെ വിലപിക്കേണ്ടി വരും.

ചിന്തയും സമീപനവും മാറണമെന്ന് പറയാൻ എളുപ്പമാണ്, പക്ഷേ പ്രവർത്തിപഥത്തിൽ എത്തിക്കാനാണ് ക്ലേശം. ഞാൻ പിന്നോക്കകാരനാണെന്ന ചിന്ത ആഴത്തിൽ വേരോടിയിരിക്കുന്ന അവസ്ഥ ഒരുനാൾ കൊണ്ട് മാറ്റാൻ കഴിയില്ല . സമൂലമായ മാറ്റമാണ് ഇവിടെ അനിവാര്യം. അതിനായി ബഹുതലസ്പർശിയായ തന്ത്രം നടപ്പിലാക്കിയെ മതിയാകൂ.

## പരിശീലനവും വിദ്യാഭ്യാസവും

ആദ്യമായി , മുതിർന്ന തലമുറയെ കൂടുതൽ ശ്രദ്ധിക്കുന്നതിനു പകരം നാളത്തെ വാഗ്ദാനങ്ങളായ യുവതലമുറയെയും കുട്ടികളെയും കേന്ദ്രികരിച്ചുള്ള ഓറിയന്റേഷൻ (orientation) പ്രോഗ്രാമുകളും പരിശീലന (training) പരിപാടികളും ആവിഷ്കരിച്ചു നടപ്പിലാക്കണം. സ്വാഭിമാനബോധം വളർത്തുകയെന്ന ലക്ഷ്യത്തിൽ അവരുടെ കുറവുകളെ പരിഹരിക്കുന്നതിനാവശ്യമായ കരിക്കുലം, വിദഗ്ധരുടെ സഹായത്തോടെ വികസിപ്പിച്ചെടുത്തു നടപ്പിലാക്കണം.ഇടവക തലത്തിൽ ഇത്തരം പ്രവർത്തനങ്ങൾക്കു ഊന്നൽ നൽകേണ്ടതാണ്.

വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകുകയെന്ന പതിവ് നിർദേശമാണ് മറ്റൊരു പ്രധാനപ്പെട്ട തന്ത്രം. വിദ്യാഭ്യാസത്തിലൂടെ മുന്നിലെത്തിയവരാണ് സമുദായത്തിന്റെ ഇന്നത്തെ ആകർഷണ ബിന്ദു. ആദ്യകാലത്തു സഭാ നേതൃത്വം കാണിച്ച ശുഷ്കാന്തിയുടെ ഫലമാണിത്. എന്നാൽ ഇക്കാര്യത്തിൽ നാം ഇപ്പോൾ കുറച്ചു പിറകിലാണെന്നു പറയേണ്ടിയിരിക്കുന്നു. നിർധന കുടുംബങ്ങൾ , തീരദേശ വാസികൾ, ദളിതർ, തുടങ്ങിയ വിഭാഗങ്ങളിൽ നിന്നും വിദ്യാഭ്യാസം നേടി വരുന്നവരുടെ എണ്ണം കൂടിയ അളവിൽ സംഭവിക്കുന്നില്ല. സംഭാവനയുടെയും വികസനത്തിന്റെയും പേരിൽ നമ്മുടെ ആർക്കെങ്കിലും സമുദായത്തിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാതെ പോകുന്നെങ്കിൽ അത് പരിശോധിക്കേണ്ടതല്ലേ? എല്ലാ രൂപതകളിലും ഇത് ബാധകമല്ലെങ്കിലും എവിടെയെങ്കിലും ഇത് സംഭവിക്കുന്നുണ്ടെങ്കിൽ അത് ഒഴിവാക്കപ്പെടേണ്ടതാണ്. പുറന്തള്ളപ്പെടുന്നവരുടെ കൂടെയാണ് സഭയും സമുദായ നേതൃത്വവും നിൽക്കേണ്ടത്.പണക്കാരൻ കുടുതൽ പണക്കാരനാകുകയും പാവപ്പെട്ടവൻ കൂടുതൽ പാവപെട്ടവനാകുകയും ചെയ്യുന്ന സാമൂഹിക തിന്മക്കു നാം വളമിട്ട് കൊടുക്കരുത്. ചുരുക്കത്തിൽ, ഒരു വശത്തു സഭാ നേതൃത്വത്തിന്റെ ഭാവനാപൂർണമായ ഇടപെടലും മറുവശത്തു കുട്ടികളുടെയും യുവാക്കളുടെയും ഇടയിലെ വിദ്യാഭ്യാസ പരിശീലനവും ചേരുമ്പോൾ നല്ലൊരു നാളെയെ കുറിച്ച് സ്വപ്നം കാണാൻ കഴിയും; അങ്ങനെ കഴിയണം.

## സാമ്പത്തിക ശാക്തീകരണം

അന്യ സമുദായങ്ങളുടെ വളർച്ച താരതമ്യം ചെയ്തു വിലപിക്കുന്ന രീതി നമ്മുടെ ഇടയിൽ കാണാറുണ്ട്. യഥാർത്ഥത്തിൽ താരതമ്യം തെറ്റല്ല; അതിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് മുന്നേറാൻ ശ്രമിക്കണം. മറിച്ച്, പഴം പുരാണം പറഞ്ഞും വിലപിച്ചും സമയം കളയുകയല്ല വേണ്ടത്. വിദ്യാഭ്യാസപരമായും സാമ്പത്തികമായും നമ്മുടെ പിന്നോക്കം നിന്നവർ മുന്നോക്കം പോയിട്ടുണ്ടെങ്കിൽ അത് വിശകലനം ചെയ്തു പരിഹാര നടപടികൾ സ്വീകരിക്കണം. മുയലിനെ പോലെ ഉറങ്ങുകയല്ല വേണ്ടത്, മറിച്ച് ആമയെ പോലെ ഓടിക്കൊണ്ടിരിക്കുകയാണ് വേണ്ടത്. കർമ്മനിരതരവും ഉറങ്ങാത്തതുമായ മുയലാകാമെങ്കിൽ വളരെ നന്ന്.

സാമ്പത്തിക ഉന്നമനത്തിനായി എല്ലാവരെയും പോലെ സർക്കാർ ജോലി കരസ്ഥമാക്കുക എളുപ്പമല്ല. അതിനു കാരണം വിദ്യാഭ്യാസത്തിന്റെ

കുറവാണു. പല തസ്തികകളിലും ലത്തീൻ കാത്തോലിക്കരുടെ ഒഴിവുകൾ ഇനിയും നികത്താനുണ്ട്. ജനസംഖ്യ ആനുപാതികമായി ലത്തീൻ കത്തോലിക്കർ സർക്കാർ ജോലികളിൽ എത്തിയിട്ടില്ലെന്നുള്ള വിമർശനം ഇവിടെ ചേർത്ത് വായിക്കേണ്ടതാണ്. വിടവ് സംഭവിച്ചെതെവിടെയാണെന്നു കണ്ടെത്തി പരിഹരിക്കാനുള്ള ശ്രമമാണ് ഉണ്ടാവേണ്ടത്. ഏതെങ്കിലും കോണിൽനിന്ന് ഇതിനുള്ള പരിഹാരശ്രമം കണ്ടിട്ടുമില്ല. പകരം, പ്രസ്തുത പ്രശനത്തെ കുറിച്ചുള്ള വേവലാതികളാണ് കേൾക്കാൻ കഴിയുന്നത്. ഇവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ഒരു വശത്തു സ്വീകരിക്കുമ്പോഴും, മറുവശത്തു ആനുകൂല്യങ്ങളുടെ പിറകെ പോകുന്ന രീതിയിൽ നിന്ന് മോചിതരായി സ്വന്തം അധ്വാനത്തിലൂടെ സാമ്പത്തിക ഉന്നമനം കൈവരിക്കാൻ സമുദായ അംഗങ്ങൾക്ക് കഴിയണം. ഇത്തരത്തിലൊരു കാഴ്ചപ്പാട് രൂപപെടുത്തിയാലേ സമുദായ പുരോഗതി സാധ്യമാകൂ. സർക്കാർ ജോലി മാത്രം ആശ്രയിച്ചോ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടു മാത്രമോ പുരോഗതി കൈവരിക്കാമെന്നത് വ്യാമോഹം മാത്രം. ആനുകൂല്യങ്ങൾ ചങ്ങലകളാണെന്ന ബോധ്യം ആദ്യം നമ്മളിലുണ്ടാകണം. അത് പൊട്ടിച്ചെറിയുന്നതിലൂടെ മാത്രമേ നമുക്ക് ഉയരങ്ങളിൽ എത്താൻ കഴിയൂ എന്ന തിരിച്ചറിവ് അവശ്യം ഉണ്ടാകേണ്ടതാണ്. തദ്വാരാ, സാമ്പത്തിക സാമൂഹിക പുരോഗതി നമുക്ക് അകലെ ആകില്ല . സമുദായ പുരോഗതിയ്ക്കായി താഴെ പറയുന്ന നിർദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

## വ്യക്തിഗത ധനകാര്യ മാനേജ്മെന്റ്

ലത്തീൻ കത്തോലിക്കരുടെ വഴിവിട്ട ധൂർത്തു വളരെ പ്രസിദ്ധമാണല്ലോ. എ. ഡി. പതിനാറാം നൂറ്റാണ്ടിൽ, പോർട്ടുഗീസുകാരുടെ ഭരണത്തിന് കീഴിൽ, സാമ്പത്തികമായി മുന്നോക്കം നിന്ന സമുദായമെന്ന ഗർവിൽനിന്ന് പിന്നോക്കാവസ്ഥയിൽ എത്തിയതിനു ഡച്ചുകാരുടെ വരവിനെ മാത്രം പഴിച്ചിട്ടുകാര്യമില്ല; ഒപ്പം, നമ്മുടെ ജീവിത ശൈലിയെയും ചിന്താവൈകല്യത്തെയും വിമർശന വിധേയമാക്കേണ്ടതുണ്ട്. വരവിനനുസരിച്ചു ജീവിക്കാനറിഞ്ഞുകൂടാത്ത പാവം പിന്നോക്ക സമുദായം! ഇവിടെയാണ് അടിയന്തിരമായ ഇടപെടൽ ആവശ്യമായി വരുന്നത്. വ്യക്തികളെയും കുടുംബങ്ങളെയും കേന്ദ്രികരിച്ചുള്ള ധനമാനേജ്മെൻറ് പരിശീലന പരിപാടികൾ രൂപത തലത്തിൽ നടത്തപ്പെടേണ്ടതാണ്. പലപ്പോഴും ഇത്തരത്തിലുള്ള ക്ലാസുകളിൽ പങ്കെടുക്കുന്നത് ഇതാവശ്യമായി വരുന്നവരല്ലായെന്നു കാണാൻ കഴിഞ്ഞിട്ടുണ്ട്. കുടുംബ ബഡ്ജറ്റുകളുടെ ക്ലാസുകൾ പല രൂപതകളും സംഘടിപ്പിക്കുന്നെങ്കിലും ടാർജെറ്റ് ഗ്രൂപ്പിൽ എത്തുന്നില്ല. ഇക്കാര്യത്തിൽ പ്രായോഗിക പരിശീലന ക്ലാസ്സുകളും നടത്തപ്പെടേണ്ടതാണ്. തീരദേശ നിവാസികളുടെ കുടുംബങ്ങൾ, ദളിതർ എന്നീ പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളിലെ അംഗങ്ങളിൽ ധനമാനേജ്മെൻറ് ആശയം ഇനിയും എത്തപ്പെടേണ്ടതുണ്ട്.



## തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ കൂടുതൽ കുട്ടികളെ എത്തിക്കേണ്ടതുണ്ട്. ഷിപ്പിംഗ് കോഴ്സസ്, ഫയർ ആൻഡ് സേഫ്റ്റി , ജി. എസ.ടി.ഫയലിംഗ് ആൻഡ് അക്കൗണ്ടിംഗ് കോഴ്സുകൾ, ടൂറിസം ഗൈഡ്സ് തുടങ്ങി നിരവധി തൊഴിലധിഷ്ഠിത മേഖലകളിൽ ലത്തീൻ കത്തോലിക്കർക്ക് പ്രത്യക മികവ് പ്രദർശിപ്പിക്കാൻ കഴിയും. നാമമാത്രമായ ആളുകൾ മാത്രമാണ് ഇത്തരം മേഖലകളിൽ എത്തിച്ചേരുന്നത്. ഇക്കാര്യത്തിൽ കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും.

## സംരംഭകത്വം

വിദ്യാഭ്യാസം ചെയ്തവർക്കെല്ലാം തൊഴിൽ നൽകാനുള്ള പ്രാപ്തി സർക്കാരിനില്ല; സ്വകാര്യ മേഖലക്കും ഇല്ല. സാധാരണ ജോലികളുടെ തടവറയിൽ നിന്നും നാം ഇനിയെങ്കിലും രക്ഷപെടേണ്ടിയിരിക്കുന്നു. തൊഴിൽ അന്വേഷകരിൽനിന്ന് തൊഴിൽദായകരായി രൂപം പ്രാപിക്കാനുള്ള ശ്രമം കുറച്ചുപേരിലെങ്കിലും ഉണ്ടാകേണ്ടതാണ്. സംരംഭകത്തിനു വളരെയധികം വളക്കൂറുള്ള മണ്ണിലാണ് നാം ജീവിക്കുന്നതെന്ന് വിസ്മരിച്ചുപോകുന്നു. മറ്റേതൊരു വിഭാഗത്തെയും അപേക്ഷിച്ചു നിരവധി സംരംഭക സാധ്യതകളാണ് ലത്തീൻ സമുദായത്തിന് മാത്രമായി പറയാനുള്ളത്. ചില മേഖലകൾ ചുവടെ സൂചിപ്പിക്കുന്നു.

## മത്സ്യ സംസ്കരണ സംരംഭങ്ങൾ

ഭക്ഷ്യ സംസ്കരണ മേഖലയുടെ കീഴിൽ വരുന്നതാണ് മത്സ്യസംസ്കരണ മേഖല. ഇതിന്റെ അനന്ത സാദ്ധ്യതകൾ നാം ഇനിയും ഉപയോഗിക്കേണ്ടിയിരിക്കുന്നു. ചെമീൻ, കണവ, ട്യൂണ, കക്ക, ഞണ്ട് തുടങ്ങിയവയുടെ കയറ്റുമതി സാധ്യതകൾ പ്രയോജനപ്പെടുന്നതിൽ നമുക്ക് അഭിമാനിക്കാൻ തക്കതായ ഒന്നുമില്ല. നമ്മുടെ മുസ്ലിം സഹോദരങ്ങൾ ഇക്കാര്യത്തിൽ വലിയ മാതൃകയാണ്.

ഈ മേഖലയിലെ മറ്റു മൂല്യ വർധന ഉത്പന്നങ്ങളായ മീൻ അച്ചാർ, ഉണക്ക മീൻ, സംസ്കരിച്ച വലിയ മീനുകൾ തുടങ്ങിയവയാണ്. ഇതിലെ

സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന തിലും ശുഷ്കാന്തി ഉണ്ടാവേണ്ടതാണ്.

### തീരദേശ ടൂറിസവുമായി ബന്ധപ്പെട്ട സംരംഭങ്ങൾ

ടൂറിസം കേരളത്തിന്റെ ഭാവി വാഗ്ദാനമാണ്.ഇപ്പോൾ തന്നെ കേരള വരുമാനത്തിന്റെ 10 ശതമാനത്തോളം ഈ മേഖല സംഭാവന ചെയ്യുന്നു.വിദേശതദ്ദേശ ടൂറിസ്റ്റുകൾക്ക് ഒരുപോലെ പ്രിയപ്പെട്ടതാണ് തീരദേശ ടൂറിസം. സുസ്ഥിര വികസനത്തോട് ചേർന്നു നിൽക്കുന്ന ആധുനിക രീതിയാണ് 'ഉത്തരവാദിത്ത ടൂറിസം'. ഇതിനോട് സമരസപ്പെടുന്ന പ്രോജക്ടുകൾ തീരദേശ ടൂറിസത്തെ ആകർഷണീയമാക്കും. നല്ല ടൂറിസ്റ്റ് ഗൈഡുകൾ മുതൽ ഓപ്പറേറ്റർമാരുടെ വരെ കുറവ് ഈ മേഖലയിൽ ഇപ്പോഴും ഉണ്ട്. ഉത്തരവാദിത്തപ്പെട്ട സർക്കാർ ഏജൻസിയുടെ അംഗീകാരം ലഭിക്കുന്ന ടൂറിസ്റ്റു ഗൈഡുകൾക്ക് വരുംകാലത്തു സ്ഥിരവും ഉയർന്നതുമായ വരുമാനം ഉറപ്പു വരുത്തും. പത്താം ക്ലാസ് വിദ്യാഭ്യാസം ഉള്ളവർക്കുപോലും ഉത്തരവാദിത്തപ്പെട്ട ഏജൻസിയുടെ പരീക്ഷ പാസായാൽ, ഗൈഡുമാരായി പ്രവർത്തിച്ചു നല്ല വരുമാനം ഉണ്ടാക്കാം.

### നാളികേര മൂല്യ വർധിത ഉൽപ്പന്നങ്ങൾ

നാളികേര ഉത്പന്നങ്ങൾക്ക് തീരദേശത്തിനുള്ള പ്രസക്തി പണ്ടേ പ്രസിദ്ധമാണല്ലോ. എന്നാൽ, ഇക്കാര്യത്തിൽ 'പണ്ടേ പോലെ ഫലിക്കുന്നില്ല തീരദേശത്തിന്റെ ശൗര്യം' എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. ഇതിനു കാരണം നാളികേര അധിഷ്ഠിതമായ മൂല്യ വർധിത ഉത്പന്നങ്ങളുടെ സാധ്യത നാം തിരിച്ചറിയാതിരുന്നത് കൊണ്ടാണ്. ഇന്നും പല മൂല്യ വർധിത ഉത്പന്നങ്ങളുടെ സംരംഭങ്ങൾ ആരംഭിക്കാൻ സാധ്യതയുണ്ട്. നാളികേര വികസന ബോർഡിന്റെ സേവനം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

### സമുദായബന്ധിത കലാരൂപങ്ങളുടെ സാധ്യതകൾ

ധാരാളം കലാകാരൻമാർ ഉള്ള ഒരു സമുദായമാണ് ലത്തീൻ കത്തോലിക്ക സമുദായം. ഇതിന്റെ നേർചിത്രം നാടകങ്ങളിലും സിനിമയിലും കാണാൻ കഴിയുന്നു. ചിത്ര രചന , അഭിനയം, കഥാ രചന, കരകൗശല നിർമാണം തുടങ്ങി നിരവധി മേഖലകളിൽ തന്റേതായ വ്യക്തിത്വം നിർവഹിക്കാൻ കഴിവുള്ളവരുടെ ഒരു വലിയ നിര തന്നെ സമുദായത്തിനുണ്ട്. പോരെങ്കിൽ സമുദായത്തിനായി അവകാശപ്പെടാവുന്ന പ്രത്യേക കലാരൂപങ്ങളും ഉണ്ട്. അവ പ്രാദേശികമായി നിലനിൽക്കുന്നുവെന്നും കാണാൻ കഴിയും. ചവിട്ടുനാടകം അത്തരത്തിലൊരു കലാരൂപമാണ്. കലാസംരംഭകർ എന്നൊരു വിഭാഗം ഇനിയും കേരളത്തിൽ വളരേണ്ടിയിരിക്കുന്നു. ഇതിന്റെ ഈറ്റില്ലമായി ലത്തീൻ സമുദായത്തിന് രൂപം കൊള്ളാൻ കഴിയും.

### തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രസക്തി ഇതിനകം സൂചിപ്പിച്ചല്ലോ. ഈ രംഗത്ത് നിരവധി സ്ഥാപനങ്ങൾ തുടങ്ങാനുള്ള സാധ്യതയും വലുതാണ്. ഉദാഹരണത്തിന്, ജി.എസ്.ടി. യിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ആളുകളുടെ കുറവ് ഈ രംഗം നേരിടുന്ന വലിയ വെല്ലുവിളിയാണ്. വിദഗ്ദ്ധരുടെ സേവനം വിനിയോഗിച്ചു ഒരു ജി.എസ്.ടി. പരിശീലന കേന്ദ്രം ആരംഭിക്കാവുന്നതാണ്. വലിയ വരുമാന സാധ്യതയുള്ള രംഗമാണിത്. പി.എസ്.സി. പോലുള്ള പരീക്ഷക്ക് തയാറെടുപ്പിക്കുന്ന കോച്ചിങ് സ്ഥാപനങ്ങളും മറ്റും വലിയ സാധ്യതയുള്ള മേച്ചിൽപുറങ്ങളാണ്. പുതിയ രംഗങ്ങൾ കണ്ടെത്താനും അതിൽ വിജയിക്കാനുമുള്ള പരിശീലനവും നൽകാവുന്നതാണ്.

### ഫർണിച്ചറുകളുടെ സംരംഭങ്ങൾ

ആശാരിമാർ, കല്പണിക്കാർ ധാരാളമുള്ള സമുദായമാണ് ലത്തീൻ കത്തോലിക്ക വിഭാഗം. എന്നാൽ ഇവരുടെ സംഭരംഭക സ്വഭാവം വേണ്ടും വണ്ണം പരിപോഷിക്കപ്പെടുന്നില്ല. ഫർണ്ണീച്ചർ വ്യവസായവും വ്യപാരവും വികസിപ്പിക്കാനുള്ള കാര്യശേഷി വികസിപ്പിച്ചെടുത്താൽ ഈ രംഗത്ത് കുതിച്ചുചാട്ടം തന്നെ നടത്താൻ കഴിയും. ധാരാളം പാവപ്പെട്ടവരെ കണ്ണീർക്കയത്തിൽ നിന്നും പിടിച്ചുയർത്താനും ഇത് വഴി തെളിയിക്കും.

### മറ്റു ചെറുകിട സംരംഭങ്ങൾ

ആരംഭിക്കുന്ന ഏതൊരു സംരംഭവും ചെറുകിട മേഖലയിൽ ആയിരിക്കുന്നത് അഭികാമ്യമായിരിക്കും.



ഇന്ത്യയിൽ ചെറുകിട മേഖല വഹിക്കുന്ന പങ്കു വളരെ വലുതാണ്. അനേകം സ്ഥാപനങ്ങൾ ഈ മേഖലയിൽ ആരംഭിക്കാവുന്നതാണ്.അവയുടെ ഒരു വലിയ പട്ടിക തന്നെ തയ്യാറാക്കാൻ കഴിയും. ബന്ധപ്പെട്ട ഏജൻസികൾ ഇക്കാര്യത്തിൽ മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ട്. SIDCO, KITCO തുടങ്ങിയ ഏജൻസികൾ ശരിയായ ഗൈഡൻസും പരിശീലനവും നൽകുന്നു.

സംരംഭങ്ങളുടെ പട്ടിക ഇവിടം കൊണ്ടവസാനിക്കുന്നില്ല. പ്രാദേശികമായി ഇതിൽ കൂട്ടിച്ചേർക്കാവുന്നവ നിരവധിയാണ്.

### തൊഴിലിന്റെ അന്തസ്സും യുവാക്കളും

നാലാമതായി, ഏതു തൊഴിലിനും

അന്തസ്സും അഭിമാനവും ഉണ്ടെന്നുള്ള തിരിച്ചറിവ് നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. ഉന്നത വിദ്യാഭ്യാസമുള്ള യുവാക്കൾ 'യൂബർ' ഡ്രൈവർമാരായി ജോലി ചെയ്യുന്ന കാഴ്ച കൊച്ചി നഗരത്തിൽ ചിരപരിചിതമാണ്. ഇതിൽ എത്രത്തോളം ലത്തീൻ കത്തോലിക്കർ ഉണ്ടെന്നുള്ള നിരീക്ഷണം നമ്മെ നിരാശയിൽ കൊണ്ടെത്തിക്കും. കൂലിപ്പണിക്കാർക്കു കിട്ടുന്ന ദിവസക്കൂലി 800 രൂപയാണ്. ഇതിലും കുറഞ്ഞ ശമ്പളത്തിൽ വിദേശത്തു നാം പണിയെടുക്കുന്നു. എന്നാൽ യുവാക്കളാകട്ടെ നാട്ടിൽ അസൂയയും കുശുമ്പും പറഞ്ഞു നേരം കൊള്ളികളായും സമൂഹത്തിലെ പാരസൈറ്റുകളായും വിരാജിക്കുന്ന ദുഃഖകരമായ അവസ്ഥയാണ് കാണാൻ കഴിയുന്നത്. ഉപഭോഗപരതയുടെ വാണിഭപുരകളാണ് യുവാക്കളെ ആകർഷിക്കുന്നത്. മദ്യവും മയക്കുമരുന്നും തീരപ്രദേശത്തെ യുവാക്കളുടെ ശാപമായി മാറി. ഇന്നത്തെ അനുകൂല സാഹചര്യം മുതലെടുത്തുകൊണ്ടു നാട്ടിലെ സാധാരണ ജോലിക്കായി യുവാക്കളുൾപ്പെടെയുള്ളവർ മുന്നോട്ടു വന്നാൽ സമുദായത്തിന് വരെയധികം പുരോഗതി പ്രാപിക്കാൻ കഴിയും. 'ഗോൾഡൻ അവസരം' എന്ന് ചിലർ വിശേഷിപ്പിക്കുന്ന സംഗതി ശരിക്കും ഇതാണ്.

## സ്ത്രീ ശാക്തീകരണം

സ്ത്രീകൾ ഏതൊരു സമൂഹത്തിന്റെയും ആസ്തിയാണ്. വീട്ടമ്മമാരായി പണിയെടുക്കാനാണ് മിക്ക സ്ത്രീകളുടെയും വിധി. ഇക്കാര്യത്തിൽ ലത്തീൻ കാത്തോലിക്ക സ്ത്രീകളുടെ സ്ഥിതിവിശേഷം കൂടുതൽ ദയനീയമാണ്. ജോലിക്കുപോകുന്നവരാകട്ടെ വീട്ടു ജോലി, സെയിൽസ്ഗേൾസ്, നഴ്സ്മാർ തുടങ്ങിയ പ്രത്യേകതരം ജോലികൾക്കാണ് പോകുന്നത്. ഇവർ, മൊത്തം സ്ത്രീകളുടെ വളരെ ചെറിയ ശതമാനം മാത്രമാണ്. എന്നാൽ വിദ്യാ സമ്പന്നരായ സ്ത്രീകൾ പോലും വീട്ടിൽ വെറുതെയിരിക്കുന്ന അവസ്ഥ സമുദായത്തിന് തികച്ചും ശാപമാണ്. സ്ത്രീകളുടെ ശാക്തീകരണത്തിനായി എടുക്കുന്ന എല്ലാ നടപടികളും സമുദായത്തെ ഉയരങ്ങളിൽ എത്തിക്കാൻ സഹായിക്കും എന്നതിൽ സംശയമില്ല.

## സാംസ്കാരിക ഉന്നമനം

ഒരു ജനതയുടെ അവബോധത്തെയും അനുഭവങ്ങളെയും സർഗാത്മതയെയും നിലനിർത്തുന്നതിനുള്ള നടപടികൾ ജീവവായു പോലെ പിന്തുടരണം. ഇതിനു കാരണം, തലമുറകളുടെ ജീവിത നൈരന്തര്യത്തിൽനിന്ന് ഊറികൂടിയ അനുഭവത്തിന്റെ അടരുകളാണ് സംസ്കാരം. ഈ തിരിച്ചറിവ് നഷ്ടപെടുന്ന ജനത തലച്ചോറില്ലാത്ത ആൾകൂട്ടമാണ്. കാലക്രമത്തിൽ, ഇത്തരം ജനതയ്ക്ക് അടിമത്തത്തിനു കീഴടങ്ങേണ്ടിവരും. അത് സംഭവിക്കാതിരിക്കണമെങ്കിൽ അതീവ ജാഗ്രത പുലർത്തണം. സാംസ്കാരിക പൈതൃകം വളരെയധികം അവകാശപ്പെടാവുന്ന ഒരു സമൂഹമാണ് ലത്തീൻ കാത്തോലിക്ക വിഭാഗം. ഇക്കാര്യത്തിൽ കൂടെകൂടെയുള്ള പുനഃപരിശോധന നടത്തുകയും സാംസ്കാരികമായി സമുദായ അംഗങ്ങളെ മേലോട്ട് ഉയർത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ പുരോഗതിയുടെ ശരിയായ അർത്ഥതലങ്ങളിലേക്കു സഞ്ചരിക്കാൻ കഴിയൂ.

## ഉപസംഹാരം

സമുദായത്തിലെ ഓരോ അംഗങ്ങളെയും ഉണർത്താൻ കഴിയുന്ന ഒരു 'നവ മാതൃകയുടെ' തുടക്കത്തിന് ആരംഭം കുറയ്ക്കേണ്ട സാഹചര്യം അതിക്രമിച്ചിരിക്കുന്നു. നവോത്ഥാനചിന്തകളെ കുറിച്ചും സമുദായ ഉത്ഥാനത്തെക്കുറിച്ചും വായ്തോരാതെ സംസാരിച്ചിട്ട് കാര്യമില്ല. പ്രസംഗത്തിന് ഒരു പഞ്ഞവും ഇല്ല ; പ്രവർത്തിയുടെ കാര്യത്തിൽ വട്ട പൂജ്യം. കെ.ആർ. എൽ. സി.സി. ഉൾപ്പടെയുള്ള സംഘടനകളുടെ പ്രവർത്തനം ആത്മപരിശോധനക്കു വിധേയമാക്കണം. .അടിസ്ഥാന പ്രശ്നങ്ങളെ കൃത്യമായി മനസിലാക്കാതെ പുകമറ സൃഷ്ടിച്ചുകൊണ്ടുള്ള അധരവ്യായാമത്തിനു അടിവരയിടണം. താഴെത്തട്ടിലുള്ളവരുടെ പുരോഗതി അടയാളപ്പെടുത്താതെ , സ്ത്രീകളുടെ ശാക്തീകരണം ഉറപ്പു വരുത്താതെ നടത്തുന്ന ഏതൊരു വിളംബരവും പ്രത്യാശയ്ക്കു വക നൽകുന്നില്ല. ഈ അവസ്ഥ മാറേണ്ടതാണ്; മാറ്റപ്പെടേണ്ടതാണ്. അതിലേക്കായി അൽമായരുടെ മനസ്സിൽ സ്വാഭിമാനതിന്റെ ഊർജം കുത്തിവക്കുന്നതിൽ നിന്ന് വേണം തുടങ്ങേണ്ടത്.എല്ലാ സംഘടനകളും സഭാ നേതൃത്വവും ഒന്നായി നിന്ന് പ്രവർത്തിക്കുകയും വേണം. മനുഷ്യൻ ഇന്ന് നേടിയിട്ടുള്ളതെല്ലാം കൂട്ടായ്മയിൽ നിന്നാണെന്നു പ്രത്യേകം മനസ്സിലാക്കേണ്ടതാണ്; അല്ലാതെ 'റോബിൻസൺ ക്രൂസോ'മാരായി ജീവിച്ചത് കൊണ്ടല്ല. ഈ തിരിച്ചറിവില്ലെങ്കിൽ വ്യക്തി കേന്ദ്രികൃതമായി കരുത്താർജിക്കുന്ന ലോകത്തിനും, വിശിഷ്യാ സമുദായത്തിനും, നവോത്ഥാനം , ജനാധിപത്യം എന്നിവയുടെ സൃഷ്ടികളായ മൂല്യബോധവും , സാമൂഹിക നേട്ടവും സമ്പൂർണമായും നിഷ്ക്രമിക്കും. ●






Artistic creativity blends with
printing technology in lively
combinations of colour

Creating
Lasting
Impressions

St. Joseph's Press

PB No. 415, Cotton Hill, Trivandrum, 695 014, Kerala, India
Tel +91-471-2322888, 2322956, 2322852, 2338595,
6450375, 2327671, Fax +91-471-2329934
E-mail: sjptvmoffice@gmail.com, sjptvm@gmail.com
www.stjosephspress.com


---




ലത്തീൻ കത്തോലിക്ക
സമുദായദിനാഘോഷം 2018
ഡിസം.9 ശംഖുമുഖത്ത്

*With the best Wishes from:*

**MARIARANI CENTRE**
**Ghandhipuram, Sreekariyam P.O**
**Trivandrum 695 017**
**Phone: 0471/2592018**

ലേഖനം

ഷാജി ജോർജ്ജ്

**കേരളമാകമാനമുള്ള ലത്തീൻ സമുദായത്തിന്റെ നന്മയും ക്ഷേമവും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നതിനും ഭരണകേന്ദ്രങ്ങളിൽ നിന്നും ഭരണഘടനാനുസൃതം ലഭിക്കേണ്ട അവകാശങ്ങളും ആനുകൂല്യങ്ങളും സാമൂഹ്യനീതിയും ചോദിച്ചുവാങ്ങുന്നതിനും ലത്തീൻ സമുദായത്തെ ഒറ്റക്കെട്ടായി അണിനിരത്തുന്നതിനും ലക്ഷ്യവച്ച് 2002 മെയ് 24 ന് രൂപംകൊണ്ട കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ അതിന്റെ പ്രവർത്തനം ഇതിനോടകം ഒന്നരപതിറ്റാണ്ട് പിന്നിട്ടുകഴിഞ്ഞു. ഈ കാലയളവിൽ കെആർഎൽസിസിയുടെ പ്രവർത്തനത്തെ വിലയിരുത്തുകയാണ് സമുദായ വക്താവ് കൂടിയായ ലേഖകൻ**

# കെ. ആർ. എൽ. സി. സി. നവോത്ഥാനത്തിന്റെ ചാലകശക്തി

ഒന്നരപ്പതിറ്റാണ്ടിന്റെ ചരിത്രമാണ് കെആർഎൽസിസിക്കുള്ളത്. 2002 മെയ് 24-ന് എറണാകുളം ആശിർഭവനിൽ ലത്തീൻ കത്തോലിക്കാ മെത്രാൻസമിതിയുടെ അന്നത്തെ പ്രസിഡന്റ് ആർച്ചുബിഷപ് ഡാനിയൽ അച്ചാരുപറമ്പിൽ കെആർഎൽസിസിയുടെ ഉദ്ഘാടനം നിർവഹിച്ചു. കടലും കാടും മലയുമൊക്കെ അതിരുകളാക്കി മണ്ണിനോടും പ്രകൃതിയോടും മല്ലിട്ട് ജീവിതത്തിന് നിറം പകരാൻ നന്നേ വിഷമിക്കുന്ന ലത്തീൻ സമുദായംഗങ്ങളുടെ ഉന്നമനിത്തിനായി രൂപംകൊണ്ട ഉന്നതനയരൂപീകരണ ഏകോപനസമിതിയാണ് കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ. കെആർഎൽസിസിയുടെ ദാർശനിക അടിത്തറ ആർച്ചുബിഷപ് ഡോ. സുസപാക്യം പിതാവ് അന്ന് വിശദീകരിച്ചത് ഇങ്ങനെയാണ് : നാം മൂന്നാം സഹസ്രാബ്ദത്തിലേക്ക് പ്രവേശിച്ചുകഴിഞ്ഞു. കേരളത്തിലെ ലത്തീൻ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഇത് പുതിയൊരു ഉണർവിന്റെ കാലഘട്ടമാണ്. പ്രത്യേകിച്ചും വത്തിക്കാൻ സൂനഹദോസിനുശേഷം സഭ ദൈവജനമാണ് എന്ന ദർശനത്തിന്റെ പശ്ചാത്തലത്തിൽ സഭാസംവിധാനങ്ങളിൽ സജീവമായി പങ്കുചേരാനും ഒരു സ്നേഹകൂട്ടായ്മയായി തീരാനുമുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ ലത്തീൻ സമൂഹത്തിൽ ദൃശ്യമാണ്. ഇന്ന് ദേശീയതലത്തിലും സംസ്ഥാനതലത്തിലും ശക്തമായി ഉയർന്നു വരുന്ന സാമൂഹികനീതിയുടെയും സാമൂഹികപരിഷ്കരണങ്ങളുടെയും സന്ദേശം ഈ സമൂഹം മനസ്സിലാക്കുന്നുണ്ട്. ഈ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് മുന്നിലുള്ള വെല്ലുവിളികളെ ക്രിയാത്മകമായി നേരിടുവാനും അതിജീവിക്കുവാനും വേണ്ട അഭിവാഞ്ഛയും ഈ സമൂഹത്തിൽ ആകമാനം കാണുന്നുണ്ട്. സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനാവശ്യമായ ഫലപ്രദമായ സംവിധാനങ്ങൾക്കുവേണ്ടിയുള്ള തിരച്ചിലിലാണ് ഇന്ന് ഈ സമൂഹം.

ലത്തീൻ കത്തോലിക്കരുടെ സാമൂഹ്യഅവശതകളുടെ കാരണങ്ങളിലേക്കും സൂസപാക്യം പിതാവ് വിരൽ ചൂണ്ടുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങനെയാണ്. ഏതൊരു സമുദായത്തിന്റെയും നവോത്ഥാനത്തിന് ആവശ്യമായഘടകം സമുദായോദ്ഗ്രഥനമാണ്. എന്നാൽ ഇന്ന് ലത്തീൻ കത്തോലിക്കർ ഉപജാതികളുടെയും കക്ഷിരാഷ്ട്രീയത്തിന്റെയും പ്രാദേശികചിന്തകളുടെയും നിക്ഷി

പ്ത താല്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടിരിക്കുകയാണ് . വംശീയമോ ജാതീയമോ തൊഴിൽപരമോ ആയ ഒരു ഐക്യം ഈ സമുദായത്തിനില്ല. പ്രശ്നങ്ങൾ പരിഹരിക്കാനും അവകാശങ്ങൾ നേടിയെടുക്കാനും സുസംഘടിതമായ പരിശ്രമങ്ങളൊന്നും നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. വ്യക്തവും ശക്തവുമായ ഒരു നേതൃത്വവും ഇതരസംവിധാനങ്ങളും ഇല്ലാത്തതു കാരണം ലത്തീൻ കത്തോലിക്കരുടെ പേരിൽ വ്യത്യസ്ത താല്പര്യങ്ങളോടുകൂടിയ നിരവധി സംഘടനകൾ പ്രവർത്തിക്കുന്നു. സമുദായത്തിന്റെ അംഗീകാരമോ കാര്യമായ പിന്തുണയോ ഇല്ലാത്ത ഗ്രൂപ്പുകൾക്കും സ്വകാര്യവ്യക്തികൾക്കുതന്നെയും സംഘടനയുണ്ടാക്കാമെന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്നുള്ളത്.

സമുദായത്തിന്റെ ഈ കുറവുകൾ പരിഹരിക്കാനും സാമൂഹികനീതി നേടിയെടുക്കാനുംവേണ്ടിയുള്ള പരിശ്രമങ്ങളുമാണ് കഴിഞ്ഞ 15 വർഷങ്ങളായി കെആർഎൽസിസി നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിൽ എത്രമാത്രം വിജയിച്ചുവെന്നതിനെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാവാം. പക്ഷേ സമുദായം ഏറെ മുന്നോട്ടുകുതിച്ചുവെന്നും അധികാരികളുടെ ശ്രദ്ധ സമുദായത്തിന്റെ പ്രശ്നങ്ങളിലേക്ക് തിരിക്കുന്നതിനും സാധിച്ചുവെന്നതിന് തർക്കമില്ല. ഒരു കാര്യം പ്രത്യേകം പ്രസ്താവിക്കണം. സങ്കുചിതമായ സമുദായതാല്പര്യങ്ങൾക്കപ്പുറത്ത് സമൂഹത്തിന്റെ പൊതു ആവശ്യങ്ങളിലേക്കാണ് കെആർഎൽസിസി ശ്രദ്ധ ചെലുത്തിയത്. ആ വിഷയങ്ങൾ സമുദായത്തിന്റേതുകൂടിയാണ് എന്ന ധാരണയും ബോധ്യവും സമൂഹത്തിനും സമുദായംഗങ്ങൾക്കും പകരുവാനും കെആർഎൽസിസി ശ്രമിച്ചു.

കെആർഎൽസിസി ആദ്യം രൂപം നല്കിയത് അല്മായ കമ്മീഷനാണ്. സമുദായത്തിന്റെ ശക്തിയും പ്രതീക്ഷയും അല്മായരിലാണെന്ന് സഭ തിരിച്ചറിഞ്ഞു. അതിനായി അല്മായ നേതൃത്വത്തെ പ്രത്യേകം പ്രോത്സാഹിപ്പിക്കാൻ കെആർഎൽസിസി പദ്ധതി ആവിഷ്കരിച്ചു. ഈ പതിനഞ്ചുവർഷക്കാലയളവിൽ രണ്ടു മഹാസമ്മേളനങ്ങൾ നമ്മൾ സംഘടിപ്പിക്കുകയുണ്ടായി. 2011-ൽ എറണാകുളത്തും 2015-ൽ തിരുവനന്തപുരത്തും ഈ മഹാസമ്മേളനങ്ങൾ ജനപങ്കാളിത്തംകൊണ്ട് കേരളത്തിന്റെ ചരിത്രത്തിൽ ഇടംനേടി. യഥാക്രമം 2011 ഫെബ്രുവരി 27ന് എറണാകുളം മറൈൻഡ്രൈവിലും 2015 ഫെബ്രുവരി 28ന് തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്തുമാണ് സമ്മേളനങ്ങൾ നടന്നത്. ആദ്യസമ്മേളനത്തിൽ 27 ആവശ്യങ്ങളുടെ അവകാശപത്രികയാണ് അധികാരികൾക്കുമുന്നിൽ കെആർഎൽസിസി ഉയർത്തിയത്. അതിൽപ്രധാനം രാഷ്ട്രീയനീതിക്കുവേണ്ടിയുള്ള സമുദായത്തിന്റെ തീക്ഷ്ണമായ വാദമാണ്. ആ സമ്മേളനത്തിന്റെ പ്രത്യാഘാതം തുടർന്നുവന്ന നിയമസഭാതെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചു. ചരിത്രത്തിലാദ്യമായി 9 സ്ഥാനാർത്ഥികൾ ലത്തീൻസമുദായത്തിന് ലഭിച്ചു. 2015-ൽ നടന്ന ജനജാഗരണജാഥയുടെ സമാപനത്തിലാണ് തിരുവനന്തപുരത്ത് സമുദായമഹാസംഗമം നടന്നത്. 28 ആവശ്യങ്ങളാണ് ജനജാഗരണജാഥ ഉയർത്തിയത്. ഇതിൽ ഏറ്റവും പ്രധാനം തീരദേശനിവാസികൾക്ക് ഭവനനിർമ്മാണത്തിന് തടസ്സം നില്ക്കുന്ന സിആർഇസഡിലെ അപാകതകൾ പരിഹരിക്കണമെന്നുള്ളതായിരുന്നു. എട്ടു ഘട്ടങ്ങളിലായി കേരളത്തിന്റെ തീരദേശജില്ലകളിൽ നടന്ന ജനജാഗരണജാഥയിൽ അഭിവന്ദ്യപിതാക്കന്മാരോടൊപ്പം പതിനായിരങ്ങളാണ് പദയാത്രികരായി പങ്കുചേർന്നത്. ആഴത്തിലുള്ള ഒരു ഉണർത്തുപാട്ടായി ജനജാഗരണജാഥ തലസ്ഥാനനഗരിയിലെത്തി. അതിന്റെ സമാപനത്തിൽ പുത്തരിക്കണ്ടം മൈതാനിയിൽ നടന്ന മഹാസമ്മേളനത്തിൽ ഒരു അല്മായനെ അദ്ധ്യക്ഷനാക്കി സമുദായചരിത്രത്തിന് പു



തിയ നാഴികക്കല്ല് കെആർഎൽസിസി നാട്ടി. തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുകളിൽ എല്ലാവിഭാഗം ജനങ്ങൾക്കും പങ്കാളിത്തം ലഭിക്കണമെന്നത് രാഷ്ട്രീയനീതിയുടെ പ്രതിഫലനമാണെന്ന ചിന്ത കെആർഎൽസിസി കേരളസമൂഹത്തിൽ പങ്കുവച്ചു. കേരളത്തിലെ പഞ്ചായത്ത്, മുൻസിപ്പൽ, കോർപ്പറേഷനുകളിൽ ലത്തീൻസമുദായംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും അതുവഴി കെആർഎൽസിസിക്ക് കഴിഞ്ഞു. സുൽത്താൻപേട്ട് രൂപതയുടെ കീഴിലുള്ള കൊഴിഞ്ഞാമ്പാറയിലെ ജലസമരം കെആർഎൽസിസിയുടെ ചരിത്രത്തിൽ മികവാർന്ന ഒരധ്യായമാണ്. കുടിവെള്ളത്തിനുവേണ്ടി സമരംചെയ്ത ജനങ്ങൾക്ക് പുറംതിരിഞ്ഞുനിന്ന അധികാരികളോട് തിരഞ്ഞെടുപ്പു പ്രക്രിയയിലൂടെ പ്രതികരിക്കാൻ നമുക്കായി. 2014-ലെ ലോകസഭാതെരഞ്ഞെടുപ്പിൽ ആലത്തൂർ മണ്ഡലത്തിൽ നോട്ടക്ക് (നൺ ഓഫ് ദ എബൗ) 21650 വോട്ടുകൾ രേഖപ്പെടുത്തി സുൽത്താൻപേട്ട് രൂപതയുടെ നേതൃത്വത്തി

ലുള്ള ആർബിസി സമരസമിതി കരുത്തുതെളിയിച്ചു. രാജ്യത്ത് വോട്ടിങ് യന്ത്രത്തിൽ നോട്ടക്ക് വോട്ടുചെയ്യാനുള്ള അവസരം ഏർപ്പെടുത്തിയപ്പോൾ ഏറ്റവും ഉയർന്ന നോട്ട വോട്ടുകൾ രേഖപ്പെടുത്തിയ മണ്ഡലമായി അങ്ങനെ ആലത്തൂർ മാറി. ത്രിതലപഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ആർബിസി വടകരപ്പതി പഞ്ചായത്തുഭരണം പിടിച്ചെടുത്തു. ഈ ലേഖനമെഴുതുമ്പോൾ കേരളത്തിന്റെ ജലവിഭവമന്ത്രിയായി കെ. കൃഷ്ണൻകുട്ടി സത്യപ്രതിജ്ഞ ചെയ്യുകയാണ്. വെള്ളത്തിനുവേണ്ടിയുള്ള സമരത്തിന്റെ ഭാഗമായി 2016-ലെ നിയമസഭാതെരഞ്ഞെടുപ്പിൽ അദ്ദേഹത്തെ വിജയിപ്പിക്കുന്നതിന് ആർബിസിയും കെആർഎൽസിസി രാഷ്ട്രീയകാര്യസമിതിയും നടത്തിയ ഇടപെടലുകൾ ആർക്കും തള്ളിക്കളയാനാവില്ല. കൊഴിഞ്ഞാമ്പാറയിലെ ജനങ്ങളുടെ കുടിവെള്ളസമരം വിജയിക്കുമെന്നുതന്നെ കരുതാം.

പന്ത്രണ്ടുവർഷങ്ങൾക്കുമുമ്പ് സമുദായത്തിന്റെ ജിഹ്വയായി ജീവനാദം ആരംഭിക്കാനും നമുക്കു സാധിച്ചു. കേരളത്തിലെ പിന്നാക്ക ന്യൂനപക്ഷവിഭാഗങ്ങളുടെ അവകാ



ശത്തിനും നീതിക്കും വികസനത്തിനും വേണ്ടിയുള്ള സമരത്തിനു ശക്തിപകരുന്നതിനും ജീവനാദം ഇന്ന് വലിയ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്.

ചരിത്രത്തിന്റെ താളുകളിൽ ലത്തീൻസഭയുടെയും സമുദായത്തിന്റെയും സംഭാവനകൾ ബോധപൂർവം തിരസ്കരിക്കാൻ നിരവധിശ്രമങ്ങൾ നടന്നിട്ടുണ്ട്. ആ ചരിത്രയാഥാർത്ഥ്യങ്ങളെ പുനപ്രതിഷ്ഠിക്കാനും കേരള സമൂഹത്തിൽ അവതരിപ്പിക്കാനും കെആർഎൽസിസി നടത്തിയ ശ്രമങ്ങൾ നിരവധിയാണ്. അതിൽ പ്രധാനമാണ് ചരിത്രകാരനായ ജോൺ ഓച്ചന്തുരുത്തിന്റെ പേരിൽ ആരംഭിച്ച ജോമ(ജോൺ ഓച്ചന്തുരുത്ത് മെമ്മോറിയൽ അക്കാദമി ഓഫ് ഹിസ്റ്ററി). അച്ചുകൂടങ്ങളിലൂടെ അക്ഷരവും അറിവും ജനകീയമാക്കാനും അത് ജാതിമൂലം നിഷേധിക്കപ്പെട്ടവർക്ക് നല്കാനും ലത്തീൻസഭ എന്നും ശ്രമിച്ചിട്ടുണ്ട്. ആ ശ്രമങ്ങളുടെ തുടർച്ച തന്നെയായിരുന്നു കെആർഎൽസിസിയുടെ കീഴിൽ ആരംഭിച്ച അയിൻ പബ്ലിക്കേഷൻസ്. ചരിത്രപുസ്തകങ്ങളും മറ്റു ഗ്രന്ഥങ്ങളും ഈ പ്രസാധകഗൃഹത്തിൽനിന്ന് ഇന്ന് കൈരളിക്ക് ലഭിക്കുന്നു.

ജുഡീഷ്യറിയിലും എക്സിക്യൂട്ടീവിലും ലെജിസ്ലേറ്റീവിലും ഈ സമുദായത്തിന് കിട്ടേണ്ട നീതിപൂർവമായ പങ്ക് ലഭിച്ചിട്ടില്ല എന്ന തിരിച്ചറിവ് ആ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ കെആർഎൽസിസിയെ പ്രേരിപ്പിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത വിദ്യാർത്ഥികളെ പ്രത്യേകം ഐ.എ.എസിനുവേണ്ടി പരിശീലിപ്പിക്കുന്ന സിവിൽ സർവീസ് ഗ്രൂമിങ് പ്രോഗ്രാമിൽ ഇന്ന് 102 വിദ്യാർത്ഥികളാണ് കേരളത്തിലെ 12 ലത്തീൻ രൂപതകളിൽനിന്നായി നമുക്കുള്ളത്. നാളെകളിൽ എക്സിക്യുട്ടീവ് തലത്തിൽ നമ്മുടെ വിദ്യാർത്ഥികൾ ഉയരുമെന്നുതന്നെ നമുക്കു പ്രതീക്ഷിക്കാം.

കേരളത്തിന്റെ തീരപ്രദേശം നിരവധിവിഷയങ്ങളാൽ പ്രശ്നകലുഷിതമാണ്. ഈ വിഷയങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രത്തിൽ ഫിഷറീസ് മന്ത്രാലയം വേണമെന്ന് തുടർച്ചയായി കെആർഎൽസിസി ആവശ്യപ്പെടുന്നുണ്ട്. തീരദേശത്തെ സമഗ്രവികസനത്തിനായി ഒരു സ്പെഷ്യൽ പാക്കേജ് കേന്ദ്രസംസ്ഥാനസർക്കാരുകൾക്കു മുന്നിൽ കെആർഎൽസിസി അവതരിപ്പിച്ചു. തീരദേശത്തിന്റെ വികസനത്തിനുവേണ്ടി കെആർഎൽസിസി രൂപീകരിച്ച കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് ഏജൻസി ഫോർ ലിബറേഷന്റെ (CADAL) നേതൃത്വത്തിലാണ് ഈ പാക്കേജ് തയ്യാറാക്കിയത്. 8500 കോടി രൂപയുടെ നിർദേശങ്ങളാണ് അന്നത്തെ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ്ങിനും യുപിഎ അദ്ധ്യക്ഷ ശ്രീമതി സോണിയഗാന്ധിക്കും ആർച്ചുബിഷപ് സൂസപാക്യം പിതാവിന്റെ നേതൃത്വത്തിൽ നമ്മൾ സമർപ്പിച്ചത്. അന്ന് ആ നിർദേശത്തെ അവഗണിച്ചവരും നെറ്റി ചുളിച്ചവരും ഇന്ന് അതംഗീകരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. പക്ഷേ അതിന് ഓഖിയുടെയും മഹാപ്രളയത്തിന്റെയും ദുരന്തഫലങ്ങൾ വേണ്ടിവന്നുവെന്നുമാത്രം. 2017 നവംബർ 29 മുതൽ തീരദേശത്ത് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റിന്റെ സംഹാരതാണ്ഡവത്തിൽ തീരദേശം ആടിയുലഞ്ഞപ്പോൾ അധികാരികൾ നിഷ്ക്രിയരായി. എന്തുചെയ്യണമെന്നറിയാതെ അവർ പകച്ചുനിന്നപ്പോൾ തിരുവനന്തപുരം അതിരൂപതയും കെആർഎൽസിസിയും ചടുലമായ നീക്കങ്ങൾ നടത്തി. കടലിൽ കാണാതായ സഹോദരങ്ങളുടെ കണക്കും ദുരിതാശ്വാസത്തിന് ചെയ്യേണ്ട കാര്യങ്ങളും അക്കമിട്ട് നിരത്താനായി. ദുരിതബാധിതപ്രദേശങ്ങളിൽ പ്രധാനമന്ത്രി സന്ദർശിക്കണമെന്ന ആവശ്യം ആദ്യം ഉയർത്തിയത് കെആർഎൽസിസിയാണ്. ദുരന്തത്തിന്റെ മുറിവുണക്കാൻ അധികാരികൾ സടകുടഞ്ഞ് എഴുന്നേല്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രാജ്ഭവനിലേക്ക് തീരമക്കൾ നടത്തിയ പ്രതിഷേധജാഥ അക്ഷരാർത്ഥത്തിൽ കേരളത്തെ ഞെട്ടിച്ചു. അതിന്റെയൊക്കെ ഫലമായി പ്രഖ്യാപിച്ച ദുരിതാശ്വാസപാക്കേജ് ഇപ്പോഴും പാതിവഴിയിലാണെന്ന് ഓർമ്മിപ്പിക്കട്ടെ.

2018 ഓഗസ്റ്റിലെ മഹാപ്രളയത്തിൽ കേരളത്തിലെ 10 ജില്ലകൾ അകപ്പെട്ടു. മത്സ്യത്തൊഴിലാളിസമൂഹം 65000 പേരെ രക്ഷപ്പെടുത്തിയെന്നാണ് സർക്കാർ കണക്ക്. അതുവരെ അവഗണിക്കപ്പെട്ടവർ കേരളത്തിന്റെ രക്ഷാസൈന്യം എന്ന് പ്രകീർത്തിക്കപ്പെട്ടു. ഈ സൈന്യത്തെയാണ് നാളിതുവരെ അധികാരികൾ വിസ്മരിച്ചതെന്ന് ഉറക്കെപറയട്ടെ.

ലത്തീൻസഭയിൽ 13165 ബിസിസികളുണ്ട്. സഭ ജീവിക്കുന്നതും സമുദായാംഗങ്ങൾ ഒത്തുകൂടുന്നതും ഈ ബിസിസികളിലാണ്. ബിസിസി തലംവരെയെത്തുന്ന പങ്കാളിത്ത സഭാശുശ്രൂഷാ പദ്ധതിയാണ് ഇന്ന് ലത്തീൻ സഭയിൽ പടർന്ന് വലുതാകുന്നത്. കേരള ലത്തീൻ കത്തോലിക്കാമെത്രാൻ സമിതിയുടെ 24 കമ്മീഷനുകളിലൂടെയാണ് ഈ സഭാസംവിധാനം ശക്തിപ്പെടുന്നത്. 13165 ബിസിസികളിൽനിന്നായി തെരഞ്ഞെടുക്കപ്പെട്ട നാലായിരത്തോളം പ്രതിനിധികൾ വല്ലാർപാടത്തെത്തുകയും സമുദായത്തിനായി ഒരു ദശവത്സരപദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. ഈ പദ്ധതി സമുദായത്തിന്റെ മുഖ്യധാരാപ്രവേശനം ഉറപ്പാക്കുകതന്നെ ചെയ്യും.

സമുദായദിനാചരണം കെആർഎൽസിസിയുടെ രൂപീകരണം മുതൽ സമുദായഅംഗങ്ങളിൽ ആവേശംപകർന്ന് നല്കിയ സംഭവമാണ്. സഭയ്ക്കും സമുദായത്തിനും സമൂഹത്തിനുംവേണ്ടി സേവനമനുഷ്ഠിക്കുന്നവരെ ആദരിക്കാനും സമുദായത്തിന്റെ ചരിത്രം പങ്കുവയ്ക്കുന്നതിനും അവകാശങ്ങൾക്കുവേണ്ടി സംഘടിക്കാനും ഈ ദിനം പ്രോത്സാഹനം നല്കുന്നു. വിവിധമേഖലകളിലെ പ്രതിഭകൾക്ക് കെആർഎൽസിസി നല്കിയ അവാർഡുകൾ ഉയർന്ന അംഗീകാരങ്ങൾതന്നെയായി മാറിയിട്ടുണ്ട്.

ആറുമാസക്കാലയളവിൽ സമ്മേളിക്കുന്ന കെആർഎൽസിസി ജനറൽ അസംബ്ലി ഇന്ന് സഭയുടെയും സമുദായത്തിന്റെയും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന വേദിയായി മാറിയിട്ടുണ്ട്. അഭിവന്ദ്യപിതാക്കന്മാർ , വൈദിക-സന്യസ്ത-അല്മായപ്രതിനിധികൾ എന്നിവർ ഈ ജനറൽ അസംബ്ലി അംഗങ്ങളാണ്. ഈ അസംബ്ലി രൂപപ്പെടുത്തുന്ന ചിന്തകളും ദർശനങ്ങളുമാണ് സമുദായത്തിന്റെ കരുത്ത്. രാഷ്ട്രീയം, വികസനം, വിദ്യാഭ്യാസം, യുവജനം, എന്നീ നയരേഖകൾ കെആർഎൽസിസി രൂപപ്പെടുത്തിയിട്ടുണ്ട്. അല്മായർക്കും സംഘടനകൾക്കും മുൻതൂക്കമുള്ള രാഷ്ട്രീയകാര്യസമിതി സാമൂഹ്യ പ്രശ്നങ്ങളിലുള്ള കെആർഎൽസിസിയുടെ ഇടപെടലിന് തുണയാകുന്നുണ്ട്. ദലിത് സമൂഹത്തിന്റെയും വനിതകളുടെയും സംഘടിതരൂപങ്ങൾക്ക് കെആർഎൽസിസി ശക്തി പകർന്നു. ഡിസിഎംഎസിനെയും എൻകെഡിഎഫിനെയും യോജിപ്പിച്ച് ലത്തീൻ സഭയിൽ ദലിത് ക്രൈസ്തവവിഭാഗത്തിന്റെ ഫോറം രൂപീകരിക്കാനും കെആർഎൽസിസിക്കുകഴിഞ്ഞു.

കാര്യങ്ങളിങ്ങനെയൊക്കെയാണെങ്കിലും കെആർഎൽസിസിയുടെ തുടക്കത്തിൽ പലരും ചൂണ്ടിക്കാണിച്ച ലത്തീൻകത്തോലിക്കരുടെ ഒരു പ്രധാനകുറവ് ഇപ്പോഴും അപരിഹാര്യമായി തുടരുന്നു. അത് ഒരു സമുദായമായി നമുക്കു മാറാനായിട്ടില്ല എന്നതുതന്നെയാണ്. ശക്തമായ രൂപതകളും ഉയർന്ന വലുപ്പമുള്ള ദേവാലയങ്ങളും പതിനായിരങ്ങളണിഞ്ഞുചേരുന്ന ഇടവകപെരുന്നാളുകളും നമുക്കുണ്ട്. എന്നാൽ ലത്തീൻ സമുദായം എന്ന വികാരത്തിൽ ഒന്നുചേരാനും സാമൂഹ്യ അവശതകൾ പരിഹരിക്കാനും നമ്മൾ ഇപ്പോഴും അമാന്തം കാണിക്കുന്നു. അത് ഒരുപക്ഷേ നമ്മുടെ പിന്നാക്കഅവസ്ഥകൊണ്ടാകാം. ഇതിനെ മറികടക്കാനാണ് വർഷംതോറുമുള്ള ലത്തീൻസമുദായദിനാചരണം. വിസ്മയിപ്പിക്കുന്ന ചിന്തകൾകൊണ്ട് സമൂഹത്തെ ജ്വലിപ്പിക്കാനും വിശ്വാസതീക്ഷ്ണതയിൽ ആഴപ്പെട്ട് സമൂഹത്തിൽ പ്രവാചകധീരത പുലർത്താനും ക്രൈസ്തവദർശനങ്ങളുടെ വെളിച്ചത്തിൽ നന്മയും നീതിയും സൃഷ്ടിക്കാനും നമുക്ക് കഴിയണം. അതുതന്നെയാണ് കെആർഎൽസിസി ആഗ്രഹിക്കുന്നതും. ●

തിരുവനന്തപുരം അതിരൂപതയിൽപ്പെട്ട ഇടവകകളിലെ
കിടപ്പുരോഗികൾക്ക് സഹായഹസ്തവുമായി
ലെന്നി പീറ്റേഴ്സ് ഫൗണ്ടേഷൻ
"A helping hand here at home & around the world."
LENNY PETERS
foundation



advt

# പണം കായ്ക്കുന്ന പാഴ്മരങ്ങൾ

ടെറിൻ ലോറൻസ്, കഠിനംകുളം

ജപ്തിയാകുന്നതിനു മുൻപ് വിൽക്കാനായത് ഭാഗ്യം ! മോഹിച്ച  വില കിട്ടിയില്ലെങ്കിലും തെറ്റില്ലാത്ത വില കിട്ടി. മരുഭൂമിയിലെ 20 വർഷത്തെ പ്രവാസ ജീവിതത്തിന്റെ ബാക്കിപത്രം! ഒരായുസ്സിന്റെ വില! കടമെല്ലാം വീട്ടാൻ തന്നെ ഇതിന്റെ മുക്കാൽ പങ്കും വേണം. ബാക്കി കൊണ്ടു ഈ നാട്ടിൽ ഇനിയൊരു വീട് വാങ്ങാനാകുമെന്നു തോന്നുന്നില്ല. കുഗ്രാമത്തിലെങ്കിലും, സ്വന്തമായി ഒരു വീട് വാങ്ങാൻ കഴിഞ്ഞെങ്കിൽ മതിയായിരുന്നു. അതുവരെ വാടകവീടുതന്നെ ശരണം.

എങ്ങനെ കഴിഞ്ഞതാ! ഗൾഫിൽ മികച്ച ജോലിയും ശമ്പളവും! സമ്പത്തു കുമിഞ്ഞുകൂടാൻ തുടങ്ങിയപ്പോൾ ഭാര്യക്കെല്ലാം പഴഞ്ചനായി. ഓടിട്ട തറവാടും മരങ്ങളും പശുവും താറാവും കോഴിയുമെല്ലാം ശല്യമായി.  കൊഴിഞ്ഞ ഇലയും പൂക്കളുമെല്ലാം നിരന്തരം ശാപവാക്കുകൾക്കിരയായി. രാവിലേയും വൈകുന്നേരവും വീടും മുറ്റവുമടിക്കുന്നത് അമ്മ ദിനചര്യയുടെ ഭാഗമാക്കിയെങ്കിലും ഭാര്യക്കത് അസ്വസ്ഥതയായി. കുളിയും തേവാരവും കാവിലെ വിളക്കുവയ്ക്കലും തുളസിത്തറയുടെ പരിശുദ്ധികാക്കലും അമ്മക്ക് ജീവശ്വാസംപോലെ തന്നെയായിരുന്നു.

കണ്ടത്തിലെ നെല്ലും പറമ്പിലെ തേങ്ങാ, ചേന, കാച്ചിൽ, ചേമ്പ് എന്നിവയെല്ലാം സമ്പന്നമാക്കിയ പത്തായവും നിത്യോപയോഗത്തിനുള്ള പച്ചക്കറികളും വീടിന്റെ ഐശ്വര്യം വർധിപ്പിച്ചുകൊണ്ടിരുന്നു.  ലോറിയാത്രികരായ  നിതമ്യോപയോഗ സാധനങ്ങൾ കേട്ടുകേൾവിപോലുമില്ലായിരുന്നു  .മനുഷ്യമനസ്സിലെ മതിൽക്കെട്ടുകൾ പറമ്പിനു ചുറ്റും ബാഹ്യരൂപം സ്വീകരിക്കുന്ന ഇന്നിന്റെ ലോകത്തിന് മതിൽക്കെട്ടുകൾ ഇല്ലാതിരുന്ന ഒരു കാലം തികച്ചും അപരിചിതമായിരിക്കും.

സായിപ്പിന്റെ വിദ്യാഭ്യാസം നേടിയതുകൊണ്ടാകണം, ഡിഗ്രിക്കാരനായതോടെ കൈക്കോട്ടും മണ്ണും  ചേറുമെല്ലാം അക്കാലത്തു എന്നെ സംബന്ധിച്ച് അശുദ്ധവസ്തുക്കളായിരുന്നു.

വിമാനമേറി ഗൾഫിലെത്തിയപ്പോഴാണ് മണലാരണ്യത്തിന്റെ കൊടുംചൂടിൽ സ്വന്തം ഗ്രാമത്തിന്റേയും തറവാടിന്റേയും ശീതളിമ ബോധ്യപ്പെട്ടത്. യാന്ത്രികമായി പണിയെടുക്കുന്നു, ഉറങ്ങുന്നു. മികച്ച ശമ്പളം, ആദ്യമാദ്യം സന്തോഷം തന്നെയാണ് സമ്മാനിച്ചത്.

നാട്ടിലെ കൂട്ടുകാരും, ക്ലബ്ബും ആഘോഷങ്ങളും  വൈകുന്നേരത്തെ മൈതാനത്തിലെ കളിയും സമ്മാനിച്ച സന്തോഷം തരാൻ കൈനിറയെ കിട്ടുന്ന  ദർഹത്തിനു കഴിയില്ലെന്ന് ബോധ്യപ്പെടാൻ അധികകാലം വേണ്ടിവന്നില്ല. അച്ഛനുമമ്മയും കൂട്ടുകാരും ചിരട്ടപ്പുട്ടും പാൽക്കഞ്ഞിയും കിണറ്റിലെ വെള്ളത്തിന്റെ തണുപ്പും പകരം വയ്ക്കാനാകാത്ത നന്മയാണെന്നു തിരിച്ചറിയാൻ പ്രവാസജീവിതം വേണ്ടിവന്നു.



കാലചക്രത്തിന്റെ കറക്കത്തിനിടയിൽ ജീവിതത്തിന്റെ അനിവാര്യതയെന്നപോലെ വിവാഹവും കഴിഞ്ഞു. ഭർത്താവിനെ പണം കായ്ക്കുന്ന മരമായി മാത്രം കാണുന്ന ഭാര്യ, ജീവിതത്തിന്റെ ദുരന്തമാണ്. അവളുടെ ഫോൺ വിളികൾ ആവശ്യങ്ങളുടെ പട്ടികയായി ചുരുങ്ങിയപ്പോൾ 'ചേട്ടന് സുഖമാണോയെന്ന' അവൾ ചോദിച്ചിരുന്നെങ്കിൽ എന്ന് വെറുതെ ആശിച്ചു. തങ്ങൾ ആവശ്യപ്പെട്ടതെല്ലാം വാങ്ങിക്കൂട്ടി രണ്ടുവർഷത്തിലൊരിക്കൽ വന്നെത്തുന്ന കൊറിയർ സുർവീസുകാരന്റേതായിരുന്നു മക്കളുടെ മനസ്സിലെ അച്ഛന്റെ സ്ഥാനം!

നഗരത്തിലേക്ക് ചേക്കേറാമെന്ന ഭാര്യയുടെ നിർദേശം ക്രമേണ ശാഠ്യമായി മാറി. കുട്ടികളുടെ പഠനത്തിന് നല്ല സ്കൂളും ട്യൂഷനും എൻട്രൻസ് കോച്ചിങ്ങിനും ഉള്ള സൗക

വൾക്കറിയണ്ട !

തകൃതിയായിത്തന്നെ പണി തുടങ്ങി. നിർമ്മാണസാമഗ്രികൾ പറമ്പിലെത്തിക്കാനും വീടുപണിയാനുമായി തെങ്ങും മാവും പ്ലാവും അമ്പഴവുമൊക്കെ മുറിച്ചുതള്ളുമ്പോൾ മക്കളെ നഷ്ടപ്പെട്ടവരെപ്പോലെ അച്ഛനമ്മമാർ മുറിക്കുള്ളിലിരുന്നു തേങ്ങി. ഒരു മരം മുറിക്കുമ്പോൾ അനേകം ജീവജാലങ്ങളുടെ വീടാണ് നശിപ്പിക്കപ്പെടുന്നതെന്ന ബോധ്യം നൽകാൻ അവളുടെ ഇരട്ട ബിരുദാനന്തര ബിരുദങ്ങൾക്കായില്ല.

വൃക്ഷപൂജ ചെയ്തു മരത്തോടും അതിൽ കൂടൊരുക്കിയിരിക്കുന്ന കിളികളോടും മറ്റു ജീവജാലങ്ങളോടും ഉറുമ്പിനോടുപോലും അനുവാദം ചോദിച്ചു,,ഏറ്റവും അത്യാവശ്യഘട്ടത്തിൽ മാത്രമേ തറവാട്ടിൽ മരം മുറിച്ചിരുന്നുള്ളു. മരം മുറിക്കുന്നതിന് മുൻപുതന്നെ പകരം നട്ടിരിക്കണമെന്നത് തറവാട്ടിലെ അലിഖിത നിയമമാണ്. ഞാനിതാ അതും ലംഘിച്ചിരിക്കുന്നു. അന്ധവിശ്വാസികളെന്നു കളിയാക്കി അവൾ പരിഹസിച്ചു. മുറിച്ചിട്ടിരിക്കുന്ന മരങ്ങൾ അംഗഭംഗം സംഭവിച്ചു വേദനകൊണ്ടു പിടയുന്നതായി തോന്നി. ഈ പാപമെല്ലാം ഞാൻ ഏതു ഗംഗയിൽ കഴുകും?



പ്രകൃതിയുടെ ചങ്ങാതിയായ, നട്ടുച്ചയ്ക്കുപോലും കുളിർമ്മയേകിയ, കളിചിരികളുടെ കലപിലയുള്ള, കാരണവന്മാരുടെ ഉച്ഛ്വാസനിശ്വാസങ്ങൾ തങ്ങിനിൽക്കുന്ന, ഞാൻ പിച്ചവച്ച കളിവീട്, ജെ.സി.ബിയുടെ കരാളഹസ്തങ്ങളാൽ ഏതാനും മണിക്കൂറുകൾക്കിടയിൽ സ്വപ്നങ്ങളുടെ ശവപ്പറമ്പായിമാറി.

കൂട്ടംതെറ്റിയ ഒറ്റയാനെപ്പോലെ ഉയർന്നുവന്ന പുതിയവീട് ഭാര്യയെ സന്തോഷിപ്പിച്ചുകൊണ്ടേയിരുന്നു. ഇന്റീരിയർ, എക്സ്റ്റീരിയർ എന്നൊക്കെപ്പറഞ്ഞു ലക്ഷങ്ങൾ. കേവലം നാണയത്തുട്ടുകളുടെ ലാഘവത്തോടെ ആർകിടെക്റ്റ് കൈക്കലാക്കുമ്പോൾ അവളുടെ സന്തോഷം കണ്ടു ഞാൻ അമ്പരന്നു. ഞാൻ വെറുമൊരു ധനാഗമയന്ത്രം മാത്രം !

വീടുവച്ചു, ആഘോഷമായിത്തന്നെ പാലുകാച്ചിക്കയറിയെങ്കിലും ആ കോൺക്രീറ്റ് കെട്ടിടത്തെ വീടായിക്കാണാൻ എനിക്കായില്ല. പുട്ടുകുറ്റിലകപ്പെട്ട പുട്ടുപൊടിയുടെ അവസ്ഥയിൽ വെന്തുരുകനായിരുന്നു എന്റെ വിധി.

കടബാധ്യതയുടെ മാറാപ്പുമായി മണലാരണ്യത്തിലേക്കു മടങ്ങുമ്പോൾ അടുത്ത വരവിനു പുത്തൻ വീട്ടിലേക്കു കൊണ്ടുവരാനുള്ള സാധനങ്ങളുടെ പട്ടിക ഏല്പിച്ചു ഇതിന്റെ കാര്യം മറക്കല്ലേയെന്നു അവൾ പ്രത്യേകം ഓർമിപ്പിച്ചു. മക്കൾ അവരവരുടെ ലിസ്റ്റ് നേരത്തെ ഏൽപ്പിച്ചിരുന്നു. വറചട്ടിയിൽ നിന്ന് എരിതീയിലേക്കു ഈയാംപാറ്റ മടങ്ങുകയായി .

എണ്ണയുടെ വിലയിടിവ്, സാമ്പത്തികമാന്ദ്യം, സ്വദേശിവൽക്കരണം ....... അരുതാത്തത് സംഭവിക്കുകതന്നെ ചെയ്തു. ജോലിയിൽ നിന്ന് പിരിച്ചുവിടുകയാണെന്ന അറിയിപ്പ് കണ്ണിൽ ഇരുട്ട് നിറച്ചു.

വീട്ടിൽ വിവരമറിയിച്ചു. വീട്ടിൽ നിന്നുള്ള വിളിയുടെ എണ്ണം കുറഞ്ഞു. ഒരായുസിന്റെ കടബാധ്യത, കുട്ടികളുടെ പഠനച്ചെലവ്, വൃദ്ധരായ മാതാപിതാക്കൾ..... ആലോചിച്ചിട്ട് ഒരെത്തുംപിടിയും കിട്ടുന്നില്ല.

തിരികെ വീട്ടിലെത്തിയപ്പോൾ ഭാര്യയുടെയും മക്കളുടെയും പഴയ ആവേശമൊന്നും കണ്ടില്ല. വലിഞ്ഞുകയറിവന്നവന്റെ അവസ്ഥ !

പതിവുപോലെ നെറുകയിൽ മുത്തം നൽകി മാതാപിതാക്കൾ. മകന്റെ ജീവിതത്തിലെ കരടാകാതിരിക്കാൻ എന്നും മൗനത്തിന്റെ വാത്മീകത്തിലൊളിച്ച അവരുടെ ദൈന്യത എന്റെ നൊമ്പരക്കടലിന്റെ ആഴംകൂട്ടി.

പണമില്ലാത്തവൻ പിണമെന്നു കാലം വീണ്ടും തെളിയിച്ചു. കടബാധ്യതയേറി. നിത്യവൃത്തിക്കുപോലും നിവൃത്തിയില്ലാതായപ്പോഴാണ് വീടു വിറ്റാലോ എന്ന ആശയം ഭാര്യ മുന്നോട്ടുവച്ചത്. മുഖമടച്ചു ഒന്ന് കൊടുക്കാനാണ് തോന്നിയത്. പക്ഷെ, രണ്ടു ആത്മാക്കൾ, ഒരിക്കലുമൊന്നിനും തടസ്സം നിൽക്കാത്തവർ, മകന്റേയും കുടുംബത്തിന്റേയും സുസ്ഥിതി മാത്രം സ്വപ്നം കണ്ടവർ, അവരെ വേദനിപ്പിക്കാൻ വയ്യാ.

പക്ഷേ, കാലിനടിയിലെ മണ്ണ് ചോർന്നുപോകാൻ തുടങ്ങിയപ്പോഴേക്കും തീരുമാനം മാറ്റേണ്ടിവന്നു. വീടും പറമ്പും വിൽക്കുകതന്നെ. കാരണവന്മാരുടെ അസ്ഥിത്തറ, കാവ്, അന്നമൂട്ടിയ പറമ്പ്, അമ്മയുടെ പ്രതിഷേധം കണ്ണീരായി പെയ്തിറങ്ങി. അച്ഛൻ മൗനവാത്മീകം കൂടുതൽ ബലപ്പെടുത്തി.

പകുതിയിലധികംവേണം കടബാധ്യത തീർക്കാൻ. മറ്റെവിടെയെങ്കിലുംഇത്തിരിമണ്ണ്, തലചായ്ക്കാൻ സ്വസ്ഥമായൊരിടം !അച്ഛനമ്മമാരുടെ കണ്ണീർ ഇനിയൊരിക്കലും തോരില്ലെന്നറിഞ്ഞിട്ടും, അവർക്കു തന്നെയൊരിക്കലും ശപിക്കാനാവില്ലെന്ന തിരിച്ചറിവാണ് ആത്മഹത്യയുടെ മുനമ്പിൽ നിന്ന് തിരികെ വിളിച്ചത്.

ഓരോ പ്രവാസിയും പാഴ്ജന്മം തന്നെയാണ്. പണം കായ്ക്കുന്ന പാഴ്മരം! വരുമാനമില്ലാത്തയാൽ ചണ്ടി! വെറും ചണ്ടിമാത്രം! ദൈവമേ, എന്തിനു ഇങ്ങനെയൊരു ജന്മം. വെറുമൊരു പാഴ്ജന്മം!

തുടർമഴ 6

ഫാ. ലെനിൻ ഫെർണാണ്ടസ്

# ഒരു വൈധവ്യത്തിന്റെ നിറച്ചാർത്ത്

ആടുമാടുകളുടെയും നാണയമാറ്റക്കാരുടെയും ശബ്ദകോലാഹലങ്ങളാൽ തീർത്തും അശുദ്ധമായ വിജാതീയരുടെ മണ്ഡപം കടന്ന് ജെറുസലേം ദേവാലയത്തിന്റെ സ്ത്രീകളുടെ അങ്കണത്തിലേക്ക് ഒരു പാവം വിധവ വേച്ചു വേച്ചു വരുന്നത് യേശു കണ്ടു. ഫരിസേയരും നിയമജ്ഞരും സദുക്കായരുമായൊക്കെ നിരന്തരം സംവാദത്തിലേർപ്പെട്ടു ക്ഷീണിതനായിരുന്നു യേശു എങ്കിലും അവളോട് എന്തോ പ്രത്യേകത തോന്നിയിട്ടാകും അവളുടെ അടുത്തേക്ക് അവൻ നടന്നെത്തിയത്. കൂടെ ഉണ്ടായിരുന്ന ശിഷ്യന്മാരും അവനെ ശ്രദ്ധിക്കുന്നവരായ ജനങ്ങളും വീണ്ടും ഒരത്ഭുതം ഇപ്പോൾ കാണാം എന്ന മാനസികാവസ്ഥയിലായിരുന്നു. ഇനിയും ഒരത്ഭുതം, അതുണ്ടാകരുത് എന്ന് സെൻഹദ്രിൻ (യഹൂദരുടെ പരമോന്നത മതസംഘം) കീഴ്ത്തട്ടിലേക്ക് നിർദ്ദേശം എത്തിച്ചിട്ടുണ്ടായിരുന്നു. മരിച്ചവനായ ലാസറിനെ ഉയർപ്പിച്ചിട്ട് അവൻ വിപ്ലവത്തിന്റെ തിരികൊളുത്തിക്കഴിഞ്ഞിരുന്നു. ഇനി ഈ അത്ഭുത പ്രവർത്തകൻ മരിച്ചാൽ എന്താണ്, മോശയുടെ നീതിപീഠം എന്ന് പൊതുജനം മനസ്സിലാക്കും. എന്താണിവിടെ സംഭവിക്കാൻ പോകുന്നത് എന്നറിയാതെ ഏവരും യേശുവിനെ ഉറ്റുനോക്കി. ആ വിധവയും യേശുവും എന്തൊക്കെയോ സംസാരിക്കുന്നതുമാത്രം അവർ കണ്ടു. അവളുടെ കണ്ണുകൾ ആർദ്രമാകുന്നതും ഒരമ്മയുടെ സ്നേഹവാത്സല്യത്തോടെ ആ നയനങ്ങൾ അവനെ തഴുകുന്നതും അവർ കണ്ടു. പരിചിത ഭാവത്തോടും ശരീരഭാഷയോടും അവൻ സംസാരിച്ചുകൊണ്ടിരുന്നു ആ പാവം സ്ത്രീയോട്.

അന്ത്രയോസ് അത് ശ്രദ്ധിച്ചു, അവൻ പറഞ്ഞു, ''കണ്ടില്ലേ കണ്ടില്ലേ അവളുടെ കൈയിലെ ആ നാണയങ്ങൾ അവൾ ഗുരുവിന്റെ കൈകളിലേക്ക് വച്ചുകൊടുക്കുന്നത്". അപഹരിച്ചതെല്ലാം നാലിരട്ടിയായി തിരികെ കൊടുത്ത സക്കേവൂസും പാവപ്പെട്ട കർഷകർക്ക് കാളയും കലപ്പയും മത്സ്യത്തൊഴിലാളികൾക്ക് യാനങ്ങളും വെറുതേ നൽകിയ ശതാധിപതനും ഒക്കെ അവരുടെ ഓർമ്മയിൽ വന്നു. ഇല്ല ഈ സ്ത്രീ അവരെപ്പോലെ സമ്പന്നയല്ല, അവൾ തീർത്തും അവശയും ഏകയുമാണ്. അവൾക്ക് ഒന്നും ചെയ്യാനും സാധിക്കില്ല. കാണുമ്പോൾ തന്നെ അറിയാം അവൾ രോഗിയുമാണ്.

തോമസ് പറഞ്ഞു: "കൂട്ടരെ നിങ്ങൾ ഒരു കാര്യം ശ്രദ്ധിച്ചുവോ, പതിവിന് വിപരീതമായി ഗുരു വളരെ കുറച്ചാണ് സംസാരിക്കുന്നത്. അവൾ പറയുന്നതൊക്കെ അവൻ വളരെ ശ്രദ്ധയോടെ കേൾക്കന്നുമുണ്ട്."




കദനങ്ങൾ പങ്കുവയ്ക്കുന്ന സാധാരണക്കാരുടെ മുന്നിൽ അവൻ എന്നും ഒരു ശ്രോതാവായിരുന്നു. അവരുടെ ദുഃഖങ്ങൾ അവനെ പലതും പഠിപ്പിച്ചു. എന്നാൽ അഹംഭാവത്തിന്റെ കൊടുമുടികളിൽ കൂടുകൂട്ടിയവരോട് ഉപമകളിലൂടെയും സാരോപദേശങ്ങളിലൂടെയും വാക്കുകളിലൂടെയും അവൻ നിരന്തരം വാചാലനാവുകയും കലഹിക്കുകയും ചെയ്തിരുന്നു. അതെ അവരുടെ പ്രിയങ്കരനായ ഗുരു, അവരുടെ നാഥനും കർത്താവും ആ വിധവയുടെ മുന്നിൽ തീർത്തും നിശബ്ദനായിരുന്നു. ഒടുവിൽ അവർ പിരിഞ്ഞപ്പോൾ അവന്റെ കരങ്ങൾ വാങ്ങി ചുംബിച്ചിട്ടാണ് ആ സ്ത്രീ ഭണ്ഡാരത്തിന്റെ അടുക്ക

ലേക്ക് നടന്നുനീങ്ങിയത്.

കൽമണ്ഡപങ്ങളോടുചേർന്നുനിന്ന ശിഷ്യന്മാരുടെ അടുക്കലെത്തിയ യേശു പെട്ടെന്ന് ഉന്മേഷവാനായി തീർന്ന പോലെ അവർക്കുതോന്നി. സംവാദത്തിന്റെ ക്ഷീണമൊക്കെ അകന്നുപോയതുപോലെ. ചിരിച്ചുകൊണ്ട് അവൻ അവരോ പറഞ്ഞു, "റൂത്തിന്റെ പുസ്തകത്തിലെ നവോമി എന്ന അമ്മയുടെ കഥ നിങ്ങൾ കേട്ടിട്ടില്ലേ? അകാലത്തിൽ ഭർത്താവും മക്കളും നഷ്ടമായ വിധവ; അങ്ങനെ ഒരു കഥയാണ് ആ സ്ത്രീയുടേത്. എന്നാൽ ഈ അമ്മയുടെ കഥയിൽ ഒരു മാണിക്യം ഒളിഞ്ഞിരിപ്പുണ്ട്. നിനക്കുള്ളതേ അപരന് കൊടുക്കാൻ സാധിക്കൂ എന്നൊരു ചൊല്ല് നിലനിൽക്കുമ്പോൾ നിന്റെ ഇല്ലായ്മകൾ കൈനീട്ടി സ്വീകരിക്കുന്നത് ദൈവം മാത്രമാണ് എന്ന തിരിച്ചറിവിന്റെ മാണിക്യം."

ദേവാലയത്തിന്റെ സുന്ദരകമാനങ്ങളിലേക്ക് കണ്ണികളുയർത്തി നോക്കിയിട്ട് ഉച്ചത്തിൽ ചിരിച്ചുകൊണ്ട് യേശു പറഞ്ഞു, "സോളമൻ എത്രയോ ശ്രദ്ധയോടെയാണ് ഈ ദേവാലയം പണിതത്. ദേവദാരുപ്പലകകൾകൊണ്ട് പൊതിഞ്ഞും സരളമരപ്പലകകൾ നിരത്തിയും കതകുകൾ ഒലിവുതടികളാൽ മെനഞ്ഞും ശ്രീകോവിലിൽ സ്വർണ്ണം പൂശിയും അവൻ വിസ്മയിപ്പിച്ച ദേവാലയം നബുക്കദ് നേസർ തകർത്തെറിഞ്ഞില്ലേ? അനേകം വർഷങ്ങൾ എടുത്ത് ഹേറോദേസ് നിർമ്മിച്ച ദേവാലയം അതിന്റെ സകല പ്രൗഡിയിലും തലയെടുപ്പോടെ നിൽക്കുന്നത് അതൊരു സമ്പന്നരുടെ നിറവിന്റെ പിൻബലത്താലല്ല ദരിദ്രരുടെ വിശ്വാസത്തിന്റെ മനോബലത്താലാണെന്നോർക്കുക മക്കളെ നിങ്ങൾ." ഇതൊന്നും ശാശ്വതമല്ല. കല്ലിന്മേൽ കല്ലുശേഷിക്കാതെ തകർന്നുതരിപ്പണമാകുന്ന കാലം വിദൂരത്തല്ല. അവൻ വീണ്ടും അവരെ വിസ്മയിപ്പിച്ചു. ദേവാലയം നിലകൊള്ളുന്നത് വിശ്വാസത്തിൻ മേലത്രേ ശിലകൾക്കു മേലല്ല. ചിലപ്പോഴൊക്കെ വളരെ വിചിത്രമായി യേശു സംസാരിക്കുന്നതായി അവർക്കെല്ലാവർക്കും തോന്നിയിട്ടുണ്ട്. അവന്റെ രൂക്ഷവിമർശനങ്ങളിൽ മോശയുടെ നിയമവും കടന്നുവരുന്നത് അവരെയെല്ലാം ഭയപ്പെടുത്തി. എന്നാൽ അവനാകട്ടെ ഈ യുവത്വത്തിലും മരണഭയം തീരെയില്ല.



അവൻ അവരോട് പറഞ്ഞു, "നോക്കൂ ആ വിധവ നിക്ഷേപിക്കുന്ന രണ്ടു ചെമ്പുതുട്ടുകൾ കാണുന്നില്ലേ അത് മാത്രമേ ഇന്ന് പറുദീസയിലെ ചർച്ചാവിഷയമാകൂ. മറ്റെല്ലാം സ്വയം സംതൃപ്തിക്കുവേണ്ടിയുള്ള നീക്കുപോക്കുകളാണ്." ഒന്നുകൂടി യേശുപറഞ്ഞു, "ഇവളുടെ ഈ പ്രവർത്തി ലോകം നിലനിൽക്കുവോളം ഓർമ്മിക്കപ്പെടും." തിങ്ങിഞെരുങ്ങിപ്പോകുന്ന ഒരു ജനകൂട്ടം, അവൾ അതിലേക്ക് അലിഞ്ഞലിഞ്ഞുചേർന്നു. ആ ജനാവലിയിൽ കൂടുതലും ദരിദ്രരും വൃദ്ധരും രോഗികളുമായിരുന്നു. സമ്പന്നരൊക്കെ മറ്റു വഴികളിലൂടെ അവരുടെ താമസസ്ഥലങ്ങളിലേക്ക് പോകുന്നു. തുല്യദുഃഖിതരായ പാവങ്ങൾ അവരുടെ നെടുവീർപ്പുകളുമായി സാധാരണ ജീവിതങ്ങളിലേക്കും.

പെട്ടെന്ന് ശിഷ്യരിൽ ഏറ്റവും ഇളയവനായ യോഹന്നാൻ ഓടി കൽപ്പടവുകളിറങ്ങി ആ വിധവയെ അന്വേഷിച്ചുപോയി. പെസഹാ തിരുനാളിനെത്തിയ ജനക്കൂട്ടത്തിൽ നിന്ന് എങ്ങനെ അവന് ആ അമ്മയെ കണ്ടെത്താൻ സാധിക്കും? അത് തീർത്തും അസാധ്യമാണെന്ന് അവിടെ കൂടിനിന്ന എല്ലാ ശിഷ്യന്മാർക്കും യേശുവിനും അറിയാം. എങ്കിലും അവരാരും അവനെ തിരിച്ചുവിളിച്ചില്ല. അവനെന്തെങ്കിലും മനസ്സിൽ ഓർത്തിട്ടാകണം അങ്ങനെ ചെയ്തത്. യോഹന്നാന്റെ വരവും പ്രതീക്ഷിച്ച് അവരെല്ലാവരും അവിടെ തന്നെ നിന്നു. ഒടുവിൽ അവൻ തിരിച്ചെത്തി. പ്രതീക്ഷിച്ചതുപോലെ നിരാശനായി തന്നെ. ഓടി തിരിച്ചെത്തിയ അവൻ ഒന്നും ഓർക്കാതെ യേശുവിനെ കെട്ടിപ്പിടിച്ചു ഏങ്ങി ഏങ്ങി കരഞ്ഞു. ആരും അവരോട് ഒന്നും മിണ്ടിയില്ല. കാരണം യേശുവും യോഹന്നാനും തമ്മിലുള്ള സ്നേഹത്തിന്റെ ആഴം അവർക്കും അറിവുള്ളതാണ്. എന്നാൽ യോഹന്നാന്റെ ജ്യേഷ്ഠ സഹോദരനായ യാക്കോബിന് എല്ലാം മനസ്സിലാകുന്നുണ്ടായിരുന്നു. യോഹന്നാൻ ചിലപ്പോഴൊക്കെ അങ്ങനെയാണ് യേശുവിനെ കണ്ടുമുട്ടിയതിനുശേഷമാണ് അവൻ അമ്മയുടെ മരണത്തിന്റെ ആഘാതത്തിൽ നിന്ന് പുറത്തുവന്നത്. ആ വിധവയുടെ മുഖവും ചേഷ്ടകളും കണ്ടപ്പോൾ അവൻ അമ്മയെ ഓർത്തുകാണും. അമ്മയെ ഓർക്കുമ്പോഴാണ് യോഹന്നാൻ ഇത്ര സ്വാതന്ത്ര്യത്തോടെ യേശുവിന്റെ മാറിൽ മുഖം പൂഴ്ത്തി പൊട്ടിക്കരയാറ്.

ദേവാലയം വിട്ടുപോകുന്നതിനുമുൻപ് അവർ ഒരത്ഭുതത്തിനുകൂടി സാക്ഷിയായി. അത് രോഗികളുടെ സൗഖ്യമോ മൃതരുടെ ഉയിർപ്പോ ആയിരുന്നില്ല. അമ്മസ്നേഹത്തിനായി വിലപിക്കുന്ന മക്കളും ഏകാന്തതയുടെ മുറിവുപേറുന്ന വൈവിധ്യങ്ങളും ദാരിദ്ര്യത്തിന്റെ അപമാനം പേറുന്ന മിഴികളും അവന്റെ മൃദുസ്പർശത്താൽ ദൃഢമാകുന്ന അത്ഭുതം കണ്ടുകൊണ്ടാണ് അവർ അന്ന് ജെറുസലേം ദേവാലയത്തിന്റെ പടികളിറങ്ങിയത്.


ലത്തീൻ കത്തോലിക്ക
സമുദായദിനാഘോഷം 2018
ഡിസം.9 ശംഖുമുഖത്ത്
With the best wishes from:
MANAGER, PRINCIPAL, STAFF & STUDENTS
HOLY ANGELS' ISC SCHOOL
WATT LANE, NANTHANCODE, THIRUVANANTHAPURAM


Education is the most powerful weapon which you can use to change the world.
_Nelson Mandela
With the best wishes from
MANAGER, PRINCIPAL, TEACHERS & STUDENTS
St.Joseph's Higher Secondary School
Palayam, Thiruvananthapuram, Kerala 695001
Ph. 0471 - 2470970
ലത്തീൻ കത്തോലിക്ക സമുദായ ദിനാഘോഷം 2018
ഡിസം. 9 ഞായർ ശംഖുമുഖം കടപ്പുറത്ത് 5 മണിക്ക്

ലേഖനം

വിൽസി പി. ജോർജ്ജ്




# മദ്യപാനത്തിന്റെ - സാമ്പത്തിക സാമൂഹികമാനങ്ങൾ

**ഇന്ത്യയുടെ മദ്യപാന തലസ്ഥാനമായി കേരളം മാറിയിരിക്കുന്നുവെന്നാണ് സർവ്വേ ഫലങ്ങൾ സൂചിപ്പിക്കുന്നത്. കേരള ജനസംഖ്യയുടെ പതിനേഴ് മുതൽ 20 ശതമാനം പേർ മദ്യപാനികളാണ്. അതായത് ഏകദേശം 45 ലക്ഷം മദ്യപാനശീലമുള്ളവരും അതിൽ 17 ലക്ഷം പേർ ദിനവും മദ്യപിക്കുന്നവരുമാണ്.**

മനുഷ്യർ സമൂഹജീവിയാണ്. അപ്പനും അമ്മയും സഹോദരങ്ങളും ഉൾപ്പെടുന്ന സമൂഹം, കുടുംബം, വിദ്യാലയം, സമുദായം, രാഷ്ട്രം എന്നിങ്ങനെയുള്ള സമൂഹങ്ങളിലൂടെ മനുഷ്യൻ ജീവിക്കുന്നു. ഒരു വ്യക്തിയുടെ ജീവിതം മറ്റുള്ളവരുടെ ജീവിതത്തോട് കെട്ടുപിണഞ്ഞാണ് നിലനിൽക്കുക. സമൂഹത്തിലുണ്ടാകുന്ന മാറ്റങ്ങൾ വ്യക്തികളേയും വ്യക്തികളിലുണ്ടാകുന്ന മാറ്റങ്ങൾ സമൂഹത്തെയും ബാധിക്കുന്നു.

വിദ്യാഭ്യാസവും, ആരോഗ്യവും, നൈപുണ്യങ്ങളും ശ്രേഷ്ഠ മനോഭാവങ്ങളും ധാർമ്മികചിന്തയും ലക്ഷ്യബോധവും പ്രതിബദ്ധതയും ജനാധിപത്യ മര്യാദകളും ജ്ഞാനവുമുള്ള മാനവവിഭവമാണ് കെട്ടുറപ്പുള്ള ഒരു സമൂഹത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. ആദർശവും മാതൃകയും വഴി സദാചാരതയിൽ അസാധാരണമാംവിധം ഉറച്ചു നിൽക്കുന്ന യുവത്വമാണ് ആ സമൂഹത്തിന്റെ ശക്തി.

വിദ്യാഭ്യാസരംഗത്തെ പോലെ ആരോഗ്യത്തിനും വികസിത രാജ്യങ്ങൾക്കും നിലനിൽക്കാൻ പോന്ന മാനവിഭവശേഷി കൊണ്ട് അനുഗ്രഹീതമാണ് കേരളമെങ്കിലും കേരളീയന്റെ ദിശാബോധത്തെ, ഉൾക്കാഴ്ചയെ കർമ്മശേഷിയെ നിർജീവമാക്കാൻ പോന്ന വലിയ വിപത്തായി ലഹരി ഉപയോഗം മാറിയിരിക്കുന്നു.

ഇന്ത്യയുടെ മദ്യപാന തലസ്ഥാനമായി കേരളം മാറിയിരിക്കുന്നുവെന്നാണ് സർവ്വേഫലങ്ങൾ സൂചിപ്പിക്കുന്നത്. കേരള ജനസംഖ്യയുടെ 17 മുതൽ 20 ശതമാനം പേർ മദ്യപാനികളാണ്. അതായത് ഏകദേശം 45 ലക്ഷം മദ്യപാനശീലമുള്ളവരും അതിൽ 17 ലക്ഷം പേർ ദിനവും മദ്യപിക്കുന്നവരുമാണ്. നാഷണൽ മെന്റൽ ഹെൽത്ത് സർവേ പ്രകാരം ഇന്ത്യയിൽ 10.7 % ത്തോളം പേർ മാനസികരോഗ പ്രശ്നങ്ങൾ ഉള്ളവരാണ്. മദ്യപാനവും മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗവുമാണ്, യുവജനങ്ങളിൽ കടുത്ത മാനസിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. 100 മദ്യപാനികളിൽ 18 പേരെങ്കിലും മനോരോഗമോ, വിഷാദരോ

ഗമോ സംശയരോഗമോ പിടിപെട്ടവരാണ്. മദ്യപാനികളുടെ കുടുംബങ്ങളിലാകട്ടെ 100 ൽ 7 കുടുംബങ്ങളിലെങ്കിലും മനോവൈകല്യമുള്ളവർ ജനിക്കുന്നുമുണ്ട്. മദ്യപാനം മൂലം കേരളത്തിൽ ലക്ഷത്തോളം പേർ കരൾ രോഗികളാണ്. ഇന്ത്യയിലെ ആത്മഹത്യകളുടെ 10 ശതമാനം നടക്കുന്നത് ജനസംഖ്യയിൽ 5.1% മാത്രമുള്ള കേരളത്തിലാണ്. അതിന് കാരണമാകട്ടെ, മദ്യവും ലഹരിപദാർത്ഥങ്ങളും. കേരളത്തിലെ കുടുംബകലഹങ്ങളിൽ, ഗാർഹിക പീഡനങ്ങളിൽ 85 ശതമാനവും മദ്യപാനം മൂലമാണ്. റോഡപകടങ്ങളിൽ 60 ശതമാനവും മദ്യലഹരിയിൽ വാഹനമോടിക്കുന്നതുമൂലമാണ്.

കേരളീയന്റെ വർധിച്ചുവരുന്ന മദ്യാസക്തി കൊണ്ടുണ്ടാകുന്ന ഏറ്റവും വലിയ സാമൂഹിക പ്രശ്നമാണ്. ദിനവും നാം വായിച്ചറിയുന്ന ലൈംഗിക പീഡനങ്ങൾ. ആൺ-പെൺ വ്യത്യാസമില്ലാതെ അച്ചനെന്നോ അമ്മയെന്നോ കൂടെപ്പിറപ്പെന്നോ ഭേദമില്ലാതെ പീഡനത്തിനിരയാക്കുന്നവരുടെ എണ്ണം ദിനംപ്രതി വർധിച്ചുവരികയാണ്. ഇത് ജനാധിപത്യത്തിന്റെ അസ്ഥിവാരത്തെ തന്നെ ഇളക്കുന്നു. മുമ്പ് 300 പേരിലൊരാൾ മദ്യപിച്ചിരുന്ന സ്ഥാനത്ത് ഇന്ന് 20 പേരിലൊരാൾ മദ്യപാനിയാണ്. കേരളത്തിലെ ജനസംഖ്യയുടെ 5% പേർ പൂർണമായും മദ്യത്തിനടിമകളാണ്. 80 കളിൽ മദ്യ ഉപഭോക്താക്കളുടെ പ്രായം 18 വയസ്സായിരുന്നത് 4 പതിറ്റാണ്ടുകൾ പിന്നിട്ടപ്പോൾ പത്തിനും പന്ത്രണ്ടിനും ഇടയിലുള്ള കൗമാരക്കാരിലേക്ക് കൂടുമാറി. ആളോഹരി മദ്യപാനം ഏറ്റവും കൂടുതൽ എന്ന കുപ്രസിദ്ധിയും ദൈവത്തിന്റെ സ്വന്തം നാടിന് ലഭിച്ചിരിക്കുന്നു. മദ്യവും മറ്റ് ലഹരി വസ്തുക്കളും ദൈവത്തിന്റെ സ്വന്തം നാടിനെ പിശാചിന്റെ തറവാടാക്കി മാറ്റുന്ന വിനാശാത്മകമായ ദുരവസ്ഥയ്ക്ക് നാം സാക്ഷികളാവുകയാണിവിടെ.

വ്യക്തികളുടെ പക്വമായ വളർച്ചയ്ക്കും സാമൂഹിക മൂല്യങ്ങൾ കരുപിടിപ്പിക്കുന്നതിനും കുടുംബങ്ങളുടെയും നാടിന്റെയും ധാർമ്മിക പുരോഗതിക്കും കെട്ടുറപ്പിനും സാമ്പത്തിക ഭദ്രതയ്ക്കും ഭീഷണിയായിട്ടാണ് മദ്യമെന്ന മഹാവ്യാധി സമൂഹഗാത്രത്തെ ഗ്രസിച്ചിരിക്കുന്നത്.

അടുത്ത ദിവസങ്ങളിൽ പുതിയ മദ്യോൽപ്പാദനശാലകൾക്കും ഡിസ്റ്റലറികൾക്കും സർക്കാർ അനുമതി നൽകുന്ന വാർത്തകൾ കേരള സമൂഹം കേട്ടത്. പ്രഥമദൃഷ്ടാ മദ്യപാനികളെ വരൂ.. വരൂ... എന്ന് സ്വാഗതം ചെയ്യുന്നതായി തോന്നുമെങ്കിലും മദ്യവ്യവസായത്തിന്റെ സാമ്പത്തികതലം പരിശോധിക്കുമ്പോൾ നാമൊക്കെ മൗനാനുവാദം നൽകിപോകുന്ന സാഹചര്യത്തിലേക്ക് എത്തിച്ചേർന്ന് പോകുന്നു. കാരണം, സംസ്ഥാന സർക്കാരിന്റെ ഏറ്റവും വലിയ രണ്ടാമത്തെ ധന ആഗമന മാർഗമാണ് മദ്യവ്യവസായം.

സമൂഹത്തിനാവശ്യം, കണ്ടുപഠിക്കാൻ നല്ല വ്യക്തിത്വങ്ങളും അനുകരിക്കാൻ നല്ല മാതൃകകളും അമരത്തിരിക്കാൻ നല്ല നേതൃത്വവുമാണ്. ഉപദേശത്തേക്കാൾ ശക്തമാണ് മാതൃകകൾ. മനുഷ്യൻ കാണുന്ന മാതൃക കേൾക്കുന്ന ഉപദേശത്തേക്കാൾ ശ്രദ്ധിക്കപ്പെടും, മാനിക്കപ്പെടും, അനുകരിക്കപ്പെടും. നല്ല മാതൃകകൾ മനുഷ്യ സമൂഹത്തിന്റെ വിദ്യാലയമത്രേ.

കേരളം ഒരു മഹാ പ്രളയത്തിന്റെ ദുരന്തമുഖത്തുനിന്നും കരകയറുകയാണ്. തകർന്നടിഞ്ഞ ഒരു നാഗരികയെ ഓർമ്മിപ്പിക്കുംവിധം പ്രളയം വിഴുങ്ങിയ കൃഷിയിടങ്ങളും വീടുകളും വ്യവസായശാലകളും കടലോരങ്ങളും കേരള മനഃസാക്ഷിക്ക് സമ്മാനിച്ചത് നിരാശയും ഭീതിയും കടുത്ത നഷ്ടബോധവുമാണ്. എങ്കിലും കേരള ജനതയുടെ ആത്മചൈതന്യത്തെ ഉദാത്തമായി പ്രകാശിപ്പിക്കുന്ന മനുഷ്യസ്നേഹികളുടെ കരുത്തിൽ നാം പ്രതീക്ഷയർപ്പിച്ചു, അവർ നമുക്ക് രക്ഷകരായി ഭവിച്ചു.

നമുക്ക് പ്രതീക്ഷയുടെ മനുഷ്യരായി തുടരാം... നഷ്ടപ്പെട്ടവയുടെ പട്ടികയിൽ നിന്നും ഒരു നവകേരളം പിറക്കുമ്പോൾ വർധിത തേജസ്സോടെ ഒരു വിചിന്തനത്തിന് ഒരു മനഃപരിവർത്തനത്തിന്... കേരള മക്കൾ, കേരള മനസ്സ് പാകമായിട്ടുണ്ടാകും. അക്ഷരം പഠിച്ച് നാം കേരളത്തെ സുന്ദരമാക്കി; ഇനി മദ്യം നിരോധിച്ചുകൊണ്ട്, വർജിച്ചുകൊണ്ട് നമ്മുടെ നാടിനെ അതിസുന്ദരമാക്കാം. മദ്യനിരോധന സംസ്ഥാനങ്ങൾക്കൊപ്പം ചരിത്രത്തിന്റെ ഭാഗമാകാൻ ആസന്നഭാവിയിലെങ്കിലും കേരളീയന് കഴിയട്ടെ... ●

## സ്മരണാഞ്ജലി

**നിത്യതയിൽ ഒരു വർഷം**



## പീറ്റർ സെബാസ്റ്റ്യൻ

**കണ്ണാന്തുറ**


'കണ്ട് മതിയാകും മുമ്പേ
സ്നേഹിച്ച് കൊതിതീരും മുമ്പേ
ഞങ്ങളോട് ഒന്നും മിണ്ടാതെ
അകാലത്തിൽ പൊലിഞ്ഞുപോയ
പുണ്യാത്മാവിന് നിത്യശാന്തി നേരുന്നു'

പീറ്റർ സെബാസ്റ്റിന്റെ നിര്യാണത്തിൽ ഞങ്ങളെ ആശ്വസിപ്പിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്ത തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ മൈറ്റ്. റവ. ഡോ. സൂസപാക്യം മെത്രാപ്പൊലീത്തയ്ക്കും സഹായമെത്രാൻ ക്രിസ്തുദാസ് പിതാവിനും എല്ലാ വൈദികർക്കും, സിസ്റ്റേഴ്സിനും, പ്രത്യേകിച്ച് കണ്ണാന്തുറ ഇടവക വികാരി ലാസർ ബനഡിക്ട് അച്ചനും ടിഎംഎഫിലെ ഭാരവാഹികൾക്കും, അംഗങ്ങൾക്കും, മറ്റെല്ലാ സ്നേഹിതർക്കും, സഹോദരങ്ങൾക്കും ഞങ്ങളുടെ ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അർപ്പിക്കുന്നു.

പരേതന്റെ ആത്മശാന്തിക്കായി 2018 ഡിസംബർ 19 ബുധനാഴ്ച രാവിലെ 11 മണിക്ക് കണ്ണാന്തുറ സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ നടക്കുന്ന ദിവ്യബലിയിലും തുടർന്ന് നടക്കുന്ന എളിയ സത്ക്കാരത്തിലും എല്ലാവരും സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എന്ന്,

*ഭാര്യ:* **ആലിസ് പീറ്റർ**
*മക്കൾ:* **വിനീത്, വിനോദ്, വീണ.**
*മരുമക്കൾ:* **ഷൈനി, അനില, ഫ്രാൻസിസ് വോയ്സ്**
*ചെറുമക്കൾ:* **ലിയോ, സാറമരിയ, അഹറോൻ**

## 22-ാം ചരമവാർഷികം



## എസ്. ജസീന്ത്

പുല്ലുവിള

മരണം: 3-1-1997

ലേഖനം

ജാക്സൺ നെപ്പോളിയൻ, അഞ്ചുതെങ്ങ്

## ഡിസം.10 ലോക മനുഷ്യാവകാശ ദിനം

# എല്ലാവർക്കും എല്ലാ അവകാശങ്ങളും

"സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്. ഞാനത് നേടുകയും ചെയ്യും." കേരളത്തിലെ സാമൂഹ്യ പരിഷ്കർത്താക്കളിൽ ഒരാളായ 'ബാലഗംഗാധരതിലകൻ' ഒരിക്കൽ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ ഈ അഭിപ്രായം കല്പാന്തകാലത്തോളം പ്രസക്തമാണ്. ഭൂമിയിലെ എല്ലാ മനുഷ്യർക്കും തുല്യ അവകാശവും സ്വാതന്ത്ര്യവും. ഈ അവകാശങ്ങളും സ്വാന്ത്ര്യങ്ങളും ഹനിക്കപ്പെടുമ്പോഴാണ് സമൂഹത്തിൽ അനർത്ഥങ്ങളും അസ്വസ്ഥതകളും ഉണ്ടാകുന്നത്. എല്ലാവർക്കും തുല്യവും സുശക്തവുമായ അവകാശങ്ങളും മൗലികമായ സ്വാന്ത്ര്യവും ഉണ്ടെന്ന് വ്യക്തമാക്കുന്നതാണ് 1948 ലെ യുഎൻഒയുടെ സർവ ദേശീയ മനുഷ്യവകാശ പ്രഖ്യാപനം. ഈ പ്രഖ്യാപനമാണ് എല്ലാവർഷവും ഡിസംബർ 10 ലോക മനുഷ്യാവകാശദിനമായി നാം ആചരിക്കുന്നത്.

മതം, ജാതി, സമ്പത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ മനുഷ്യന് നീതി നിഷേധിക്കുകയോ, അവന്റെ അവകാശങ്ങൾ ധ്വംസിക്കപ്പെടുകയോ ചെയ്യുന്നത് ഒരു സാംസ്കാരിക സമൂഹത്തിന് ഭൂഷണമല്ല. അവകാശങ്ങളെക്കുറിച്ചുള്ള അജ്ഞത സമൂഹത്തിൽ അസമത്വത്തിനും, നീതി ലംഘനത്തിനും കാരണമാകും. ഒരു വ്യക്തിയുടെ ചെറുപ്രായത്തിൽ തന്നെ സമത്വം, സ്വാതന്ത്ര്യം, ആത്മാഭിമാനം, ജീവിക്കുവാനുള്ള അവകാശം തുടങ്ങിയ മഹത്തായ സങ്കല്പങ്ങളും നീതിനിഷേധം മനുഷ്യാവകാശ ലംഘനം എന്നിവയെക്കുറിച്ചുള്ള അവബോധവും വളരേണ്ടതുണ്ട്.

ഞാൻ എന്റെ സ്വാതന്ത്ര്യം ഉപയോഗിക്കുമ്പോൾ അത് മറ്റുള്ളവർക്ക് ഹാനികരമാകാൻ പാടില്ല എന്ന് ഉറപ്പുവരുത്തണം. ഒരു മനുഷ്യന്റെ മൗലികമായ അവകാശങ്ങൾ ആരംഭിക്കുന്നത്, അമ്മയുടെ ഗർഭപാത്രത്തിൽ പിറക്കുമ്പോൾ മുതലാണ്. എന്നാൽ, അയാൾ മരിച്ചുകഴിഞ്ഞാൽ പോലും അയാളുടെ അവകാശങ്ങൾ അവസാനിക്കുന്നില്ല. മൃതശരീരത്തിനുപോലും മനുഷ്യാവകാശമുണ്ട്. സമാധാനപരമായി ജീവിക്കാനും, സമത്വം, ആരോഗ്യം, സുരക്ഷിതത്വം, നല്ല വിദ്യാഭ്യാസം, നല്ല ഭക്ഷണം, പൂർണ സ്വാതന്ത്ര്യം തുടങ്ങിയവയും മനുഷ്യന്റെ അടിസ്ഥാനപരമായ അവകാശങ്ങളാണ്.

നമ്മുടെ മാതൃരാജ്യമായ ഇന്ത്യയിലാണ് മുൻ കാലങ്ങളിൽ ഏറ്റവും കൂടുതൽ മനുഷ്യാവകാശലംഘനങ്ങൾ നടന്നിട്ടുള്ളത് എന്നുപറയുന്നത് തന്നെ ഖേദകരമാണ്. ചാതുർവർണ്യത്തിന്റെ പിടിയിലമർന്ന് താഴ്ന്ന ജാതിക്കാർ അനുഭവിച്ചിട്ടുള്ള പീഢനങ്ങളും, മനുഷ്യാവകാശ ലംഘനങ്ങളും ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. പൊതുവഴിയിൽ സ്വതന്ത്രമായി നടക്കുന്നതിനോ, ക്ഷേത്രദർശനം നടത്തുന്നതിനോ, നഗ്നത മറയ്ക്കുന്നതിനോ, ചെരുപ്പ് ധരിക്കുന്നതിനോ പോലും അയിത്ത ജാതിക്കാർക്ക് അവകാശം നിഷേധിച്ചിരുന്നു.

മനുഷ്യന്റെ മൗലികമായ അവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ടിയായിരിക്കണം മനുഷ്യാവകാശ സംഘടനകൾ നിലകൊള്ളേണ്ടത്. നാം വിദ്യാഭ്യാസം ചെയ്യുന്നത് എന്തിനുവേണ്ടി? എന്ന ചോദ്യത്തിന്, ലോകത്തിൽ എവിടെയെല്ലാം മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നുണ്ടോ അവ മനസ്സിലാക്കുവാനും അവയ്ക്കെതിരെ പ്രതികരിക്കുവാനും വേണ്ടിയാണ് എന്ന് ലളിതമായി ഉത്തരം പറയാം.



## വാർത്തകൾ

# ലത്തീൻ കത്തോലിക്കാസമുദായ

## യൂത്ത് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു



*ദിനി മോൾ*



*ഹെർബിൻ ഹെറിബോയ്*

കെസിവൈഎംന്റെ നേതൃത്വത്തിൽ യുവജന ശുശ്രൂഷ സംഘടിപ്പിക്കുന്ന ലാമ്പ് (ലീഡർഷിപ്പ് അവയർനസ് ആൻഡ് മോട്ടിവേഷൻ പ്രോഗ്രാം) നേതൃത്വ വികസന പരിപാടിയുടെ 10-ാമത് ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണവും 11-ാമത് ബാച്ചിന്റെ ഉദ്ഘാടനവും യുവ അവാർഡ് വിതരണവും വെട്ടുതുറ കനോഷ്യൻ കോൺവെന്റിൽ വച്ചു നടന്നു. അതിരൂപത സഹായമെത്രാൻ ഡോ.ക്രിസ്തുദാസ്, യുവജന കമ്മീഷൻ ചെയർപേഴ്സൻ ചിന്താ ജെറോം എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു. 10-ാമത് ബാച്ചിൻ പങ്കെടുത്ത 43 യുവതീയുവാക്കൾ സെൻട്രൽ ഗവൺമെന്റിന്റെ അഫിലിയേഷൻ ഉള്ള നെഹ്റു യുവകേന്ദ്ര നൽകിയ സർട്ടിഫിക്കറ്റിന് അർഹരായി.

2017-18 കാലയളവിൽ അതിരൂപതയിലെ മികച്ച യുവജന പ്രവൃത്തകരായി കണ്ണാന്തുറ ഇടവകാംഗമായ ഹെർബിൻ ഹെറിബോയും, നെല്ലിയോട് ഇടവകാംഗമായ കുമാരി ദിനി മോളും തെരഞ്ഞെടുക്കപ്പെട്ടു. അതിരൂപതയിലെ മികച്ച പ്രവൃത്തന യൂണിറ്റായി പള്ളിത്തുറയും മികച്ച ഫെറോനയായി പാളയം ഫെറോനയും തെരഞ്ഞെടുക്കപ്പെട്ടു.

**തിരുവനന്തപുരം:** കേരളത്തിൽ ലത്തീൻ കത്തോലിക്കാ സമുദായ ദിനാചരണം ഡിസംബർ 9 ന് വിപുലമായ പരിപാടികളോടെ തിരുവനന്തപുരം ശംഖുമുഖം കടപ്പുറത്തുനടക്കും. തിരുവനന്തപുരം ലത്തീൻ അതിരൂപത ആതിഥേയത്വം വഹിക്കുന്ന സംസ്ഥാനതല സമുദായ ദിനാചരണ ചടങ്ങുകൾക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായിക്കഴിഞ്ഞു.

ഡിസംബർ 9 ന് രാവിലെ 9.30 ന് ആൾസെയിന്റ്സ് കോളേജ് അങ്കണത്തിൽ തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. പതാക ഉയർത്തുന്നതോടെ സമുദായ ദിനാചരണ ചടങ്ങുകൾക്ക് തുടക്കം കുറിക്കും. ചടങ്ങിൽ ഫാ. മൈക്കിൾ തോമസ് സ്വാഗതവും ജോർജ്ജ് എസ്.പള്ളിത്തുറ നന്ദിയും പറയും. തുടർന്ന് കോളേജ് ആഡിറ്റോറിയത്തിൽ വച്ച് വനിത-അൽമായ പ്രതിനിധി സമ്മേളനവും തോപ്പ് സെന്റ് ആൻസ് പാരീഷ് ഹാളിൽ വച്ച് യുവജന പ്രതിനിധി സമ്മേളനവും നടക്കും.

വനിതാ സംഘടന നേതൃസമ്മേളനം ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ ഉദ്ഘാടനം ചെയ്യും. കെഎൽസിഡബ്ല്യു എ പ്രസിഡന്റ് ജയിൽ ആൻസിൽ ഫ്രാൻസീസ് അധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ മിനി ആന്റണി ഐഎഎസ് മുഖ്യപ്രഭാഷണം നടത്തും. എൽ.ശ്രീജ മോഡറേറ്ററായിരിക്കും.

അൽമായ സംഘടനാ നേതൃസമ്മേളനം ബിഷപ്പ് ഡോ. അലക്സ് വടക്കുംതല ഉദ്ഘാടനം ചെയ്യും. കെഎൽസിഎ സംസ്ഥാന പ്രസിഡന്റ് ആന്റണി നെറോണ അധ്യക്ഷത വഹിക്കും. അലക്സാണ്ടർ ഐഎഎസ് മുഖ്യാതിഥിയായി പങ്കെടുക്കും. മത്സ്യഫെഡ് ഡയറക്ടർ ഇഗ്നേഷ്യസ് മൻ



*ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണത്തിന്റെ രണ്ടാം ഗഡു ധനസഹായത്തിന്റെ രണ്ടാംഘട്ട സഹായം തൂത്തൂർ ഫൊറോനയിലെ 15 കുടുംബങ്ങൾക്ക് റ്റിഎസ്എസ്എസ് തൂത്തൂർ ഫൊറോനാ കോർഡിനേറ്റർ ഫാ. ഡാർവിൻ പീറ്റർ ഗുണഭോക്താക്കൾക്ക് കൈമാറുന്നു.*

# ദിനാചരണം ഡിസം.9 ന്; ഒരുക്കങ്ങൾ പൂർത്തിയായി

ഡ്രോ മുഖ്യപ്രഭാഷണം നടത്തും. ഫാ. ഷാജികുമാർ മോഡറേറ്ററായിരിക്കും.

യുവജന സംഘടനാ നേതൃസമ്മേളനം ഐസിവൈഎം ദേശീയ പ്രസിഡന്റ് പേഴ്സിവൽ ഹോൾട്ട് ഉദ്ഘാടനം ചെയ്യും. അജിത് കെ.തങ്കച്ചൻ അധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ ഫാ. പോൾ സണ്ണി ആമുഖപ്രഭാഷണവും ബിഷപ്പ് ഡോ. വിൻസന്റ് സാമുവൽ അനുഗ്രഹപ്രഭാഷണവും നടത്തും. സുജിത് എഡ്വിൻ പെരേര വിഷയാവതരണവും നടത്തും.

സമ്മേളനത്തിന് നാന്ദികുറിച്ച് ഉച്ച കഴിഞ്ഞ് 2.30 ന് ആൾ സെയിന്റ്സ് കോളേജ് ആഡിറ്റോറിയത്തിൽ രൂപതാധ്യക്ഷന്മാരുടെ കാർമികത്വത്തിൽ സമൂഹദിവ്യബലി നടക്കും.

തുടർന്ന് വൈകിട്ട് 5 ന് ശംഖുമുഖം കടപ്പുറത്തുനടക്കുന്ന ലത്തീൻ കത്തോലിക്ക സമുദായദിന മഹാസമ്മേളനം കെആർഎൽസിസി പ്രസിഡന്റും അതിരൂപതാ അധ്യക്ഷനുമായ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്യും. സമുദായ വക്താവ് ഷാജി ജോർജ്ജ് അധ്യക്ഷനായിരിക്കും. ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തും. കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, മന്ത്രിമാരായ ജെ.മേഴ്സിക്കുട്ടിയമ്മ, കെ.രാജു, എം.പിമാരായ പ്രൊഫ. കെ.വി. തോമസ്, റിച്ചാർഡ് ഹേ, എം.വിൻസന്റ് എംഎൽഎ, ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ, കെ.എൽ.സി.എ സംസ്ഥാന പ്രസിഡന്റ് ആന്റണി ആൽബർട്ട്, ഫാ. റ്റോണി ഹാംലെറ്റ് എന്നിവർ പ്രസംഗിക്കും.

## സമുദായ ദിനാഘോഷവിളംബര പരിപാടികൾക്ക് തുടക്കം കുറിച്ചു

ഡിസംബർ ഒന്നിന് ശംഖുമും കടപ്പുറത്ത് വള്ളംവരയോടെയാണ് വിളംബര പരിപാടികൾ ആരംഭിച്ചത്. രണ്ടാംതീയതി ശംഖുമുഖത്തുവച്ച് വൈകിട്ട് 4 ന് കുട്ടികൾക്കുള്ള ചിത്രരചന മത്സരം, ആറാം തീയതി വൈകിട്ട് 5 ന് തെരുവു നാടകം, മണൽശില്പം, ചേലുപറച്ചിൽ, ഏഴിന് വൈകിട്ട് 5 ന് കമ്പവലപാട്ട്, മ്യൂസിക് ബാന്റ് എട്ടാം തീയതി വൈകിട്ട 5 ന് പാളയം വിജെടി ഹാളിൽ കടലറിവ് ഫോട്ടോ പ്രദർശനം, തീരം–എഴുത്ത്, സംസ്കാരം കൂട്ടായ്മ എന്നിവയാണ് മറ്റ് പരിപാടികൾ.

## തൊഴിൽ സംരംഭങ്ങളിലൂടെ സ്വയംപര്യാപ്തത

**തിരുവനന്തപുരം:** അതിരൂപതയിലെ സാമൂഹ്യശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ പുല്ലുവിള, പാളയം, കോവളം, പേട്ട, വലിയതുറ, തൂത്തൂർ ഫെറോനകളിൽ തയ്യൽ പരിശീലനം നടന്നു.

പാളയം ഫെറോനയിൽ വച്ച് നടന്ന സമാപന സമ്മേളനത്തിൽ റ്റി.എസ്.എസ്.എസ്. ഡയറക്ടർ ഫാ.ലെനിൻ രാജ്, പാളയം ഫെറോന വികാരി മോൺ.നിക്കോളസ് റ്റി. എന്നിവർ സമാപന സന്ദേശം നൽകി. പഠിതാക്കൾക്ക് സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.



*പുനഃരുദ്ധരിച്ച പൂഴിക്കുന്ന് സെന്റ് ആന്റണീസ് ഇടവക ദേവാലയം. ദേവാലയത്തിന്റെ പ്രതിഷ്ഠാകർമം തിരുവനന്തപുരം അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിച്ചു. ഡിസംബർ 16 ഞായറാഴ്ച നടക്കുന്ന ഇടവക മധ്യസ്ഥ തിരുനാളിൽ അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ മുഖ്യകാർമികത്വം വഹിച്ച് ദിവ്യബലി അർപ്പിക്കും. ഇടവക വികാരി ഫാ. ആന്റണി സിൽവെസ്റ്റർ സഹകാർമികനായിരിക്കും.*

# വാർത്തകൾ

## മികച്ച വിജയവുമായി മരിയൻ എൻജിനീയറിംഗ് കോളേജ്

തിരുവനന്തപുരം: 2018 നവംബറിൽ എൻജിനീയറിംഗ് ആറാം സെമസ്റ്റർ പരീക്ഷാഫലം പുറത്തുവന്നപ്പോൾ കേരളത്തിൽ കോളേജ് റാങ്കിൽ മരിയൻ എൻജിനീയറിംഗ് കോളേജിന് 11-ാം സ്ഥാനം. സംസ്ഥാനത്തെ 141 എൻജിനീയറിംഗ് കോളേജുകളുമായി മത്സരിച്ചാണ് മരിയൻ എൻജിനീയറിംഗ് കോളേജ് 11-ാം സ്ഥാനം നേടിയത്. ശ്രീകാര്യം ഗവണ്മെന്റ് എൻജിനീയറിംഗ് കോളേജിനാണ് ഒന്നാം റാങ്ക്.

## ഫാ. ജെയിംസ് കുലാസിന് ആദരം

തിരുവനന്തപുരം: കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ വാർഷിക സമ്മേളനം ഫാ. ജെയിംസ് കുലാസിനെ ആദരിച്ചു. ഹൈദരാബാദിൽ വച്ചുനടന്ന സമ്മേളനത്തിലായിരുന്നു ആദരം. കേരളത്തിൽ നിന്ന് റ്റിഎസ്എസ്എസിനെ പ്രതിനിധീകരിച്ച് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തോമസ് തെക്കേൽ സമ്മേളനത്തിൽ പങ്കെടുത്തു.



*സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പാളയം സെന്റ് ജോസഫ് കോൺഫറൻസ് നിർധന കുടുംബങ്ങൾക്ക് നൽകിയ ഫുഡ് കിറ്റിന്റെ വിതരണം ഇടവക വികാരി മോൺ. നിക്കോളാസ് ടി. നിർവഹിക്കുന്നു*

## കടൽ റൺവേ പദ്ധതി ഉപേക്ഷിക്കണം

സെന്റ് ആൻഡ്രൂസ്: കടലിന്റെയും തീരദേശത്തിന്റെയും ആവാസവ്യവസ്ഥ താറുമാറാക്കി തീരത്തുനിന്ന് മത്സ്യത്തൊഴിലാളികളെ തുരത്താനുള്ള കടൽ റൺവേ പദ്ധതി ഉപേക്ഷിക്കണമെന്ന് ലോക മത്സ്യത്തൊഴിലാളി ദിനാചരണ സമ്മേളനം സർക്കാരിനോടാവശ്യപ്പെട്ടു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, അഞ്ചുതെങ്ങ് മുതലപ്പൊഴി എന്നവയുടെ അശാസ്ത്രീയ നിർമ്മാണം മൂലം തീരവും കടൽ സമ്പത്തും നഷ്ടപ്പെട്ട്, നിലനിൽപ്പിനുവേണ്ടി പോരാടുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഇന്നത്തെ അവസ്ഥ ദയനീയമാണെന്നും, എന്തുവിലകൊടുത്തും കടൽ റൺവേ ഉൾപ്പെടെയുള്ള അശാസ്ത്രീയ നിർമ്മാണ പ്രവർത്തനങ്ങളെ എതിർക്കുമെന്നും സമ്മേളനം മുന്നറിയിപ്പുനൽകി.

സെന്റ് ആൻഡ്രൂസ് ഇടവകയിൽ വച്ച് തിരുവനന്തപുരം മത്സ്യത്തൊഴിലാളി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ലോക മത്സ്യത്തൊഴിലാളി ദിനാചരണം അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. ഉദ്ഘാടനം ചെയ്തു. വിൻസെന്റ് എംഎൽഎ, മോൺ യൂജിൻ എച്ച് പരെരേ, റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻ രാജ്, ഫാ. സിൽവസ്റ്റർ കുരിശ്, ടി.എം.എഫ് പ്രസിഡന്റ് ജോൺസൺ, സെക്രട്ടറി ജെറോൺ, ഡയറക്ടർ ഫാ. ഷാജിൻ ജോസ് എന്നിവർ പ്രസംഗിച്ചു.



*അഞ്ചുതെങ്ങ് സെന്റ് പീറ്റേഴ്സ് ദേവാലയത്തോടനുബന്ധിച്ച് പണികഴിപ്പിച്ച സെമിത്തേരി 'ഓർമകളുടെ പൂന്തോട്ടം'. ഇതിന്റെ അശീർവാദം തിരുവനനന്തപുരം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. നിർവഹിച്ചപ്പോൾ. ഇടവക വികാരി ഫാ. പ്രദീപ് ജോസഫ് സമീപം*

## സൗജന്യ മെഡിക്കൽ ക്യാമ്പ്

പേട്ട: സെന്റ് ആൻസ് ദൈവാലയത്തിൽ റ്റി.എസ്.എസ്.എസ്.ന്റെ നേതൃത്വത്തിൽ ജൂബിലിഹോസ്പിറ്റലിന്റെയും സിപ്ള മരുന്ന് കമ്പനിയുടെയും സഹകരണത്തോടെ കോൺഫറൻസ് ഹാളിൽ നടന്ന കാർഡിയോളജി മെഡിക്കൽ ക്യാമ്പ് ഫാ.സുരേഷ് പയസ് ഉദ്ഘാടനം ചെയ്തു. ഈ ക്യാമ്പിൽ നേത്രപരിശോധന, ബി.പി. ഷുഗർ,കൊളസ്ട്രോൾ, ഇ.സി.ജി. തൈറോയിഡ് എന്നീ പരിശോധനകളും നടന്നു.

## സൗജന്യ ദന്തൽ ക്യാമ്പ്

കുടപ്പനക്കുന്ന്: ഇടവകയിലെ റ്റി.എസ്.എസ്.എസ്.ന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ഡെന്റൽ കോളെജുമായി കൈകോർത്ത് സൗജന്യ മൊബയിൽ ഡെന്റൽ ക്യാമ്പ് നടത്തി. ക്യാമ്പ് ഇടവക സഹവികാരി ഫാ. നോർബട്ട് ഉത്ഘാടനം ചെയ്തു. 108 പേർ ക്യാമ്പിൽ ചികിത്സ നേടി.

## നിർധന കുടുംബങ്ങൾക്ക് സ്ഥലം നൽകി

തിരുവനന്തപുരം: ലത്തീൻ അതിരൂപത മുരുക്കുംപുഴ പ്രദേശത്തുള്ള 18 സെന്റ് വസ്തുവിൽ 3 സെന്റ് വസ്തു വീതം നിർദ്ധനരായ ആറ് പേർക്ക് ഭവനനിർമാണത്തിന് നൽകി. വസ്തുവിന്റെ ഉടമസ്ഥാവകാശം രൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ.സൂസപാക്യം ഗുണഭോക്താക്കൾക്ക് എഴുതി നൽകി.



*തയ്യൽ മെഷീൻ ലഭിച്ചവർ വിൻസെന്റ് ഡി പോൾ സൊസൈറ്റി ഭാരവാഹികളോടൊപ്പം*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
# ധനസഹായം വിതരണം ചെയ്തു

തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിൽ തമിഴ്നാട് പുത്തുറ ഇടവകയിലെ സെന്റ് ജോസഫ്, സെന്റ് തെരേസ എന്നീ കോൺഫറൻസികളുടെ നേതൃത്വത്തിൽ 10 മത്സ്യകച്ചവടം ചെയ്യുന്ന വനിതകൾക്ക് 10000 രൂപയുടെ സഹായവും, 15 കുടുംബങ്ങൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി തയ്യൽ മിഷ്യനും വിതരണം ചെയ്തു

ഏരിയ കൗൺസിൽ പ്രസിഡന്റ് സെൽവരാജിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ആർ. സഖറിയാസ് തയ്യൽ മിഷ്യൻ വിതരണം ഉദ്ഘാടനം നടത്തി. സമൂഹത്തിൽ സ്നേഹവും കുടുംബ ഐക്യവും നിലനിർത്തുവാൻ തൊഴിൽ ചെയ്ത് കുടുംബത്തെ സംരക്ഷിക്കുവാൻ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ചെയ്യുന്ന സഹായം ഉപകാരപ്പെടട്ടെയെന്ന് ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു.

ഡോൺബോസ്, ഫ്രാൻസിസ്, സിസ്റ്റർ ക്യാൻഡി തുടങ്ങിയവർ ആശംസകളർപ്പിച്ചു. കോൺഫറൻസ് പ്രസിഡന്റ് സിസ്റ്റർ, സ്വർണ്ണം, സിസ്റ്റർ. ആന്തോനിയമ്മ നേതൃത്വം നൽകി.

കൊയ്ത്തൂർകോണം ഇടവകയിലെ സെന്റ് മേരിസ് കോൺഫറൻസ് ഇടവകയിലെ 10 നിർന്ധന കുടുംബങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായ വിതരണം ഇടവക വികാരി ഫാ. റിച്ചാർഡ സഖറിയ നിർവഹിച്ചു. സെൻട്രൽ കൗൺസിൽ ബോർഡ് അംഗം പോൾ മിരാൻഡ ആശംസകളർപ്പിച്ചു. കോൺഫറൻസ് പ്രസിഡന്റ് കുരിയൻ, ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.



*പുല്ലുവിള ഫൊറോനാ വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ നേതൃത്വത്തിൽ ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന അധ്യാപക നിയമനത്തിനുള്ള കെ-ടെറ്റ് പരിശീലനപരിപാടി ഫാ. ജോസഫ് ബാസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു*


**FIRST DEATH ANNIVERSARY**

*In Loving Memory of*



**Rev. Fr. Richard D'Cruz**

**Died on 21.12.2018**

- Sorrowing Family

# ഓഖി: ഉറ്റവരുടെ ഓർമയ്ക്കുമുമ്പിൽ തീരം തേങ്ങി

തിരുവനന്തപുരം: ഓഖി ചുഴലിക്കാറ്റ് കവർന്നെടുത്ത ഉറ്റവരുടെയും ഉടയവരുടെയും ഓർമയ്ക്കുമുൻപിൽ തീരദേശജനത തേങ്ങി. ഓഖി ചുഴലിക്കാറ്റ് ദുരന്തം വിതച്ച് കടന്നുപോയതിന്റെ ഒന്നാം വാർഷിക ദിനത്തിലാണ് തിരുവനന്തപുരം അതിരൂപതയിലെ തീരദേശ ജനത കടലിനഭിമുഖമായി നിന്ന് പ്രാർത്ഥനയോടെ തങ്ങളുടെ പ്രിയപ്പെട്ടവരുടെ ഓർമ്മയ്ക്കുമുമ്പിൽ കണ്ണുനീർ പൊഴിച്ചത്. ഓഖി ചുഴലിക്കാറ്റ് വിതച്ച ദുരന്തത്തിന്റെ പിടിയിൽ നിന്നും ഇനിയും മോചിതമായിട്ടില്ലാത്ത തീരദേശ ജനതയുടെ, പ്രിയപ്പെട്ടവരെ ഓർത്തുള്ള തേങ്ങൽ ഏത് ശിലാഹൃദയങ്ങളെയും ആർദ്രമാക്കുന്നതായിരുന്നു. ഭക്തിനിർഭരമായ ജപമാലയിലൂടെയാണ് തങ്ങളുടെ മനസിന്റെ നൊമ്പരങ്ങളും തേങ്ങലും അടക്കാൻ മത്സ്യത്തൊഴിലാളികളായ തീരദേശ ജനത ശ്രമിച്ചത്.

വലിയതുറ കടപ്പുറത്ത് നടന്ന പ്രാർത്ഥനാ യജ്ഞത്തിന് തിരുവനന്തപുരം അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യവും പൂന്തുറ കടപ്പുറത്ത് നടന്ന പ്രാർത്ഥനാ യജ്ഞത്തിന് അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആറും നേതൃത്വം നൽകി. മോൺസിഞ്ഞൂർമാരായ യൂജിൻ എച്ച്.പെരേര, നിക്കോളാസ് ടി, വിൽഫ്രഡ് ഇ, ജെയിംസ് കുലാസ് തുടങ്ങിയവർ പ്രാർത്ഥനയിൽ പങ്കെടുത്തു.



*മരിയനാട് വിദ്യാസദൻ സെൻട്രൽ സ്കൂളിൽ നടന്ന ശിശുദിനാഘോഷ പരിപാടി. തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. ആഘോഷപരിപാടി ഉദ്ഘാടനം ചെയ്തു.*




*തിരുവനന്തപുരം ലത്തീൻ അതിരൂപത കുടുംബ പ്രേഷിത ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ ഓഖി ദുരിത ബാധിത കുടുംബങ്ങളിലെ യുവതികൾക്കുള്ള മംഗല്യ ധനസഹായത്തിന്റെയും ദുരിതബാധിതർക്കുള്ള പെൻഷൻ വിതരണത്തിന്റെയും ഉദ്ഘാടനം ധനമന്ത്രി ഡോ. തോമസ് ഐസക് നിർവഹിക്കുന്നു. മോൺ. യൂജിൻ എച്ച്. പെരേര, അതിരൂപത മെത്രാപ്പൊലീത്ത ഡോ. എം.സൂസപാക്യം, മോൺ. ജെയിംസ് കുലാസ്  ഫാ. എ.ആർ.ജോൺ, മന്ത്രി മേഴ്സികുട്ടിയമ്മ എന്നിവർ സമീപം*





*ഓഖി ചുഴലിക്കാറ്റ് ദുരന്തത്തിൽ മരണമടഞ്ഞവരുടെ ഓർമ്മയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് തിരുവനന്തപുരം വലിയതുറ കടപ്പുറത്ത് നടന്ന പ്രാർത്ഥനാ യജ്ഞത്തിന് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം നേതൃത്വം നൽകുന്നു.*



# അല്മായ വേദി



ഫാ. ടോണി ഹാംലെറ്റ്
അല്മായ ശുശ്രൂഷാ ഡയറക്ടർ


# കേരള ലത്തീൻ കത്തോലിക്ക സമുദായ ദിനാചാരണം ലക്ഷ്യവും ആവശ്യങ്ങളും

തീരനാടും ഇടനാടും മലനാടുമായി ഭൂപ്രദേശം പങ്കിട്ടു വളർന്നു പന്തലിക്കുന്ന സഭയാണ് ലത്തീൻ സഭ. ഈ സഭയെ 'ഒരു സഭയും ഒരു സമുദായവും' എന്ന ലക്ഷ്യത്തിലേക്ക് വളരാനായി എല്ലാ വർഷവും കേരള ലത്തീൻ കത്തോലിക്ക സഭ സമുദായദിനം ആഘോഷിക്കാറുണ്ട്. ഈ വർഷം 2018 ഡിസംബർ 9 നാണ് സമുദായദിനാചരണം തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ വച്ചാണ് നടക്കുന്നത്. കേരളത്തിലെ 12 ലത്തീൻ കത്തോലിക്ക രൂപതകളും ഒരുമിച്ച് കൈകോർത്ത് നടത്തുന്ന ഈ വർഷത്തെ സമുദായ ദിനാചരണത്തിന്റെ മുഖ്യ ചിന്താവിഷയം 'തീരദേശ വികസനവും നവകേരള നിർമ്മിതിയും'. നവകേരള നിർമ്മാണത്തോടൊപ്പം തീരജനതയുടെ ദുരിതപൂർണ്ണമായ ജീവിതസാഹചര്യങ്ങൾ കണക്കിലെടുത്ത് തീരദേശ വികസനത്തിന് അനുയോജ്യമായ നിർദ്ദേശങ്ങൾ നൽകുവാനുള്ള ഒരു വേദി കൂടിയാണ് സമുദായ സമ്മേളനം.

1. ഓഖി ദുരന്തത്തിൽ ഒലിച്ചുപോയ തീരത്തിന്റെ വികസനത്തിനായി സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള 7500 രൂപയുടെ പാക്കേജ് നടപ്പിലാക്കുക.
2. ഓഖി ഏറ്റവും കൂടുതൽ ബാധിച്ച കരിംകുളം പഞ്ചായത്തിലും തീരദേശ ജനത കൂടുതൽ തിങ്ങിപ്പാർക്കുന്ന അഞ്ചുതെങ്ങ് മേഖലയിലും ഒരോ എയ്ഡഡ് ആട്സ് & സയൻസ് കോളേജ് സ്ഥാപിക്കാനുള്ള അനുമതി നൽകുക.
3. കേന്ദ്രത്തിൽ ഫിഷറീസ് മന്ത്രാലയം സ്ഥാപിക്കുക.
4. കടലിൽ 12 നോട്ടിക്കൽ മൈലിന് പുറത്ത് മത്സ്യബന്ധന അവകാശം അനുവദിക്കുക.
5. ആഴക്കടൽ മത്സ്യബന്ധന യാനത്തിനും ഒന്നര കോടി വില കണക്കാക്കി പകുതി വില സബ്സീഡി നൽകുക.
6. മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ഇന്ധന വിലയിൽ നിന്ന് റോഡ് നികുതി ഒഴിവാക്കുക.
7. എക്സിക്യൂട്ടീവ് ജുഡീഷ്യറി ലജിസ്ലേറ്റീവ് എന്നീ ഭരണഘടനാ തലങ്ങളിൽ ലത്തീൻ കത്തോലിക്കർക്ക് അർഹമായ പങ്കാളിത്തം നൽകുക.
8. കടലാക്രമണം, കടൽ ദുരന്തം, ഇടിമിന്നൽ എന്നിവയെ പ്രകൃതി ദുരന്തമായി പ്രഖ്യാപിക്കുക.
9. സ്വാശ്രയ ആട്സ് & സയൻസ് കോളേജ്, പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുക.
10. ലത്തീൻ കത്തോലിക്കരുടെ വിദ്യാഭ്യാസ സംവരണം 3% ആയി ഉയർത്തുക.

കേരള ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ സമഗ്ര വളർച്ച സാധ്യമാക്കി പ്രസ്തുത സമൂഹത്തെ സംസ്ഥാനത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കാണിക്കാൻ സഹായമായ ഈ ആവശ്യങ്ങൾ അംഗീകരിച്ച് അടിയന്തിരമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് കേരള സംസ്ഥാന സർക്കാരുകളോട് ലത്തീൻ കത്തോലിക്ക സമുദായം ഈ സമ്മേളനത്തിലൂടെ ശക്തിയായി ആവശ്യപ്പെടുന്നു.



# അജപാലനം

ഫാ. ലോറൻസ് കുലാസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ

# ആഗമന-തിരുപ്പിറവിക്കാലം

ക്രിസ്തുവിന്റെ ഒന്നാംവരവായ തിരുപ്പിറവിക്ക് ഒരുക്കമായുള്ള ഒന്നാമത്തെ ഞായറാഴ്ചയോടു കൂടിയാണ് ആരാധനക്രമവത്സരം ആരംഭിക്കുന്നത്. നവംബർ 30-നോ അതിനടുത്തതോ ആയ ഞായറാഴ്ചയിലെ ഒന്നാം സായാഹ്നപ്രാർത്ഥനയോടെ ഈ കാലത്തിന് തുടക്കം കുറിക്കുന്നു. ആണ്ടുവട്ടത്തിലെ അവസാനത്തെ ഞായറാഴ്ച വിധിയാളനായി വരുന്ന ക്രിസ്തുവിന്റെ രണ്ടാം വരവിനെ സൂചിപ്പിക്കുന്നു. ക്രിസ്തുരാജന്റെ തിരുനാളോടുകൂടെ ആരാധനക്രമവത്സരം അവസാനിക്കുന്നു. ചുരുക്കത്തിൽ, ക്രിസ്തുവിന്റെ ഈ രണ്ട് ആഗമനങ്ങൾക്കുമിടയിലെ പെസഹാരഹസ്യങ്ങളുടെ ആഘോഷ കാലമാണ് ആരാധനക്രമവത്സരം. സഭയിൽ ക്രിസ്തുരഹസ്യത്തിന്റെ ആഘോഷത്തിന് പ്രധാനമായും ആറു ഘട്ടങ്ങളുണ്ട്: 1. ആഗമനകാലം; 2. തിരുപ്പിറവികാലം (തപസുകാലം); 4. പെസഹാത്രിദിനം; 5. പെസഹാക്കാലം; 6.ആണ്ടുവട്ടം.

## ആഗമനകാലം

നാമിപ്പോൾ ആഗമനകാലത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. നവംബർ അവസാനവാരത്തിലോ അതിനുശേഷം വരുന്ന ഞായറാഴ്ചയോ ആണ് ആഗമനകാലം ആരംഭിക്കുന്നത്. ക്രിസ്തുമസ്സിന് തലേദിവസം ഈ കാലം അവസാനിക്കുന്നു. ഉണ്ണിയേശുവിന്റെ പിറവിതിരുനാളിനൊരുങ്ങുന്ന കാലഘട്ടമാണിത്. ആഗമനകാലഘട്ടത്തിൽ നാലു ഞായറാഴ്ചകളാണുള്ളത്. മനുഷ്യരുടെ ഇടയിലേക്ക് ദൈവപുത്രൻ ആദ്യമായി ഇറങ്ങിവരുന്നത് പ്രതീക്ഷയോടെ കാത്തിരിക്കുന്ന കാലമാണ് ആഗമനകാലം. ഈ അനുസ്മരണംവഴി ലോകാവസാനത്തിൽ സംഭവിക്കാനിരിക്കുന്ന ക്രിസ്തുവിന്റെ രണ്ടാംവരവിലേക്ക് വിശ്വാസികളെ സഭ ക്ഷണിക്കുകയും ചെയ്യുന്നു.

സഭ ഓരോ വർഷവും ആഗമനകാലത്തിന്റെ ആരാധനക്രമത്തിലൂടെ ക്രിസ്തുവിനെപ്പറ്റിയുള്ള പൂർവകാലപ്രതീക്ഷയെ സന്നിഹിതമാക്കുന്നു. രക്ഷകന്റെ പ്രഥമാഗമനത്തിനു വേണ്ടിയുള്ള ദീർഘമായ തയ്യാറെടുപ്പിൽ പങ്കുചേർന്നുകൊണ്ടു വിശ്വാസികൾ അവിടുത്തെ ദ്വിതീയാഗമനത്തിനുവേണ്ടിയുള്ള തങ്ങളുടെ തീവ്രമായ ആഗ്രഹം നവീകരിക്കുന്നു. അവിടുത്തെ മുന്നോടിയായ യോഹന്നാന്റെ ജനനവും രക്തസാക്ഷിത്വവും ആഘോഷിച്ചുകൊണ്ട്, സഭ അദ്ദേഹത്തിന്റെ ആഗ്രഹത്തോട് ഐക്യപ്പെടുന്നു: "അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ 3:30).

ആഗമനകാലത്തിലെ ദിവ്യബലി ആഘോഷമധ്യേ ഓർഗൺ, മറ്റ് സംഗീതോപകരണങ്ങൾ എന്നിവയുടെ ഉപയോഗവും അൾത്താരയിലെ അലങ്കാരവും മിതമായ രീതിയിൽ മാത്രമേ പാടുള്ളു. ഈ മിതത്വം ആഗമനകാലത്തിലെ വിവാഹ ആഘോഷങ്ങൾക്കും ബാധകമാണ്. ഡിസംബർ 17 മുതൽ 24 ഉൾപ്പെടെയുള്ള ഇടദിവസങ്ങൾ കർത്താവിന്റെ പിറവിയാചരണത്തിനുള്ള ഒരുക്കത്തിലേയ്ക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ ദിവസങ്ങളിൽ വിവാഹ ആഘോഷം പാടില്ലാത്തതാണ്.

## തിരുപ്പിറവിക്കാലം

ക്രിസ്തുമസ് മുതൽ കർത്താവിന്റെ ജ്ഞാനസ്നാനത്തിരുനാൾ വരെയുള്ള ദിവസങ്ങളാണ് തിരുപ്പിറവിക്കാലമായി ആചരിക്കുന്നത്. ആരാധനക്രമവർഷത്തിൽ ഈ കാലഘട്ടത്തിന് രണ്ടാം സ്ഥാനമാണുള്ളത്. വളരെ പ്രധാനപ്പെട്ട തിരുനാൾ തിരുപ്പിറവിക്കാലത്താണ് ആഘോഷിക്കുന്നത്. തിരുകുടുംബതിരുനാൾ, പ്രഥമരക്തസാക്ഷിയായ വിശുദ്ധ സ്റ്റീഫന്റെ തിരുനാൾ, അപ്പസ്തോലനായ വിശുദ്ധ യോഹന്നാന്റെ തിരുനാൾ, വിശുദ്ധ പൈതങ്ങളുടെ തിരുനാൾ, ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ എന്നിവയും ജനുവരി 6-നു ശേഷമുള്ള ഞായറാഴ്ചയിലെ കർത്താവിന്റെ ജ്ഞാനസ്നാന തിരുനാളും ഈ കാലഘട്ടത്തിലാണ് ആഘോഷിക്കുന്നത്.

## തിരുപ്പിറവിയുടെ രഹസ്യം

ഒരു കാലിത്തൊഴുത്തിൽ ദരിദ്ര കുടുംബത്തിലാണ് യേശു ജനിച്ചത്; സാധാരണക്കാരായ ആട്ടിടയൻമാരായിരുന്നു ഈ സംഭവത്തിന്റെ ആദ്യസാക്ഷികൾ. ഈ ദാരിദ്ര്യത്തിൽ, സ്വർഗ്ഗീയമഹിമ പ്രകാശിതമായി. ദൈവവുമായുള്ള ബന്ധത്തിൽ ഒരു ശിശു ആയിത്തീരുകയെന്നതാണ്, ദൈവരാജ്യത്തിൽ പ്രവേശിക്കുവാനുള്ള വ്യവസ്ഥ. ഇതിനായി, നാം നമ്മെത്തന്നെ വിനീതരാക്കണം, ചെറിയവരായിത്തീരണം. അതു മാത്രവുമല്ല, ദൈവമക്കളായിത്തീരുന്നതിനു നമ്മൾ വീണ്ടും ജനിക്കണം അഥവാ "ദൈവത്തിൽനിന്നു ജനിക്കണം" (യോഹ. 3:17). ക്രിസ്തു നമ്മിൽ രൂപപ്പെടുമ്പോഴാണ് തിരുപ്പിറവിയുടെ രഹസ്യം നമ്മിൽ നിറവേറുന്നത്.




# മരണാസന്ന നിലയിലുള്ള രോഗിക്ക് സൈ്ഥര്യലേപനം നല്കാൻ ഒരു വൈദികന് സാധിക്കുമോ?

തിരുവനന്തപുരത്ത് സേവനം ചെയ്യുന്ന ലത്തീൻ സഭയിൽപ്പെട്ട ഒരു സന്യാസ വൈദികനാണ് ഞാൻ. ഒരിക്കൽ മരണാസന്ന നിലയിൽ ആശുപത്രിയിൽ കിടന്ന കത്തോലിക്കാ വിശ്വാസിയായ ഒരു രോഗിയെ ഞാൻ സന്ദർശിച്ചിരുന്നു. അയാളെ കുമ്പസാരിപ്പിക്കുകയും അയാൾക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്തു. രോഗീലേപനം സ്വീകരിക്കാൻ അയാളെ മാനസികമായി ഞാൻ ഒരുക്കി. അപ്പോൾ താൻ സൈ്ഥര്യലേപനം സ്വീകരിച്ചിട്ടില്ലെന്നും അതുകൊണ്ട് ആത്മാവിന് എന്തെങ്കിലും കുഴപ്പമുണ്ടാകുമോ എന്നും അയാൾ എന്നോടു ചോദിച്ചു. അയാളെ സാന്ത്വനപ്പെടുത്തിയശേഷം ആശ്രമത്തിലേക്കു ഞാൻ തിരിച്ചുപോയി. അന്നു രാത്രിയിൽതന്നെ അയാൾ മരിക്കുകയും ചെയ്തു. അതിനുശേഷം എന്റെ മനസ്സിലുണ്ടായ സംശയമാണ്, മരണാസന്ന അവസ്ഥയിൽ സൈ്ഥര്യലേപനം സ്വീകരിച്ചിട്ടില്ലാത്ത ഒരു കത്തോലിക്കാ ക്രൈസ്തവ രോഗിയെ കാണാനിടയായാൽ സൈ്ഥര്യലേപനം നല്കാൻ എനിക്കാകുമോ / ഒരു വൈദികനാകുമോ?



ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 882 888 ഭാഗങ്ങൾ സൈ്ഥര്യലേപനത്തിന്റെ കാർമ്മികനെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. ലത്തീൻ സഭാനിയമമനുസരിച്ച് (CIC 882) സൈ്ഥര്യലേപനത്തിന്റെ സാധാരണ കാർമ്മികൻ മെത്രാനാണ്. അതേ നിയമംതന്നെ സാധുവായ രീതിയിൽ സൈ്ഥര്യലേപനം നല്കാൻ ഒരു വൈദികനെ അധികാരപ്പെടുത്തുന്ന സാഹചര്യമൊരുക്കുന്ന സാർവ്വത്രിക നിയമത്തെക്കുറിച്ചും ചുമതലപ്പെട്ട അധികാരി നല്കുന്ന പ്രത്യേക ആനുകൂല്യത്തെക്കുറിച്ചും സൂചിപ്പിക്കുന്നു.

നിയമത്താൽതന്നെ സൈ്ഥര്യലേപനം പരികർമ്മം ചെയ്യാൻ അധികാരമുള്ളവരുടെ ലിസ്റ്റാണ് (CIC 883) നല്കുന്നത്. അതിൽ മൂന്നാമത്തെ സൂചിക (883,3°) പ്രകാരം, മരണാവസ്ഥയിലുള്ളവരെ സംബന്ധിച്ചിടത്തോളം ഇടവക വികാരി അഥവാ ഏതു പുരോഹിതനും സൈ്ഥര്യലേപനം പരികർമ്മം ചെയ്യാനുള്ള അധികാരമുണ്ട്.

ഇനി താങ്കളുടെ ചോദ്യത്തിലേക്കു വരുന്നു CIC 883, 3° പ്രകാരം മരണാവസ്ഥയിലുള്ള ഒരു കത്തോലിക്കാ ക്രൈസ്തവ രോഗിക്ക് സൈ്ഥര്യലേപനം നല്കാൻ ഒരു പുരോഹിതന് സാധിക്കുന്നതാണ്.



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

ആഗമനകാലം 2-ാം ഞായർ (ഡിസം. 9)

## യോഹന്നാൻ ദൈവത്തിന്റെ സ്വരം


നീർച്ചാലുകൾ

ഡോ. ഡൈസൻ


ബാറു. 5: 1-9 | ഫിലി. 1: 4-6, 8-11 | ലൂക്ക. 3: 1-6




യോഹന്നാന്റെ ശ്രേഷ്ഠത തെളിയുന്നത് തന്റെ ശിഷ്യന്മാരെ യഥാർത്ഥ വഴിയായ, സത്യമായ ജീവനായ യേശുവിന്റെ അടുക്കൽ പറഞ്ഞയക്കുന്നതിലൂടെയാണ്. താനല്ല യഥാർത്ഥ വഴി, യഥാർത്ഥ രക്ഷാമാർഗ്ഗം, ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് കർത്താവായ യേശുവാണെന്ന് ചൂണ്ടി കാണിക്കുന്നു.

ജനനത്തിന് മുമ്പ്, അമ്മയുടെ ഉദരത്തിൽ വച്ച് പരിശുദ്ധാത്മാവിനാൽ പൂരിതനായവനാണ് വി.സ്നാപകയോഹന്നാൻ. അവന്റെ ജനനം വലിയൊരു അത്ഭുതമായിരുന്നു. പേരിടൽ കർമ്മത്തിൽ സഖറിയാസിന്റെ വായ് തുറക്കപ്പെടുകയും നാവ് സ്വതന്ത്രമാവുകയും ചെയ്തപ്പോൾ ജനങ്ങൾ ചോദിച്ചു. ഈ ശിശു ആരായിത്തീരും? കർത്താവിന്റെ മുമ്പിൽ അവിടുത്തേക്ക് വഴിയൊരുക്കാൻ പോകുന്ന അത്യുന്നതന്റെ പ്രവാചകനാണ് യോഹന്നാൻ. ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം വീശാനും സമാധാനത്തിന്റെ മാർഗ്ഗത്തിൽ നമ്മുടെ പാദങ്ങളെ നയിക്കുന്നവനുമായിരിക്കും സ്നാപക യോഹന്നാൻ. ആരാണ് സ്നാപക യോഹന്നാൻ?

### കാലത്തിനധീതൻ

ഉന്നതരായ മതമേലദ്ധ്യക്ഷന്മാരുടെയും അധികാരം കൈയ്യാളുന്ന വ്യക്തികളുടെയും പേരുകൾ എടുത്തു പറഞ്ഞു കൊണ്ടാണ്, വി.ലൂക്കായുടെ സുവിശേഷത്തിൽ മൂന്നാം അദ്ധ്യായം ആരംഭിക്കുന്നത്. എന്നാൽ സമൂഹത്തിൽ അധികം സ്വാധീനമില്ലാത്ത വെറുമൊരു സാധാരണ പുരോഹിതനായ സഖറിയാസിന്റെ മകനായ യോഹന്നനെ ബൈബിളിലെ ഏറ്റവും നല്ല ചരിത്രകാരനായ വിശുദ്ധ ലൂക്ക പരിചയപ്പെടുത്തുന്നത് ആകസ്മികമായിട്ടല്ല, വ്യക്തമായ ലക്ഷ്യത്തോടു കൂടിയാണ്. സാധാരണക്കാരനാണെങ്കിലും അസാധരണമായ വ്യക്തിത്വത്തിന്റെ ഉടമയാണ് കാരണം ദൈവത്തിന്റെ കരം അവനോടു കൂടെ ഉണ്ടായിരുന്നു. മനുഷ്യകരങ്ങൾ എപ്പോൾ വേണമെങ്കിലും എടുത്തു മാറ്റപ്പെടാവുന്നതാണ്. മനുഷ്യരുടെ കൈതാങ്ങുകൾ ദൗർബല്യമാർന്നതാണ്. എന്നാൽ ദൈവത്തിന്റേത് ശക്തമാർന്നതും, വിശ്വാസയോഗ്യവുമാണ്! റോമ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായ തിബേരിയൂസ് സീസറിനെക്കാളും യൂദായായുടെ ദേശാധിപതിയായ പോന്തിയൂസ് പീലത്തോസിനെക്കാളും, ഗലീലിയുടെ ഭരണാധികാരിയായ ഹേറോദേസിനെക്കാളും, പ്രധാന പുരോഹിതരായ അന്നാസും കയ്യാഫാസിനെക്കാളും വലിയവൻ യോഹന്നനാണ്. കാരണം ദൈവത്തിന്റെ അരുളപ്പാട് നേരിട്ടു ലഭിക്കുന്നത് യോഹന്നാനാണ്. അതുകൊണ്ടു തന്നെ അവന്റെ അധികാരവും ദൈവികമാണ്. സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനില്ലെന്നും ദൈവപുത്രനായ യേശുവും സാക്ഷ്യപ്പെടുത്തുന്നു.

യോഹന്നാന്റെ കാലത്ത് തലയെടുപ്പോടെ നിന്നവർ ഇന്ന് ചരിത്രത്തിന്റെ എടുകളിൽ ആർക്കും വേണ്ടാത്ത സ്മാരകങ്ങൾ പോലെയും, വെള്ള പൂശിയ കുഴിമാടങ്ങൾ പോലെയുമായി. എന്നാൽ കാലത്തിനു



പോലും മായ്ക്കാൻ സാധിക്കാത്ത വ്യക്തിത്വമായി യോഹന്നാൻ മറിയത് ദൈവത്തിന്റെ കരങ്ങൾ അവന്റെ കൂടെ ഉള്ളതുകൊണ്ടാണ്. യോഹന്നാൻ സാങ്കല്പിക സൃഷ്ടിയല്ല. ഖുംറാൻ സമൂഹം മെനഞ്ഞെടുത്ത ബൃഹത്തായ ആശയത്തിലെ നായകനല്ല. യഹൂദ സാഹിത്യത്തിൽ പിറന്ന കഥാപാത്രമല്ല. ദൈവരാജ്യത്തിനു തടസ്സം സൃഷ്ടിച്ച്, യേശുവിനെ ഇല്ലായ്മ ചെയ്യാൻ കരുക്കൾ നീക്കിയ പീലാത്തോസും, ഹേറോദേസും, അന്നാസും കയ്യാഫാസും ജീവിച്ച കാലത്തിൽ, ദൈവത്തിന്റെ രക്ഷ കാണിച്ചു കൊടുക്കാൻ പാപമോചനത്തിനുള്ള മാനസാന്തരത്തിന്റെ ജ്ഞാനസ്നാനം പ്രസംഗിച്ചുകൊണ്ട് ജോർദ്ദാനിന്റെ സമീപ പ്രദേശത്തു ജീവിച്ച പ്രവാചകനായ ചരിത്രപുരുഷനാണ് യോഹന്നാൻ. ചരിത്രത്തിൽ ഇന്നും അവൻ ജ്വലിക്കുന്ന തീപന്തമാണ്!

## മരുഭൂമിയിലെ ശബ്ദം

രക്ഷാകര ചരിത്രത്തിൽ മരുഭൂമി ദൈവീക വെളിപാടിന്റെ സ്ഥലമാണ്. മോശക്ക് പുറപ്പാടിന്റെ നായകനാകാനുള്ള ദൈവവിളി ലഭിച്ചത് മരുഭൂമിയിലാണ് (പുറ 3:1-22). ഏലിയ കർത്താവിനെ പ്രതിയുള്ള തീക്ഷണതയാൽ ജ്വലിച്ചത് മരുഭൂമിയിൽ വച്ചായിരുന്നു. ഇസ്രായേൽ ജനം ദൈവത്തിന്റെ ശക്തിയും കരുണയും തിരിച്ചറിഞ്ഞത് മരുഭൂമിയാത്രയിലായിരുന്നു. മരുഭൂമി അവർക്ക് ഒരുക്ക ഭൂമിയായിരുന്നു. കാനാൻ ദേശത്തേക്കുള്ള കവാടവും. യേശുവിന്റെ ജീവിതത്തിലെ നിർണ്ണായ സംഭവങ്ങൾ അരങ്ങേറിയതും മരുഭൂമിയിൽ വച്ചാണ്. മരുഭൂമിയിലെ യോഹന്നാന്റെ ശബ്ദം രക്ഷയുടെ ആരംഭത്തിന്റെ ശബ്ദമാണ്. പുതുസൃഷ്ടിയാകാനുള്ള ക്ഷണമാണ്. മരുഭൂമി രൂപരാഹിത്യത്തെ, ശൂന്യതയെ, ഇല്ലായ്മയെ സൂചിപ്പിക്കുന്നു. ആദിയിൽ ഉണ്ടാകട്ടെയെന്ന് ദൈവം പറയുന്നത് രൂപരഹിതവും ശൂന്യവുമായ സ്ഥലത്തു നിന്നുകൊണ്ടാണ്. അങ്ങനെ കല്പിച്ചപ്പോൾ സൃഷ്ടി സംഭവിക്കുന്നു. മരുഭൂമി യേശു ആരംഭിക്കുവാൻ പോകുന്ന നവീന സൃഷ്ടി സംഭവിക്കേണ്ട സ്ഥലമാണ്! അതിനുള്ള നിയോഗം യേശു ഏറ്റെടുക്കുന്നതും അതിനുവേണ്ടി 40 ദിനരാത്രങ്ങളിലായി ഒരുങ്ങുന്നതും മരുഭൂമിയിലാണ്! ഒരു കുഞ്ഞ് അമ്മയുടെ ഉദരത്തിൽ കഴിയുന്നത് 40 ആഴ്ചകളാണ്. 40 വർഷം ഇസ്രായേൽ എന്ന കുഞ്ഞ് കഴിഞ്ഞത് മരുഭൂമിയെന്ന ഗർഭപാത്രത്തിലാണ്. പുതിയ സൃഷ്ടിയായിട്ടാണ് ഇസ്രായേൽ വാഗ്ദത്ത നാട്ടിൽ പോയത്! യേശുവിൽ നവീന സൃഷ്ടിയാവാൻ മരുഭൂമി അനുഭവത്തിലൂടെ നാം കടന്നു പോകണം. ഈ അനുഭവത്തിലേക്ക് യോഹന്നാൻ നമ്മെ ക്ഷണിക്കുന്നു.

## വഴി ഒരുക്കുന്നവൻ

യോഹന്നാന്റെ ശ്രേഷ്ഠത തെളിയുന്നത് തന്റെ ശിഷ്യന്മാരെ യഥാർത്ഥ വഴിയായ, സത്യമായ ജീവനായ യേശുവിന്റെ അടുക്കൽ പറഞ്ഞയക്കുന്നതിലൂടെയാണ്. താനല്ല യഥാർത്ഥ വഴി, യഥാർത്ഥ രക്ഷാമാർഗ്ഗം, ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് കർത്താവായ യേശുവാണെന്ന് ചൂണ്ടി കാണിക്കുന്നു. യേശുവിന്റെ ചെരിപ്പിന്റെ വാറ് അഴിക്കാൻ പോലും താൻ യോഗ്യനല്ലായെന്ന എളിമയാണ് യോഹന്നാനെ ഉന്നതനാക്കുന്നത്. യേശുവിന് വഴിയൊരുക്കാൻ വന്നവൻ മാനസാന്തരത്തിന്റെ, നന്മയുടെ, ധർമ്മത്തിന്റെ സ്വരമായി മാത്രം നില്ക്കുന്ന യോഹന്നാനെ അഭിനവ ശുശ്രൂഷകർ മാതൃകയാക്കണം. ദൈവത്തിന്റെ സ്വരമായി വന്നവൻ അത് കൂടുതൽ നന്നാകാൻ വേണ്ടി തന്റെ ജീവനെ ഹോമിച്ചു. "ശബ്ദം നന്നാകാൻ അഴകും ചേരണം" എന്ന സന്യാസിയുടെ ഉപദേശം കേട്ട്, പിതാവ് ഉരുക്കിയൊഴിക്കുന്ന ലോഹകൂട്ടിലേക്ക് മകൾ എടുത്തുചാടി. മണിയുടെ സ്വരം നന്നാകുന്നില്ലെങ്കിൽ രാജാവിനാൽ അപ്പൻ വധിക്കപ്പെടും. അത് സംഭവിക്കാതിരിക്കാൻ, മണിയുടെ ശബ്ദം ഇമ്പമാർന്നതാകാൻ അവൾ ജീവൻ ഹോമിച്ചു. ദൈവത്തിന്റെ ശബ്ദം മുഴങ്ങി കേൾക്കാൻ യോഹന്നാൻ തന്റെ ജീവനെ ഹോമിച്ചു. യോഹന്നാൻ വഴിയൊരുക്കാൻ വന്നവനാണ്. കല്ലുകളെയും മുള്ളുകളെയും വഴിയിൽ നിന്നും മാറ്റി പാത നേരെയാക്കാൻ വന്നവനാണ്. യേശുവിന്റെ പാദത്തിൽ സ്വയം ചെരിപ്പായവനാണ്! യേശുവിന്റെ പാദത്തിനടിയിലായിരിക്കുന്നതിൽ സന്തോഷം കണ്ടെത്തിയവനാണ് യോഹന്നാൻ. നമ്മളും അവനെക്കാൾ ഉയർന്നിരിക്കാതെ അവന്റെ പാദത്തിനടിയിലിരിക്കാം. കാരണം യേശുവിന്റെ പാദം രക്ഷയുടെ പാദമാണ്.

അഹങ്കാരത്തിന്റെ താഴ്വരയെ എളിമകൊണ്ട് നികത്താനും അധികാര മോഹത്തിന്റെ കുന്നും, അത്യാഗ്രഹത്തിന്റെ മലയും സേവന സന്നദ്ധത കൊണ്ടും, ത്യാഗ മനോഭവ കൊണ്ടും നിരത്താനും, അധാർമ്മികതയുടെ, അനീതിയുടെ വളഞ്ഞ വഴികൾ ധർമ്മികത കൊണ്ടും, നീതി കൊണ്ടും നേരയാക്കാനും അലിവില്ലായ്മയുടെ, അൻപില്ലായ്മയുടെ പരുപരുത്ത ജീവിതങ്ങളിൽ അലിവിന്റെയും സ്നേഹത്തിന്റെ മൃദുലതകൾ കൊണ്ട് സമ്പന്നമാക്കാനും പുതിയൊരു പുറപ്പാടിന് സ്നാപകയോഹന്നാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. അഹത്തിൽ നിന്നും ദൈവത്തിങ്കലേക്കുള്ള പുറപ്പാടിനായി മാനസാന്തരപ്പെടാം.

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# മനോഹരമാക്കാൻ മനോഹരമായത് ചെയ്യണം

സെഫാ. 3: 14-18a | ഫിലി. 4: 4-7 | ലൂക്ക. 3: 10-18



സാമ്പത്തിക ശ്രേണിയുടെ ഭാഗമാണ് ചുങ്കക്കാരൻ. ഇല്ലാത്തവന് കൊടുക്കാൻ യോഹന്നാൻ പറയുമ്പോഴും അതിന്റെ മറുവശത്ത് ഇസ്രായേൽക്കാരിൽ നിന്ന് അവരെ ഭരിക്കുന്ന റോമാക്കാർക്കായി ചുങ്കക്കാർ അധികം പിരിക്കുന്നുണ്ട്. അപഹരണത്തിന്റെ കഥയാണിത്. ദാരിദ്ര്യത്തിന്റെയും പരാധീനതയുടെയും മദ്ധ്യേയാണ് സ്നാപകയോഹന്നാന്റെ ചുങ്കക്കാരനോടുള്ള താക്കീത്.

ചാൾസ് ഡിക്കൻസിന്റെ ക്രിസ്മതുസ് കരോൾ എന്ന ഒരു നോവലുണ്ട്. എബനേസർ സ്ക്രൂജ് എന്ന മനുഷ്യൻ അത്യാഗ്രഹിയും പിശുക്കനുമാണ്. അയൽക്കാരനായ ഫ്രഡിന്റെ ക്രിസ്മസ് ഡിന്നർ ക്ഷണം അയാൾ നിരസിച്ചു. നന്മയും സ്നേഹവും അയാൾക്കുണ്ടായിരുന്നില്ല. സ്ക്രൂജിന്റെ ബിസിനസ് പാർട്ണർ ആയിരുന്ന മാർളി ഏഴ് വർഷങ്ങൾക്കുമുൻപ് മരിച്ചു. മാർളിയുടെ പ്രേതം അയാളെ സന്ദർശിച്ചു. പണം സമ്പാദിക്കാൻ മാത്രം ശ്രമിച്ച അയാൾ ഇന്ന് ഗതികിട്ടാത്ത ആത്മാവായി അലഞ്ഞുതിരിയുന്നു. തന്റെ കൂട്ടുകാരനും ഈ ഗതി ഉണ്ടാകാതിരിക്കാൻ മാർളി അയാളെ ഉപദേശിച്ചു. "മൂന്നു ആത്മാക്കൾ നിന്നെ മൂന്നു രാത്രികളിൽ സന്ദർശിക്കും."

സ്കോർജിന്റെ ഉറക്കത്തിൽ വൃദ്ധനായ പ്രേതം പ്രത്യക്ഷപ്പെട്ടു. അയാൾ ഭൂതകാല ക്രിസ്മസിന്റെ പ്രേതമാണ്. അയാൾ സ്കോർജിനെ അവന്റെ ഗതകാലത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഒരു പയ്യനായിരുന്നപ്പോഴത്തെ നിഷ്കളങ്കത, സൽസ്വഭാവം, ഏകാകിയെങ്കിലും അനുഭവിച്ച സന്തോഷം, പിന്നീട് സമ്പത്തിന്റെ വഴികളിൽ വന്ന അപഥസഞ്ചാരങ്ങൾ! ഇതുകണ്ട് സ്കോർജിന്റെ ഉള്ളുപിടഞ്ഞു. വീണ്ടും ഉറക്കത്തിൽ വർത്തമാനകാലത്തിന്റെ പ്രേതംവന്നു. ഈ ക്രിസ്മസിന്റെ സന്തോഷങ്ങൾ, കാരുണ്യത്തിന്റെ മുഖങ്ങൾ കാട്ടിക്കൊടുത്തു. ക്രച്ചിറ്റ് എന്ന മനുഷ്യന്റെ ഭവനം കാട്ടിക്കൊടുത്തു. ദുഷ്ടനായ ഈ മനുഷ്യൻ മാനസാന്തരപ്പെട്ടില്ലെങ്കിൽ അയാളുടെ പുത്രൻ മരിക്കും. ഫ്രെഡിന്റെ വീട്ടിലെ ക്രിസ്മസ് പാർട്ടിയുടെ ആനന്ദനിമിഷങ്ങൾ കാട്ടിക്കൊടുത്തു.

പിന്നീട് ഭാവിയുടെ പ്രേതം വന്നു. ഒരാളുടെ മരണരംഗം! പക്ഷേ, മരിച്ച ആളെക്കുറിച്ച് ആരും സങ്കടപ്പെടുന്നില്ല. ആളുകൾ സന്തുഷ്ടരാണ്. സ്കോർജ് തിരിച്ചറിഞ്ഞു. മരിച്ചുകിടക്കുന്നത് താൻ തന്നെയാണെന്ന്. ജഡിക മോഹങ്ങളിൽ കെട്ടിപ്പടുക്കുന്ന ജീവിതത്തിന്റെ നിരർത്ഥകതയെ ഓർത്ത് അയാൾ കരഞ്ഞു.

പിന്നീട് സ്കോർജ് ഒരു നല്ല മനുഷ്യനായി. ക്രാച്ചിറ്റിന്റെ മകൻ മരിച്ചു. അയാളുമായി സൗഹൃദത്തിലായി. അയാളുടെ മറ്റൊരു മകനെ ദത്തെടുത്തു.

ലൂക്കാ അവതരിപ്പിക്കുന്നത് ഇത്തരത്തിൽ മനസ്സുതിരിഞ്ഞവരുടെ കഥയാണ്. നന്മയിൽ ജീവിക്കാൻ വെമ്പൽകൊള്ളുന്നവരുടെ കഥയാണ്!

ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? മൂന്നുകൂട്ടർ ചോദിക്കുന്നുണ്ട്. സമൂഹം ചോദിച്ചതിനുള്ള മറുപടി രണ്ടുടുപ്പുള്ളവൻ ഒരുടുപ്പ് പങ്കുവയ്ക്കാനാണ്. കൃത്യമായി പറഞ്ഞാൽ പാതി പകുത്തുകൊടുക്കുക. യേശു ധനികനോട് പറയുന്നതും ഇതു തന്നെയാണ്. കരുണയുടെ പാഠങ്ങൾ മക്കളെ ഭവനങ്ങളിൽ അഭ്യസിപ്പിക്കണം. അപ്രിയസത്യമാണ് യോഹന്നാൻ പറയുന്നത്. പങ്കുവയ്ക്കലിന്റെ ഈ സ്നേഹശാസ്ത്രം ജനം പതുക്കെ ഉൾക്കൊള്ളുന്നുണ്ട്. സ്നാനം സ്വീകരിക്കുന്നവൻ ഒരു കുമ്പസാരത്തിലെന്നപോലെ ആയിത്തീരുന്നു. അതിനുള്ള പ്രായശ്ചിത്തമാണ് ഈ ഉടുപ്പ് നൽകൽ.

സാമ്പത്തിക ശ്രേണിയുടെ ഭാഗമാണ് ചുങ്കക്കാരൻ. ഇല്ലാത്തവന് കൊടുക്കാൻ യോഹന്നാൻ പറയുമ്പോഴും അതിന്റെ മറുവശത്ത് ഇസ്രായേൽക്കാരിൽ നിന്ന് അവരെ ഭരിക്കുന്ന റോമാക്കാർക്കായി ചുങ്കക്കാർ അധികം പിരിക്കുന്നുണ്ട്. അപഹരണത്തിന്റെ കഥയാണിത്. ദാരിദ്ര്യത്തിന്റെയും പരാധീനതയുടെയും മദ്ധ്യേയാണ് സ്നാപകയോഹന്നാന്റെ ചുങ്കക്കാരനോടുള്ള താക്കീത്. മൂന്നുകാര്യങ്ങൾ യോഹന്നാൻ പടയാളികളോട് ആവശ്യപ്പെട്ടു. എ) ഭീഷണിപ്പെടുത്തരുത്. ബി) വ്യാജ ആരോപണങ്ങൾ ഉന്നയിക്കരുത്. സി) വേതനം കൊണ്ട് തൃപ്തിപ്പെടുക.

അഴിമതിയും വക്രതയും കെടുകാര്യസ്തതയും നിറഞ്ഞ ഇന്നത്തെകാലം. ഭരണകൂട ഭീകരതയ്ക്കെതിരെയുള്ള പ്രവാചകശബ്ദം ഇന്നും ആഞ്ഞുവീശുന്നു.

സ്നാപകയോഹന്നാൻ നിർത്തുന്നിടത്ത് ക്രിസ്തു ആരംഭിക്കുന്നു. സ്നാപകന്റെ സുവിശേഷം ക്രിസ്തുവിൽ തിളങ്ങിനില്പുണ്ട്.

പിന്നാലെ വരുന്നവന്റെ മഹത്വം യോഹന്നാൻ പറഞ്ഞുകൊണ്ടാണ് വിടവാങ്ങുന്നത്. യജമാനന്റെ ചെരിപ്പിന്റെ വള്ളികൾ അഴിക്കുന്നത് ഒരു ഹെബ്രിയദാസന് ഹീനമായ ജോലി തന്നെയാണത്. റബ്ബയുടെ ശിഷ്യന്മാർക്കുപോലും അത് വിധിച്ചിരുന്നില്ല. യോഹന്നാൻ ദാസനേക്കാൾ താഴുന്നുണ്ട്. പരിശുദ്ധാത്മാവിലും അഗ്നിയാലും ക്രിസ്തു സ്നാ

നപ്പെടുത്തും.

സെഫാനിയായുടെ പുസ്തകത്തിലും വരാനിരിക്കുന്ന രക്ഷകന്റെ മുന്നറിയിപ്പുണ്ട്. ചെറിയഭവനങ്ങളിൽ നിന്നാണ് ഇസ്രായേലിന്റെ ഭരണകർത്താവ് വരുന്നത്. ബത്‌ലഹേം, എഫ്രാത്ത, യൂദ. ചെറുതിനെ കൂട്ടുപിടിക്കുന്ന ദൈവം. എളിയതിൽ നിന്ന് വലിയത് സൃഷ്ടിക്കുന്നവൻ. അതുകൊണ്ടാണല്ലോ ക്രിസ്തുവും തീരെ ചെറിയ കടുകുമണികളുടെയും വിത്തുകളുടെയും ഉപമകളിലേക്ക് പോയത്. ചെറിയവരായ ശിഷ്യന്മാരെ തെരഞ്ഞെടുത്തത്. ശിശുക്കളെപ്പോലെ ചെറുതാകാൻ പറഞ്ഞത്. "അരനാഴി പ്രവർത്തനമാണ് ഒരു ടൺ പ്രഭാഷണത്തേക്കാൾ വിലപ്പെട്ടത്." ഗാന്ധിജിയുടെ വാക്കുകൾ ഓർക്കണം.

1961 ലെ നോബൽ സമ്മാനജേതാവായ ഈവോ ആൻഡ്രീച്ചിന്റെ ലോകപ്രശസ്ത നോവലാണ് ഡ്രീനാനദിയിലെ പാലം. പാലം തുരുത്തുകളെ ഇല്ലാതാക്കുന്നു. അകലങ്ങളെ മായ്ക്കുന്നു, സംസ്കാരത്തിലേക്കും വികസനത്തിലേക്കും കാൽനട നടത്തുന്നു. മനുഷ്യന് രണ്ടുതരം ഭീതിയുണ്ട്. മനുഷ്യനെ നിരന്തരം ഭീഷണിപ്പെടുത്തുന്ന ബാഹ്യമായ ഭീതി. ചുറ്റുപാടിൽ നിന്നുണ്ടാകുന്ന ഭീതിയാണിത്. രണ്ടാമത്തേത് നിരന്തരമായ അരക്ഷിതാവസ്ഥയിൽ നിന്ന് ഉടലെടുക്കുന്നത്. മനുഷ്യനും അവൻ നേരിടുന്ന സന്തുഷ്ടിക്കുമിടയ്ക്കുള്ള ഒരു പാലം ഇല്ലാതെ പോകുന്നു. വ്യക്തിക്കും ചരിത്രത്തിനുമിടയ്ക്കുള്ള പാലം നിരന്തരം തകർക്കപ്പെടുന്നു. ജാതി, മതം, വർഗം എന്നിങ്ങനെ വേർതിരിവുകളുടെ വിദ്വേഷത്തിന്റെയും തുരുത്തുകൾ ഇന്ന് സൃഷ്ടിക്കപ്പെടുന്നു. മനുഷ്യൻ കലയിലൂടെയും സ്നേഹത്തിലൂടെയും ഈ വിടവുകൾ നികത്തി മാനവികതയുടെ പാലങ്ങൾ നിർമ്മിക്കണം.

സിയോന്റെ മേലുണ്ടായിരുന്ന അനർത്ഥങ്ങളൊക്കെയും ഒഴിഞ്ഞുവെന്ന് കർത്താവ് തന്നെ അറിയിക്കുന്നു. ഇനി ഇസ്രായേൽ മക്കൾ ആഹ്ലാദിക്കണം. പൗലോസപ്പോസ്തലനും കർത്താവിൽ സന്തോഷം കണ്ടെത്താനാണ് ആവശ്യപ്പെടുന്നത്. ഭൗതികതയുടെ അലക്തികവെട്ടങ്ങളിൽ ആയിരിക്കുന്ന മനുഷ്യൻ ആന്തരിക സത്തയിലേക്ക് മടങ്ങേണ്ടതുണ്ട്.

പ്രശസ്ത ഇറ്റാലിയൻ ഗായികയായ മിന മറ്റ്സിനിയുടെ പാട്ടിനെക്കുറിച്ച് ഫ്രാൻസിസ് മാർപ്പാപ്പ വിവരിക്കുന്നുണ്ട്. 'വാക്കുകൾ... വാക്കുകൾ...' അവൾ വന്യമായി പാടുന്നു. മാർപാപ്പ ആ പഴയകാല ഗായികയെ എന്തിനാണ് അനുസ്മരിച്ചതെന്ന് അന്വേഷിച്ചപ്പോൾ പാപിനിയായ സ്ത്രീയുടെ പാപങ്ങൾ ക്ഷമിച്ച ക്രിസ്തുവിനെപ്പോലെ മറ്റ്സിനിയോട് മാർപാപ്പ ക്ഷമിച്ചിരിക്കുന്നു. പ്രശസ്തിയുടെ പടവുകളിൽ നിൽക്കുമ്പോഴാണ് വിവാഹിതനായ ഒരാളിൽ അവൾക്ക് കുഞ്ഞുപിറന്നത്. പിന്നീടങ്ങോട്ട് വിലക്കുകളുടെയും അപമാനത്തിന്റെയും നാളുകൾ. സഭയുടെ വിലക്കു കാരണം അവൾക്ക് റേഡിയോകളിൽ പാടാൻ പറ്റാതായി. പ്രണയത്തെയും സ്നേഹത്തെയും വല്ലാത്ത ഭാവപ്പകർച്ചയിൽ സ്വരമാധുരിയിൽ അവൾ പാടിയിരുന്നു. ഇന്ന് അവളുടെ പാട്ടുകൾ അനശ്വരഗീതികളാണ്. അവളുടെ കവിളിൽ പാപ്പ തലോടുന്നു. ക്രിസ്തു ഒരു കുഞ്ഞാടിനെ തോളിലെടുക്കുന്നു. ഇതൊക്കെ തന്നെയല്ലേ ക്രിസ്തുവിന്റെ മധുരങ്ങൾ! പ്രാർത്ഥനകൾ, സ്വപ്നങ്ങൾ, വിത്തുകൾ ഇവ സ്വഭാവത്തിൽ ഒന്നാണ്, അവയ്ക്ക് ഉള്ളിൽ ഒന്നുമില്ല. പക്ഷേ, എല്ലാം സൃഷ്ടിക്കാനുള്ള സത്ത അവയ്ക്കുണ്ട്. ഈ ലോകത്തെ മനോഹരമാക്കാൻ മനുഷ്യന്റെ പ്രവർത്തികൾക്ക് കഴിയും. ●

നീർച്ചാലുകൾ

ഫാ. അജിമോൻ IVDei

ആഗമനകാലം 4-ാം ഞായർ (ഡിസം. 23)

# അടുപ്പം കൂടിയാൽ തിടുക്കവും കൂടും

മിഖ. 5 : 2-5a | ഹെബ്രാ. 10 : 5-10 | ലൂക്ക. 1: 39-45

വർഷങ്ങൾക്കുമുൻപ് വായിച്ച ഒരു ഇസ്രായേലിയൻ കഥ ഓർമ്മയിലുണ്ട്. അതിഥികൾ എന്നാണ് കഥയുടെ പേര്... കടുത്ത വിശ്വാസിയായ ഒരു യഹൂദനാണ് റൂബൻ. ഭാര്യയുടെ പേര് മാലി. ദരിദ്രരും സന്താനരഹിതരുമാണ് അവർ. ഒരു വലിയ സാബത്തിനോടനുബന്ധിച്ച് ഭാഗ്യവുമായി കടന്നുവരുന്ന അതിഥികളെ കാത്തിരിക്കുകയാണ് ഗ്രാമം മുഴുവനും. ചുറ്റുമുള്ളവരെല്ലാം കൂടാരമൊരുക്കിയും, വിഭവസമൃദ്ധമായ ഭക്ഷണമൊരുക്കി കാത്തിരിക്കുമ്പോഴും, ഒന്നിനും പണമില്ലാതെ മോശ ദുഃഖിച്ചിരിക്കുകയാണ്. എന്നാൽ സാബത്തിനോടനുബന്ധിച്ച് സിനഗോഗിൽ ദാനം ചെയ്യുന്ന പണം ലഭിക്കുന്നത് റൂബനാണ്. സന്തോഷംകൊണ്ട് മതിമറന്ന അയാൾ നല്ല ഭക്ഷണവും കൂടാരവുമൊരുക്കി അതിഥികൾക്കായി കാത്തിരിക്കുകയാണ്. കിട്ടിയ തുകയിൽ നിന്നും വലിയൊരു പങ്കു മുടക്കി ആ ഗ്രാമത്തിലെ ആളുകൾ ഭാഗ്യം കൊണ്ടുവരും എന്ന് വിശ്വസിക്കുന്ന ഒരു നാരങ്ങയും അയാൾ സ്വന്തമാക്കി. അതിഥികൾ പലരും എത്തിയിട്ടും റൂബന് അതിഥികളാ

യി ആരും എത്തിയില്ല. അവസാനം രണ്ടുപേർ എത്തുന്നു. അവർ മോഷണ കുറ്റത്തിന് പിടിക്കപ്പെട്ട്, പോലീസിൽ നിന്നും ഓടി രക്ഷപ്പെട്ടവരാണ്. റൂബൻ അവരെ തന്റെ അതിഥികളായി സ്വീകരിച്ചു. ഭാര്യ പിണങ്ങുകയും ചെയ്തു. എല്ലാം ദൈവത്തിന്റെ പരീക്ഷണമാണ് എന്നുപറഞ്ഞുകൊണ്ട് റൂബൺ ആശ്വസിക്കുന്നു. എന്നാൽ താൻ ഒരുപുത്രനായ് കാത്തുവച്ചിരുന്ന ഭാഗ്യ നാരങ്ങയും മോഷ്ടിച്ചുകൊണ്ട് അതിഥികൾ കടന്നുകളഞ്ഞു എന്നറിയുമ്പോൾ അവരെ തേടി ഒരു ഭ്രാന്തനെപ്പോലെ റൂബൻ തെരുവീഥികളിലൂടെ വെറുതെ അലയുകയാണ്. ഏറ്റവും ഒടുവിൽ അതിഥികളാൽ അനുഗ്രഹിക്കപ്പെട്ട അയൽക്കാരെല്ലാം കൂടാരങ്ങൾ പൊളിച്ചുമാറ്റുന്നു. പക്ഷേ, പിണങ്ങിപ്പോയ ഭാര്യ താൻ ഗർഭിണിയാണെന്ന വാർത്തയുമായി തിരിച്ചുവരുമ്പോൾ റൂബൻ എല്ലാം മറക്കുന്നു. ദൈവീക ഇടപെടൽ അനുഭവിക്കുന്നു.

ദൈവിക ഇടപെടലിനായി കാത്തിരുന്ന രണ്ടുപേരെ സുവിശേഷം വരച്ചുകാണിക്കുന്നു. മേരിയും എലിസബത്തും. ദൈവീക പദ്ധതിയുടെ പൂർത്തീകരണത്തിന് പാത്രമായവർ. അവർ സാക്ഷ്യപ്പെടുത്തുന്നത്, ദൈവത്തിന് ഒന്നും അസാധ്യമല്ല എന്ന വലിയ സത്യം. ദൈവിക ഇടപെടലിന്റെ ഒരു വാഗ്ദത്തപേടകമായി മറിയത്തെ കാണാം.

എന്താണ് വാഗ്ദത്തപേടകം? അത്രമേൽ ഒന്നും ഭൂമിയിൽ അലങ്കരിക്കപ്പെട്ടിട്ടില്ല. അകത്തും പുറത്തും സ്വർണ്ണം പൊതിഞ്ഞ് അതിനുള്ളിൽ മൂന്നു വിശേഷപ്പെട്ട അടയാളങ്ങൾ പ്രതിഷ്ഠിച്ചു: കൽപ്പനയുടെ കൽഫലകങ്ങൾ, ആകാനും പൊഴിച്ച മന്ന, അഹറോൻ ഉപയോഗിച്ച പൂവിട്ട ദണ്ഡ്. മൂന്നിലും ക്രിസ്തുവിന്റെ പ്രകാശമുള്ള നിഴൽ വീണിട്ടുണ്ട്. കാരണം, ക്രിസ്തുവാണ് പുതിയ നിയമം. ഞാൻ നിങ്ങൾക്ക് ഒരേയൊരു കൽപ്പന തരുന്നു സ്നേഹം. കൽപാളികളിലല്ല ഹൃദയത്തിലാണത് കോറിയിടാൻ പോകുന്നത്. പുതിയ മന്നയും അവൻ തന്നെ ആദ്യ മന്ന കഴിച്ചവരൊക്കെ മരിച്ചുപോയി. ഈ മന്ന ഭക്ഷിക്കുന്നവർ ജീവിക്കും. അഹറോൻ ലേവ്യ ഗോത്രത്തിൽ നിന്നാണ്. പുരോഹിതൻ എന്നർത്ഥം. അനുഷ്ഠാനങ്ങളിലൂടെയല്ല ആത്മസമർപ്പണത്തിലൂടെയാണ് അവനത് ചെയ്യുക (രണ്ടാം വായന). അവനെയാണ് ഉദരത്തിലും ഹൃദയത്തിലും മറിയം വഹിക്കുവാൻ പോകുന്നത്. അങ്ങനെയാണവർ പുതിയ നിയമത്തിലെ വാഗ്ദത്തപേടകമായത്.

വാഗ്ദത്ത പേടകവുമായി മറിയത്തെ ബന്ധിപ്പിക്കുന്ന പ്രകാശം ലൂക്കായുടെ സുവിശേഷത്തിൽ നിന്ന് നമുക്ക് ലഭിക്കും (സുവിശേഷം) വാഗ്ദത്ത പേടകത്തിനുമീതെ ദൈവത്തിന്റെ മഹത്വം മേഘംപോലെ പൊതിഞ്ഞുനിന്നുവെന്ന പഴയനിയമസൂചനയോട് ചേർത്തുവായിക്കണം, അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കുമെന്ന പുതിയ നിയമത്തിലെ ഇന്നത്തെ സുവിശേഷത്തിന്റെ ദേവദൂത്. നിർമ്മലയായ ഒരു സ്ത്രീയോടൊപ്പം ആ അദൃശ്യമേഘം അവസാനത്തോളം കൂട്ടുപോയി. ആ മേഘത്തിലായിരുന്നതുകൊണ്ടാവണം ഇത്രമേൽ ചിതറിയിട്ടും അസാധാരണമായൊരു ഉത്തരം അവൾ നൽകുന്നത്: ഇതാ കർത്താവിന്റെ ദാസിയെന്ന്.

സുവിശേഷം മനോഹരങ്ങളായ സദൃശ്യങ്ങൾ നൽകുന്നു. എലിസബത്ത് പാർത്ത ഇടവും, വാഗ്ദത്തപേടകം സൂക്ഷിച്ച സ്ഥലവും തമ്മിൽ വളരെ ചെറിയ ദൂര വ്യത്യാസമേയുള്ളൂ. എലിസബത്തിനടുത്തേക്ക് യാത്രതിരിക്കുന്ന മറിയം. മൂന്നുമാസക്കാലം അവിടെ ചിലവഴിക്കുന്നുണ്ട്. അതുവഴി അവളും അനുഗ്രഹിക്കപ്പെട്ടു. ആ ഭവനവും അനുഗ്രഹിക്കപ്പെടുന്നു.

ദൈവമേ, ഞങ്ങൾക്ക് ഇടം നൽകിയ ഉദരങ്ങളും വാഗ്ദത്തപേടകമാകുന്നു. ഞങ്ങൾ ദൈവഹിതം നിറവേറ്റുവാൻ തയ്യാറാകുമ്പോൾ, പതുക്കെ പതുക്കെ ക്രിസ്തുവായി മാറുമ്പോൾ, ഞങ്ങളും മറിയത്തെ പോലെ വാഗ്ദത്തപേടകങ്ങളാകുന്നു. അപ്പോൾ ദൂതൻ വീണ്ടും വിളിച്ചുപറയും - ദൈവത്തിന് ഒന്നും അസാധ്യമല്ല. ●

തിരുകുടുംബ ഞായർ (ഡിസം. 30)

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

# ഉടൽ നൽകിയാൽ പോരാ, ഉയിർ നൽകണം

പ്രഭ. 3: 2-6, 12-15a | കൊളോ. 2:12-21 | ലൂക്ക. 2: 41-52

തിരുക്കുടുംബത്തിന്റെ തിരുനാൾ ദിനത്തിലാണല്ലോ നാമിന്ന്. നസ്രത്തിലെ ഒരു കൊച്ചു കുടുംബം ലോകത്തിനു മുഴുവനും മാതൃകയാക്കാവുന്ന തിരുക്കുടുംബമായി മാറുന്ന ഓർമയാണിത്. തിരുക്കുടുംബത്തെക്കുറിച്ച് ഒരു ക്ലാസ് നടത്തുകയാണ്. നസ്രത്തിലെ കൊച്ചു ഭവനത്തെ നയിക്കാൻ യൗസേപ്പിതാവ് നടത്തിയ ത്യാഗങ്ങളെക്കുറിച്ച് വർണിക്കുകയാണ് ഒരാൾ. കൂട്ടത്തിലൊരു അപ്പച്ചൻ എഴുന്നേറ്റ് പറയുക ഇപ്രകാരമാണ് ●

യൗസേപ്പിന് അതൊക്കെ സാധിക്കും. കാരണം യൗസേപ്പിന്റെ ഭാര്യ മറിയം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടതാണ്, ഉണ്ണീശോ ദൈവപുത്രനും. ഞങ്ങൾ വെറും സാധാരണക്കാർ. ഞങ്ങൾക്കിത് എങ്ങിനെ സാധിക്കും. മറുപടി ശ്രദ്ധേയമാണ്. നസ്രത്തിലെ കുടുംബം തിരുക്കുടുംബമായത് ദൈവം നടത്തിയ തെരഞ്ഞെടുപ്പുകൊണ്ടല്ല, മറിച്ച് ദൈവത്തിന്റെ ഇഷ്ടങ്ങൾക്ക് അവർ വിധേയപ്പെട്ടതുകൊണ്ടാണ്.

ആരാണ് മാതാപിതാക്കൾ എന്ന ചോദ്യത്തിന് ജന്മം നൽകിയവർ എന്ന ഉത്തരം മാത്രം ഇനി മതിയാവില്ല. കാരണം അതിനുമപ്പുറത്തുള്ള എന്തോ ചില ദൗത്യങ്ങളും ഉത്തരവാദിത്തങ്ങളും ഓരോ മാതാപിതാക്കൾക്കുമുണ്ട്. ഈ ധർമ്മം പൂർണ്ണമായി നിർവഹിച്ചതുകൊണ്ടാണ് അമ്മ മേരിയെയും അച്ഛൻ യൗസേപ്പിനേയും മാതാപിതാക്കൾ എന്ന് പേരിട്ട് ലോകം വിളിച്ചതു പോലും.

മക്കളുടെ സ്വഭാവ രൂപീകരണത്തിനു വേണ്ടി എന്ത് ചെയ്യണം എന്ന് അന്വേഷിക്കുന്ന മാതാപിതാക്കൾ ആദ്യം ശ്രദ്ധിക്കേണ്ടത് മക്കളെ അകമഴിഞ്ഞ് പ്രോത്സാഹനം നൽകിയാൽ നമ്മുടെ മക്കളൊക്കെ എത്ര ഭേദപ്പെട്ടേനേ! വാടിപ്പോയ ചെടിക്ക് താഴെ നീ നൽകുന്ന ജലസമൃദ്ധിക്ക് സാദൃശ്യമാണ് പ്രോത്സാഹനം.

സംഗീത സംവിധായകനായ ജി. ദേവരാജൻ മാസ്റ്ററുടെ പ്രോത്സാഹനവും അഭിനന്ദനവും 'അല്ലിയാമ്പൽ..' എന്ന ഗാനത്തിന് ഈണം നൽകിയ ജോബു മാസ്റ്ററെ എത്രയധികം സ്വാധീനിച്ചു എന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. ക്രൂരമായ വിമർശനം കേട്ട് ഇനി സംഗീതലോകത്തിലേക്കില്ലെന്ന് തീരുമാനിച്ചിരിക്കുമ്പോഴാണ് ജോബ് മാസ്റ്റർക്ക് ഇത്തരത്തിലുള്ള പ്രോത്സാഹനവരികൾ കിട്ടിയത്. 'നിങ്ങൾക്ക് എന്നെ പരിചയമുണ്ടാകില്ല. ഈയിടെ നിങ്ങളുടെ ഒരു പാട്ട് കേട്ടു. അല്ലിയാമ്പൽ എന്ന് തുടക്കം. എനിക്ക് വലിയ ഇഷ്ടമായി. നിങ്ങളെ അഭിനന്ദിക്കാതിരിക്കാൻ ആവാത്തതുകൊണ്ട് എഴുതുന്നു. ഇനിയും ഇതുപോലുള്ള നല്ല പാട്ടുകളെ ചെയ്യാവൂ.

പ്രോത്സാഹിപ്പിക്കാതെ നിരുത്സാഹപ്പെടുത്തിയതുകൊണ്ടല്ലേ ഹിറ്റ്ലർ 60 ലക്ഷം മനുഷ്യരുടെ ജീവനെടുത്ത് അമ്മാനമാടിയത്. ഒരിക്കൽ പോലും തന്റെ മാതാപിതാക്കൾ തന്നോട് ഒരു വാക്ക് പോലും പറയുകയോ തന്നെ പ്രോത്സാഹിപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന് ഈ മനുഷ്യൻ വലിയ വായിൽ നിലവിളിക്കുമ്പോൾ ഇവൻ ചെയ്ത കുറ്റങ്ങൾക്കെല്ലാം ഇവന്റെ മാതാപിതാക്കൾക്കും പങ്കുണ്ടെന്ന് സമ്മതിക്കേണ്ടിവരും.

പരസ്പരം പ്രോത്സാഹിപ്പിക്കാനും അഭിനന്ദിക്കാനും ശ്രമിക്കുമ്പോൾ മാത്രമാണ് ഞാൻ നല്ല ഒരു മനുഷ്യനായി മാറുന്നത്. ക്രിസ്തു തന്റെ ശിഷ്യന്മാരെ പ്രോത്സാഹിപ്പിച്ചിരുന്നു. എമ്മാവൂസിലേക്കുപോയ ശിഷ്യരുടെ കൂടെ ക്രിസ്തു കൂട്ടുകൂടിയത് അവരുടെ ഭയപ്പാടുകൾ എടുത്തു മാറ്റുന്നതിനും അവരെ പ്രോത്സാഹിപ്പിച്ച് കർമ്മനിരതരാക്കുന്നതിനും കൂടിയായിരുന്നു.

നീ നിന്റെ മക്കളെ ശിക്ഷണത്തിൽ വളർത്തുന്നുണ്ടോ എന്ന ചോദ്യത്തിന് ഞാൻ നൂറ് ശതമാനവും ശിക്ഷണം നൽകുന്നുണ്ടെന്ന് ഉത്തരം പറയാനാവുമ്പോഴാണ് നീ യഥാർത്ഥത്തിൽ നല്ല ഒരു അപ്പനോ അമ്മയോ ആകുന്നത്.

ശിക്ഷണ നടപടികൾ കുറ്റാർഹമാണെന്ന് പറയുകയും പ്രചരിപ്പിക്കുകയുമൊക്കെ ചെയ്യുന്നവർ വി. ലിഖിതത്തിൽ പ്രഭാഷകന്റെ പുസ്തകം 30-ാം അദ്ധ്യായമൊന്ന് ശ്രദ്ധാപൂർവ്വം വായിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ.

ഒന്നു തല്ലുകയോ, വഴക്ക് പറയുകയോ ചെയ്യാതെ ഈ മക്കളെ നാം എങ്ങോട്ടാണ് കൊണ്ടുപോകുന്നത്? നാടുവിട്ടുപോയ ഒരു മകനെ കുറിച്ച് അവന്റെ മാതാപിതാക്കൾ പറഞ്ഞു കരഞ്ഞത് ഇപ്രകാരമായിരുന്നു. ഒന്നു നുള്ളിപോലും നോവിച്ചിട്ടില്ല അവനെ. അവന്റെ ഏതാവശ്യത്തിനും കൂട്ടുനിന്നിട്ടേ ഉള്ളു. ആ വാക്കുകൾ കേട്ടപ്പോൾ അവൻ ഓടി പോയില്ലെങ്കിലേ അത്ഭുതമുള്ളൂ എന്ന് തോന്നിപ്പോയി. ഒന്ന് അടിച്ചതിന്റെ പേരിലോ ഒന്ന് ശകാരിച്ചതിന്റെ പേരിലോ ഒന്നും ഒരു കുട്ടിയും നാടുവിട്ട് പോകില്ലെന്ന് നമ്മുടെ മാതാപിതാക്കൾ എന്നാണ് മനസ്സിലാക്കുക. സ്നേഹത്തോടുകൂടിയുള്ള ശാസനം നമ്മുടെ കുഞ്ഞിന് നൽകാൻ മടികാണിക്കുന്ന മാതാപിതാക്കൾ തന്നെയാണ് ഈ ഭൂമിയെ ഇത്രമേൽ വികൃതമാക്കുന്നത്. ക്രിസ്തു ജ്ഞാനത്തിലും പ്രായത്തിലും വളർന്നു എന്നതിന് അവൻ മാതാപിതാക്കളുടെ ശിക്ഷണത്തിൽ വളർന്നു എന്ന് ചുരുക്കിയെഴുതാവുന്നതാണ്.

മക്കൾ മാതാപിതാക്കളുടെ മാത്രം സ്വന്തമല്ലെന്ന് അറിയുന്നതാണ് യഥാർത്ഥ തിരിച്ചറിവ്. മക്കൾ മാതാപിതാക്കളുടെ സ്വത്തും സ്വകാര്യതയുമാണെന്ന ധാരണയിലാണ് പലമാതാപിതാക്കളും ഇപ്പോഴും ജീവിക്കുന്നത്. ഇങ്ങനെയുള്ള തെറ്റായ ധാരണയിൽ ജീവിക്കുന്നവർക്കാണ് ഒരുപാട് നിരാശപ്പെടേണ്ടിവരുന്നത്.

മാതാപിതാക്കൾക്ക് ഉത്തമ മാതൃക പരി.മറിയമാണ്. പരസ്യജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുന്ന മകനെ അമ്മ മേരിക്ക് പലവിധ കാരണങ്ങൾ പറഞ്ഞുവിടാതിരിക്കാമായിരുന്നു. അമ്മയ്ക്ക് ഇനി ആരാണുള്ളത്. പോവല്ലെ എന്നൊക്കെ പറഞ്ഞ് മകനെ മേരിയുടെ സ്വന്തമാക്കി നിറുത്താമായിരുന്നു ഒരിടത്തേക്കും പറഞ്ഞ് വിടാതെ. എന്നിട്ടും അവൾ അവനെ സ്വന്തമാക്കാതെ ലോകത്തിനായി സമ്മാനിച്ചു. അവന്റെ ദാരുണമരണത്തിന് സാക്ഷിയാകുമ്പോഴും അവളുടെ മനസ്സിൽ നിറഞ്ഞ ചിന്ത ഒരിക്കലും സ്വാർത്ഥമായ സ്നേഹത്തിന്റെയോ സ്വന്തമാക്കലിന്റെയോ ആയിരുന്നില്ല.

മക്കൾക്കുവേണ്ടി മിഴിനീരോടെ പ്രാർത്ഥിക്കാനും അവർക്കുവേണ്ടി ത്യാഗം സഹിക്കാനും സന്നദ്ധത പ്രകടിപ്പിക്കുമ്പോഴാണ് മക്കൾ വിശുദ്ധരാവുക. ത്യാഗം ചെയ്തു മകനുവേണ്ടി പ്രാർത്ഥിച്ചപ്പോൾ അവൻ വിശുദ്ധനായ വൈദീകനായെന്ന് ഒരമ്മ സ്നേഹപൂർവ്വം പങ്കുവച്ചതോർക്കുന്നു. മകൻ സെമിനാരിയിൽ ചേർന്ന ദിവസം മുതൽ തിരുപ്പട്ട സ്വീകരണ ദിവസം വരെ ഈ മാതാപിതാക്കൾ അവരുടെ എല്ലാ ഇഷ്ടങ്ങളും ബലി കഴിച്ച് ത്യാഗം ചെയ്ത് പ്രാർത്ഥിച്ചു. ആ ത്യാഗസന്നദ്ധതയുടെ പ്രതിഫലനമാണ് തിരുപട്ടത്തിലൂടെ ആ മകന് കരഗതമായത്.

മക്കളെ വിശുദ്ധരാക്കി നാടിനും സമൂഹത്തിനും നൽകാൻ ബാധ്യതയുള്ളവരാണ് മാതാപിതാക്കളെന്ന തിരിച്ചറിവിലേക്ക് ഓരോ മാതാപിതാക്കളും മാറുമ്പോൾ കുടുംബങ്ങൾ തിരുകുടുംബങ്ങളാവും.

# വചനജ്വാല

2019 ജനുവരി മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# ഉയരാം ഒരു മനമായ്...

### 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

### 2. സ്വാഗതം: കുടുംബനാഥൻ/നാഥ

### 3. ആമുഖം

ആമുഖം: നമ്മുടെ ബി.സി.സി. യൂണിറ്റുകളിലും ഇടവകകളിലും വരുന്ന രണ്ട് വർഷത്തേക്കുവേണ്ടിയുള്ള പുതിയ നേതൃത്വത്തെ തെരഞ്ഞെടുത്തിരിക്കുകയാണ്. അവർ ദൈവനാമത്തിൽ ദൈവജനം മുമ്പാകെ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്തം ഇടവക വികാരിയോടു ചേർന്നു നിന്നുകൊണ്ട് സഭാ നിയമങ്ങൾക്കും ദൈവകല്പനകൾക്കും അനുസൃതമായി വിശ്വസ്തതയോടെ ചെയ്യാമെന്നു പ്രതിജ്ഞ ചെയ്തിരിക്കുകയാണ്. പുതുതായി ചുമതലയേറ്റിരിക്കുന്ന എല്ലാ ഭാരവാഹികൾക്കും ശുശ്രൂഷകർക്കും അഭിനന്ദനം അറിയിക്കുന്നതിനോടൊപ്പം നമ്മുടെ പൂർണ്ണമായ സഹകരണവും പിന്തുണയും അവർക്ക് ഉറപ്പു നൽകാം.

കഴിഞ്ഞ രണ്ടുവർഷക്കാലം നമ്മുടെ യൂണിറ്റിനെ നയിച്ചവർക്കും വിവിധ ശുശ്രൂഷകളുടെ ഭാഗമായി സേവനമനുഷ്ഠിച്ചവർക്കും ഇടവക കൗൺസിൽ, ധനകാര്യസമിതി അംഗങ്ങൾക്കും ദൈവനാമത്തിൽ കൃതജ്ഞതയർപ്പിക്കാം. ജനുവരി മാസം പുതിയൊരു വർഷപ്പിറവിക്കുകൂടി നാം സാക്ഷ്യം വഹിക്കുകയാണ്. അതിനാൽ 2018 ൽ ദൈവം നമ്മുടെ കുടുംബങ്ങൾക്കും കുടുംബകൂട്ടായ്മയ്ക്കും ഇടവക കുടുംബത്തിനും നൽകിയ എല്ലാ കൃപകളെ ഓർത്ത് ദൈവപിതാവിന് നന്ദിയർപ്പിക്കാം. ഒപ്പം പുതിയ വർഷത്തിൽ ദൈവപരിപാലനയിൽ കൂടുതൽ ആശ്രയിച്ചുകൊണ്ട് പരസ്പരമുള്ള കൂട്ടായ്മയിലും ശുശ്രൂഷാ പ്രവർത്തനങ്ങളിലും താല്പര്യപൂർവ്വം പങ്കുചേരുവാനും വിശ്വാസത്തിൽ ആഴപ്പെടുവാനുള്ള കൃപയ്ക്കായ് പ്രാർത്ഥിക്കാം.

### 4. യേശുവിനെ ക്ഷണിക്കൽ

എല്ലാ കൃപാവരങ്ങളുടെയും ഉറവിടവും കഴിഞ്ഞ രണ്ടുവർഷമായി യൂണിറ്റ് ഭാരവാഹികളിലൂടെയും ശുശ്രൂഷാ പ്രതിനിധികളിലൂടെയും നമ്മുടെ കൂട്ടായ്മയെ നയിച്ച യേശുവിനെ നമ്മുടേതായ വാക്കുകളിൽ നമ്മുടെ മധ്യേ നമുക്ക് ക്ഷണിക്കാം.

### 5. വചനഗീതി

### 6. ദൈവവചന പാരായണം

**ലൂക്കാ 17:11-19.**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

### 7. വചനവിചിന്തനം

ആമുഖത്തിൽ നാം ശ്രവിച്ചതുപോലെ ദൈവം നേരിട്ടും, തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരിലൂടെയും, അനുദിനം ചൊരിഞ്ഞു കൊണ്ടിരിക്കുന്ന കൃപാവരങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അനുസ്മരിപ്പിക്കുകയും ബോധ്യ

പ്പെടുത്തുകയും ചെയ്യുന്ന ദൈവവചനഭാഗമാണ് നാമിപ്പോൾ ശ്രവിച്ചത്. ഈ വചനഭാഗം ശ്രദ്ധാപൂർവ്വം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ നമ്മുടെ അനുദിന ജീവിതചര്യകളും മനോഭാവങ്ങളും ബന്ധങ്ങളും മെച്ചപ്പെടുത്തുവാൻ സഹായകരമായ നല്ല ഉൾക്കാഴ്ചകൾ നമുക്ക് ലഭിക്കുന്നു.

i. ഇന്നത്തെ സുവിശേഷഭാഗത്തിൽ യാത്രികനായ യേശുവിന്റെ ലക്ഷ്യസ്ഥാനം ജറുസലേമാണെന്ന് മനസിലാക്കാം. ഈ യാത്രാമധ്യേയാണ് യേശു സമരിയാക്കും ഗലീലിയ്ക്കും ഇടയിലൂടെ കടന്നുപോകുന്നത്. തിരസ്ക്കരിപ്പെട്ടവരുടെ ഇടയിലൂടെയുള്ള യേശുവിന്റെ യാത്രയാണിത്. സമരിയാ വിജാതീയരുടെ പട്ടണമാണ്. സ്വജാതീയരാൽ യഹൂദരാൽ മാറ്റിനിർത്തപ്പെട്ടവർ, തിരസ്ക്കരിക്കപ്പെട്ടവരാണ് വിജാതീയർ. നമ്മുടെ യാത്രയിലും ഒറ്റപ്പെട്ടവരെ, തിരസ്ക്കരിക്കപ്പെട്ടവരെ കണ്ടുമുട്ടാം. യേശുവിനെപോലെ അനുഭാവപൂർവ്വം അവരെയും നമ്മുടെ ശുശ്രൂഷയുടെ ഭാഗമാക്കണം എന്ന് ഈ വചനഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നു.

ii. അകലെ നിന്നിരുന്ന പത്തു കുഷ്ടരോഗികൾ യേശുവിനെ കണ്ടു. യേശുവിന്റെ വഴിയിൽ നിന്നും വളരെ അകലത്തിലായിരുന്നിട്ടും കുഷ്ഠരോഗികൾക്ക് വിശ്വാസത്തിന്റെ ഉൾവെളിച്ചത്തിൽ രക്ഷകനെ, ആശ്വാസദായകനും സൗഖ്യദാതവുമായ യേശുവിനെ കാണുവാൻ കഴിഞ്ഞു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും "കുഷ്ഠം" പോലുള്ള നമ്മുടേതല്ലാത്ത കാരണങ്ങളാൽ, പരിമിതികളാൽ മാറ്റിനിർത്തപ്പെട്ടാലും വിശ്വാസമുണ്ടെങ്കിൽ യേശുവിനെ നമുക്കും അവന് നമ്മെയും നമ്മുടെ ആവശ്യങ്ങളും കാണാനും അറിയുവാനും സാധിക്കും എന്നു സാരം.

iii. കുഷ്ഠരോഗികൾക്ക് തങ്ങളുടെ പരിമിതികളെയും സമൂഹം സൃഷ്ടിച്ചിരിക്കുന്ന വിലക്കുകളെയും കുറിച്ച് വ്യക്തമായ അവബോധമുണ്ട്. തങ്ങൾ കുഷ്ഠരോഗികളാണെന്ന് അംഗീകരിക്കുന്നതുകൊണ്ടാണ് യേശുവിന്റെ കരുണയ്ക്കായ്, സൗഖ്യത്തിനായ് അപേക്ഷിക്കുന്നത്. യേശുവിന്റെ ഇടപെടലും സൗഖ്യവും ആവശ്യമുള്ള നമ്മൾ നമ്മുടെ പരിമിതികൾ ഏറ്റുപറയുകയും അവിടുത്തെ അനുകമ്പാർദ്രമായ സൗഖ്യത്തിനുവേണ്ടി വിനയത്തോടെ വിളിച്ചപേക്ഷിക്കുകയും ചെയ്യണം.

iv. വിശ്വാസത്തോടെ, അനുതാപത്തോടെ, വിനയത്തോടെ വിളിച്ചപേക്ഷിക്കുന്ന മക്കളെ അവിടുന്ന് തിരസ്ക്കരിക്കില്ല. നമ്മുടെ പ്രാർത്ഥന ഒരിക്കലും നിരർത്ഥകമോ നിഷ്ഫലമോ ആവില്ല. അതിന്റെ ഉദാത്തമായ തെളിവാണ് "യേശുവേ ഞങ്ങളിൽ കനിയണമേ" എന്ന് വിളിച്ചപേക്ഷിച്ച പത്തു കുഷ്ഠരോഗികളും സുഖം പ്രാപിക്കുന്നത്.

v. രോഗസൗഖ്യ പ്രാപിച്ച പത്തു പേരിൽ ഒരുവൻ തിരികെ വന്നു യേശുവിന് നന്ദി പറഞ്ഞു. ഈ തിരുവചനഭാഗം ഇന്നത്തെ പ്രാർത്ഥനയ്ക്കും വിചിന്തനത്തിനും തെരഞ്ഞെടുത്തതിന്റെ പ്രധാന കാരണം ലഭിച്ചകൃപയെ, സൗഖ്യത്തെ തിരികെവന്ന് നന്ദിപറയുന്ന മനുഷ്യന്റെ വികാരമാണ്. ഇന്നത്തെ കൂട്ടായ്മയോഗത്തിൽ ആമുഖത്തിൽ ശ്രവിച്ചതുപോലെ നന്ദിപറയുവാനുള്ള കാരണം പലതാണ്. 2018-ാമാണ്ടിൽ ദൈവം ചൊരിഞ്ഞ കൃപകൾ, സൗഖ്യം, സമാധാനം, സംരക്ഷണം.... ഒപ്പം കഴിഞ്ഞ 2 വർഷമായി ദൈവനാമത്തിൽ നമ്മെ ശുശ്രൂഷിച്ച ഭാരവാഹികൾ. അവരെ ഓർത്ത് നന്ദിപ്രകടിപ്പിക്കുന്നത് വലിയ പ്രാർത്ഥനയാണ്.

vi. "പത്തുപേരല്ലെ സുഖപ്പെട്ടത്? ബാക്കി ഒൻപതുപേർ എവിടെ?" യേശുവിന്റെ ഈ ചോദ്യം ഇവിടെയിരിക്കുന്ന നമ്മുടെ പലരുടെയും നേർക്കുള്ള ചോദ്യമാണ് - ഒരു ഓർമ്മപ്പെടുത്തലും. ലഭിച്ച കൃപകളെയും അനുഗ്രഹങ്ങളെയും ഓർത്ത് നന്ദിപറയാതിരുന്ന എത്രയോ അവസരങ്ങൾ. നിർണ്ണായകമായ സാഹചര്യങ്ങളിൽ ഉപകാരികളായിത്തീർന്നവരെ വിസ്മരിച്ച സന്ദർഭങ്ങൾ. മാത്രമല്ല നന്ദിവാക്ക് പറയുന്നതിനുപകരം അവരുടെ കുറവുകൾ മാത്രം പെരുപ്പിച്ച് കാണിച്ച് കുറ്റപ്പെടുത്തിയ, ഒറ്റപ്പെടുത്തിയ, തള്ളിപ്പറഞ്ഞ, മുറിപ്പെടുത്തിയ നിമിഷങ്ങൾ... എല്ലാം ഒരു ഓർമ്മപ്പെടുത്തലാണ്.

vii. കൃതജ്ഞത പ്രകാശിപ്പിച്ച വിജാതിയനോട് യേശു പറഞ്ഞു "എഴുന്നേറ്റു പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു." വിശ്വാസമുള്ള ഒരാൾക്കേ കൃതജ്ഞത പ്രദർശിപ്പിക്കാനാവൂ. പലപ്പോഴും നാം നന്ദിയില്ലാത്തവരായി വർത്തിക്കുന്നുവെങ്കിൽ വിശ്വാസത്തിന്റെ അപര്യാപ്തതയും ആഴക്കുറവുമാണ് അതിനു കാരണം എന്നു മനസിലാക്കണം. നാം എന്തുമാത്രം നന്ദിയുള്ളവരാണ്, നമ്മുടെ വിശ്വാസം എത്രമാത്രം ആഴമുള്ളതും പക്വവുമാണെന്ന് വിലയിരുത്തുവാൻ ഈ തിരുവചനഭാഗം നമ്മെ ക്ഷണിക്കുന്നു.

## 8. ചർച്ച

a. നമ്മുടെ കുടുംബങ്ങളെയും കുടുംബകൂട്ടായ്മയെയും സംബന്ധിച്ചിടത്തോളം കഴിഞ്ഞവർഷം ദൈവത്തിൽ നിന്നും ലഭിച്ച മൂന്ന് കൃപകളെ/കാര്യങ്ങളെ ഓർത്ത് നന്ദിപറയാമോ?

b. കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ നമ്മുടെ യൂണിറ്റ് ഭാരവാഹികളിലൂടെയും ശുശ്രൂഷാ പ്രതിനിധികളിലൂടെയും ലഭിച്ച പ്രധാന സഹായങ്ങൾ, വളർച്ചയുടെ മുഹൂർത്തങ്ങൾ ഏറ്റുപറയുക.

c. ഈ പുതിയ വർഷത്തിൽ നമ്മുടെ കുടുംബങ്ങളിലെ, യൂണിറ്റിലെ വിശ്വാസം ആഴപ്പെടുവാൻ നമുക്ക് ചെയ്യാവുന്ന രണ്ട് കാര്യങ്ങൾ തീരുമാനിക്കുക.

## 9. റിപ്പോർട്ട്.

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

കഴിഞ്ഞ ഒരുവർഷക്കാലം ദൈവം നമ്മിൽ ചൊരിഞ്ഞ നന്മകളെയും അനുഗ്രഹങ്ങളെയും ഓർത്ത് നന്ദിപറയുകയും കഴിഞ്ഞ രണ്ടുവർഷക്കാലം നമ്മുടെ യൂണിറ്റിനെ, ഇടവകയെ സേവിച്ച ഭാരവാഹികളെയും പുതുതായി തെരഞ്ഞെടുക്കപ്പെട്ടവരെയും ദൈവപരിപാലനക്കായ് സമർപ്പിച്ചുകൊണ്ട് അവിടുത്തെ തിരുവിഷ്ടപ്രകാരം നമ്മുടെ യൂണിറ്റിനെയും ഇടവകയെയും നയിക്കുവാനുള്ള കൃപാവരത്തിനായി നമുക്കു പ്രാർത്ഥിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**

# ഇളം തൂവൽ




**1996** ജൂൺ മാസം 3-ാം തിയതി നെപ്പോളിയൻ ഗോമസ് അച്ചന്റെ നേതൃത്വത്തിൽ നഴ്സറി സ്കൂൾ ആരംഭിക്കുകയും, തുടർന്ന് ജൂൺ 22-ാം തിയതി തിരുവനന്തപുരം രൂപത അധ്യക്ഷൻ അഭിവന്ദ്യ സൂസപാക്യം പിതാവ് സ്കൂൾ കെട്ടിടം ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. 22 വർഷത്തിലേറെയായി ഈ സ്കൂൾ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു.

1996-1997 ൽ 50 കുട്ടികളുമായി തുടങ്ങിയ എൽകെജി ക്ലാസ് കാലക്രമേണ മാതാപിതാക്കളുടെയും, നാട്ടുകാരുടെയും ആവശ്യാനുസരണം പ്രൈമറി സ്കൂളായി പ്രവർത്തിച്ചുതുടങ്ങി. ആദ്യ അധ്യയന വർഷത്തിൽ ഒരു പ്രഥമ അധ്യാപികയും ഒരു ടീച്ചറും ഒരു ആയയും സേവനം അനുഷ്ഠിച്ചിരുന്നു.

അടുത്ത അധ്യായനവർഷങ്ങളിൽ സ്കൂളിൽ കുട്ടികൾക്ക് യൂണിഫോം നിർബന്ധമാക്കുകയും, ഉച്ചഭക്ഷണം നൽകുകയും ചെയ്തു. കൂടാതെ കുട്ടികളുടെ കലാവാസനകൾ വർധിപ്പിക്കുന്നതിനായി ഡാൻസ് ക്ലാസ് ആരംഭിക്കുകയും ചെയ്തു. തുടർന്ന് സ്കൂൾ വികസിപ്പിക്കുന്നതിനുവേണ്ടി 2001-02 ഒരു കെട്ടിടം പണി കഴിപ്പിച്ചു. ആ അധ്യായനവർഷം 70 കുട്ടികൾ വിദ്യ അഭ്യസിച്ചിരുന്നു. 2002-2003 അധ്യായനവർഷത്തിൽ രണ്ടാംക്ലാസ് ആരംഭിച്ചു. മതസൗഹാർദ്ദം നിലനിർത്തുന്നതിനുവേണ്ടി



ഈ വർഷം മുതൽ പ്രത്യേക ദിനാഘോഷങ്ങൾ നടത്തിവന്നു. ആ വർഷം മുതൽ മത്സര പരിക്ഷകൾ നടത്തി കുട്ടികൾക്ക് റാങ്ക് ഏർപ്പെടുത്തി.

നിലവിൽ 100 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നു. 9 അധ്യാപകരും 2 അനധ്യാപകരും 2 ജീവനക്കാരും ഈ സ്കൂളിനെ ആശ്രയിക്കുന്നു.

ഇടത്തരം കുടുംബങ്ങളിൽ നിന്നുവരുന്ന പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തെ ലക്ഷ്യമാക്കി ജാതിമത ഭേദമന്യേ എല്ലാവരുമായി ക്രിസ്തുരാജാ ദേവാലയത്തിന്റെ കീഴിൽ പഠനം നടത്തിവരുന്നു. വളരെ തുച്ഛമായ ഫീസ് വാങ്ങിക്കൊണ്ട് നടത്തിവരുന്ന ഒരു സ്ഥാപനമാണിത്. അർപ്പണ മനോഭാവമുള്ള അധ്യാപകരാണ് ഇവിടെ ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. ഇവിടെ തുടർ പഠനത്തിന് സൗകര്യം ഇല്ലാത്ത





തുകൊണ്ട് വളരെ ദുഃഖത്തോടെയാണ് മറ്റ് സ്കൂളിലേക്ക് കുട്ടികൾ പോകുന്നത്. ഇവിടെ പഠിച്ചിരുന്ന കുട്ടികൾ മറ്റു കുട്ടികളുമായി താരതമ്യം ചെയ്യുമ്പോൾ മികച്ച പഠന നിലവാരമാണ് പ്രകടമാക്കുന്നത്.

ഈ സ്കൂളിൽ ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉണ്ട്. ഓഫീസ് റൂം, ക്ലാസ് മുറികൾ, കംപ്യൂട്ടർ സൗകര്യം, വാഹന സൗകര്യം, കളിസ്ഥലം, വെള്ളം, അടുക്കള, ടോയ്‌ലറ്റ് എന്നിവയെല്ലാം ഉണ്ട്. എല്ലാ അധ്യയന വർഷങ്ങളിലും പിറ്റിഎ മീറ്റിംഗുകൾ വിളിച്ചുകൂട്ടാറുണ്ട്. സ്കൂൾ തുടങ്ങിയതുമുതൽ ഇന്നേവരെയും മാനേജുമെന്റും, പിറ്റിഎയും ഇടവകയും പൂർണ സഹകരണം നൽകിവരുന്നു. ●



ജെ.സി



# ശബരിമല ഉയർത്തുന്ന വെല്ലുവിളി

മതങ്ങളുടെ ജീർണ്ണതയാണ് ഈ കാലഘട്ടം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന്. എല്ലാ മതങ്ങളിലും ഒരു ജീർണ്ണത നാം കാണുന്നുണ്ട്. കൂടിയും കുറഞ്ഞുമിരിക്കുന്നുവെന്നുമാത്രം. ഈ ജീർണ്ണത മതങ്ങൾ നേരിടുന്ന ആന്തരിക പ്രതിസന്ധിയാണ്. മതങ്ങൾ രാഷ്ട്രീവൽക്കരിക്കപ്പെടുന്നതിന്റെ ഏറ്റവും നല്ല ഉദാഹരണം 'ശബരിമല പ്രശ്നം' തന്നെയാണ്. യുവതി പ്രശ്നത്തിൽ നിന്ന് ആരംഭിച്ചുവെങ്കിലും ഇന്നത് കേരളത്തിലെ മൂന്ന് മുന്നണികളും അവരുടെ രാഷ്ട്രീയ മുതലെടുപ്പിനുള്ള തന്ത്രമായി വികസിപ്പിച്ചെടുക്കുകയാണ്. അടുത്തുവരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ട് മെനഞ്ഞെടുക്കുന്ന ഈ തന്ത്രങ്ങളിൽ ഏറ്റവും കൂടുതൽ നേട്ടം കൈവരിക്കാൻ പോകുന്നത് ഹിന്ദുത്വത്തിന്റെ വക്താക്കളായിരിക്കും. 'അയോധ്യാ പ്രശ്നം' ഈ നാളുകളിൽ സൃഷ്ടിച്ച മതതീവ്രവാദത്തിന്റെ കേരളപതിപ്പാക്കി 'ശബരിമലവിഷയത്തെ' മാറ്റാനുള്ള ശ്രമമാണിത്. ഇത് ഹൈന്ദവമതത്തിന്റെ പ്രശ്നമല്ല. ന്യൂനപക്ഷമതങ്ങളുടെ പ്രശ്നംകൂടിയാണ്. ഇതിലൂടെ മതങ്ങൾ വർഗീയവൽക്കരിക്കപ്പെടുന്നു. കൂടാതെ ഇതര മതങ്ങളോടുള്ള സഹിഷ്ണുത നഷ്ടമാകുന്നു.

ഓരോ മതവും പരമ്പരാഗതമായി പല അനുഷ്ഠാനങ്ങളും ആചാരങ്ങളും നിയമങ്ങളും പുലർത്തി പോരുന്നുണ്ട്. പഴയനിയമത്തിൽ തന്നെ പ്രവാചകന്മാർ ഈ അനുഷ്ഠാനങ്ങളെ ശക്തമായി വിമർശിക്കുന്നുമുണ്ട്. ദൈവവിശ്വാസത്തിന്റെ ലക്ഷ്യമല്ല, ആചാര അനുഷ്ഠാനങ്ങൾ മാർഗമാണ്. ലക്ഷ്യത്തിലേക്ക് നയിക്കാത്ത അനുഷ്ഠാനങ്ങൾ നിരർത്ഥകമാണ്. അതുപോലെ ആചാരങ്ങൾ കാലത്തിന് അനുസരിച്ചുള്ള മാറ്റങ്ങൾക്ക് വിധേയമാകും. നിയമങ്ങളും കാലത്തിനനുസരിച്ച് വ്യാഖ്യാനിക്കാനാവണം. നിയമങ്ങളെയോ പ്രവാചകന്മാരെയോ ഇല്ലാതാക്കനല്ല പൂർണമാക്കാനാണ് ഞാൻ വന്നിരിക്കുന്നത് എന്ന വചനം ഇവിടെ പ്രസക്തമാണ്.

മതങ്ങൾ ശരിക്കും ഈ കാലഘട്ടത്തിൽ യഥാർത്ഥദൈവത്തിൽ നിന്ന് അകലുകയാണ്. മതത്തിൽ നിന്ന് ആത്മീയതയിലേക്കുള്ള വളർച്ചയാണ് ഇന്നിന്റെ ആവശ്യം. മതങ്ങൾ പലതാണ്. ആത്മീയത ഒന്നേയുള്ളൂ. അത് മതത്തിന് അതീതമാണ്. യേശുവിന്റെ ദൈവദർശനം തന്നെ നോക്കൂ. ദൈവം പിതാവും നാം ദൈവമക്കളും പരസ്പരം സഹോദരങ്ങളുമായി മാറണം എന്ന ചിന്ത തന്നെ ഇതിനടിസ്ഥാനം. യേശുവിന്റെ ദൈവരാജ്യദർശനം മതത്തിനതീതമാണ്. അതുകൊണ്ടുതന്നെ ഈയർത്ഥത്തിൽ യേശു ഒരുമതസ്ഥാപകനേയല്ല. ക്രിസ്തുസ്ഥാപിച്ചത് സഭയാണ്. സഭ എല്ലാ മതങ്ങളെയും ഉൾക്കൊള്ളുകയും വേണം. മതത്തിൽ നിന്ന് ആത്മീയതയിലേക്ക് നാം വളരണം. മതം എന്തു ചെയ്യണം എന്ത് ചെയ്യരുത് എന്നുപറഞ്ഞുതരുന്നു. ആത്മീയത മനസ്സിന്റെ ആന്തിരക സ്വരം കേൾക്കാൻ ആവശ്യപ്പെടുന്നു. മതം മാനുഷികമാണ്. നിയമങ്ങൾ മനുഷ്യനിർമ്മിതമാണ്. ആത്മീയത ദൈവികമാണ്. മനുഷ്യനിയമങ്ങൾക്ക് അതീതമാണ്. മതം മനുഷ്യനെ ഭിന്നിപ്പിക്കുന്നു. ആത്മീയത മനുഷ്യനെ ഒന്നിപ്പിക്കുന്നു. മതം കഴിഞ്ഞതിലും വരാൻ പോകുന്നതിലും ജീവിക്കുന്നു. ആത്മീയത വർത്തമാന അനുഭവമാണ്. മതത്തിന് അതീതമായ ആത്മീയതയാണ് കാലഘട്ടത്തിന്റെ ആവശ്യം. ■

# WE HAVE EXPANDED TO SERVE YOU BETTER.

Helpline
0471 2579900



Ananthapuri Hospitals and Research Institute, an NABH accredited hospital, since its inception in 2005 has played a pivotal role in shaping the tertiary care in the private health sector scenario in Kerala.

Conceived in the beginning as a premier centre for Neurosciences / Cardiology, Trauma and Critical care the last decade saw AHRI expand itself into a world class tertiary care centre with 38 fully functioning departments.

We are now entering into a new phase of our evolution as a Quaternary referral centre.

## GENERAL HIGHLIGHTS

- Multi speciality hospital with state of the art facilities ensuring quality health care delivery
- Adjacent to Trivandrum international airport
- Centre of excellence in neurosurgery and cardiology
- Referral centre for patients across the country and abroad
- Centre of academic excellence with national board accredited post graduate training programs
- Global institute of Public Health (GIPH) a new age public health teaching and research initiative

## EXTENDED HIGHLIGHTS

- (24 x 7) Accident & Trauma Care
- Renowned critical care team with 13 ICU's and 115 beds
- 30 bedded NICU-PICU complex ● 10 high tech surgical suites with laminar airflow
- Kidney transplantation ● High risk obstetric care and fertility clinic
- First centre in South Kerala with interventional Endoscopic Ultra Sonography (EUS)
- Laser therapy for kidney stones

**Ananthapuri Hospitals**
**AND RESEARCH INSTITUTE**

Chakka NH Bypass, Thiruvananthapuram-24, Kerala, P: 0471 2579900
ananthapurihri@vsnl.net, ahri@ahri.in | www.ananthapurihospitals.com

Total Page 60

Pub. Date : 01.12.2018

RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at St.Joseph's Press, Tvm 0471-2327671, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto